2011
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ഫെബ്രുവരി M A L A N K A R A S A B H A
Rs. 15





# ജനിതക വിളകളും ചില ചിന്തകളും

പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ 77-ാം ഓർമ്മ
ഫെബ്രു. 22, 23 (പഴയ സെമിനാരിയിൽ)

# റാസൽഖൈമ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയം (യു.എ.ഇ.)

# കൂദാശയുടെ പൊൻപ്രഭയിൽ





പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവാ



പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ



അഭി. ഡോ. ഏബ്രഹാം മാർ സെറാഫിം (ബാംഗ്ലൂർ ഭദ്രാസനം)

റാസൽഖൈമയിൽ പുതിയ ദേവാലയത്തിന്റെയും പാഴ്സനേജിന്റെയും കൂദാശ ഫെബ്രു. 17, 18 വ്യാഴ്യം, വെള്ളി തീയികളിൽ നടക്കുന്നു. റാസൽഖൈമയിൽ ജസ്സീറയിൽ ഗവണ്മെന്റ് ദാനമായി നൽകിയ ഒന്നര ഏക്കറിലാണ് ഓർത്തഡോക്സ് വിശ്വാസികളുടെ ചിരകാലാഭിലാഷമായിരുന്ന മനോഹര ദേവാലയം പണിതിരിക്കുന്നത്. 70കളുടെ ആദ്യപാതത്തിൽ ഇവിടെ എത്തിയ വിശ്വാസികളുടെ പ്രാർത്ഥനായോഗം പിന്നീട് കോൺഗ്രിഗേഷനായും ഇടവകയായും രൂപം കൊണ്ടു. ആദ്യം ദില്ലി ഭദ്രാസനത്തിലും ഇപ്പോൾ ബാംഗ്ലൂർ ഭദ്രാസനത്തിലുമാണ് ഇടവക. 2008 ഡിസം. 26–ന് പരിശുദ്ധ കാതോലിക്കാ ബാവാ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വാഴ്ത്തി അനുഗ്രഹിച്ച അടിസ്ഥാന ശില അഭി. കുറിയാക്കോസ് മാർ ക്ലമ്മീസ് തിരുമനസ്സുകൊണ്ട് പ്രതിഷ്ഠിച്ച് ദേവാലയ നിർമ്മാണത്തിന് തുടക്കം കുറിച്ചു. യു.എ.എ.യിലെ മറ്റ് ഇടവകകളുടെയും അനേകം വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സഹായസഹകരണങ്ങൾ നിർമ്മാണത്തിന് തുണയായി. ഏകദേശം രണ്ടര മില്യൻ ദിർഹം ചിലവായിട്ടുണ്ട്. പ്രവാസ ഭൂമിയിലെ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള മലങ്കരയുടെ ഏകദേവാലയമാണ്. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയന്റെ പ്രധാന കാർമ്മികത്വത്തിൽ അഭി. ഏബ്രഹാം മാർ സെറാഫിം, അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ്, അഭി. ഏബ്രഹാം മാർ എപ്പിഫാനിയോസ്, യൂഹാനോൻ മാർ ദിമത്രയോസ് എന്നിവർ സഹകാർമ്മികരാകുന്നു. പരിശുദ്ധ ബാവാ തിരുമേനിക്ക് പൗരസ്വീകരണവും കൂദാശാ സ്മരണിക വെബ്സൈറ്റ് എന്നിവയുടെ പ്രകാശനവും ഇതിനോടൊപ്പമുണ്ട്. ഫാ. മനോജ് എൻ രാജൻ (വികാരി) പ്രസിഡന്റായും, കുഞ്ഞുമ്മൻ മാത്യു (ട്രസ്റ്റി) , പോൾ വർഗീസ് (സെക്രട്ടറി) ബേബി തങ്കച്ചൻ, സന്തോഷ് പള്ളിക്കൽ, സ്റ്റാൻലി തോംസൺ, സണ്ണി വർഗീസ്, കോശി തോമസ്, മാത്യു ഫിലിപ്പ്, ജോബ് ഐക്കരതുണ്ടിയിൽ രാജേഷ് ഫിലിപ്പ് ജെറി ജോൺ, മനോജ് ഏബ്രഹാം കെ. പി. സ്റ്റീഫൻ, കെ.എസ്. അലക്സാണ്ടർ എന്നിവർ വിവിധ കമ്മറ്റികളിൽ പ്രവർത്തിക്കുന്നു.



വികാരി
ഫാ. മനോജ് എൻ രാജൻ

ലക്കം 2,
പുസ്തകം 68
ഫെബ്രുവരി 2011



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234

## അകത്താളുകൾ

CONTENTS

GM Crops **8** ജനിതക വിളകളും....
-ആശാ ജേക്കബ്, ആയൂർ

Guest **23** ക്രിസ്തുവിന് ഒരു....
റൈറ്റ്. റവ. തോമസ് സാമുവൽ

From Our Church **24** ഗുരുക്കന്മാരുടെ ഗുരു
പ്രൊഫ. നൈനാൻ ഏബ്രഹാം

**6** എഡിറ്റോറിയൽ
ഇരുളും വെളിച്ചവും
- ഡോ. സഖറിയ മാർ അപ്രേം

**5** മഹാപുരോഹിത സന്ദേശം

**30** ചരിത്ര ലേഖനം
പരീശന്മാരുടെ ഓർത്തഡോക്സി
പ.. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ

**10** GM Crops
ദൈവമേ അന്നന്നുള്ള ആഹാരം...
- ഡോ. സജി യോഹന്നാൻ, നല്ലില

**13** Saint
മലങ്കരയുടെ പരിശുദ്ധ...
- ഫാ. ഡോ. ജേക്കബ് കുര്യൻ

**16** Mission
സുവിശേഷത്തിന്റെ മധുരപരിമളം...
- ഫാ.ഡോ. ബിജേഷ് ഫിലിപ്പ്


**46** Youth
Expect Less than Others
- ഫാ. വിൽസൺ മാത്യു, ബേസിൽ ദയറ

**19** Democracy
അധികാര വികേന്ദ്രീകരണം...
- കെ. ജി. ജോർജ്, കൈപ്പട്ടൂർ

### സ്ഥിരം പംക്തികൾ

ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, വിശ്വാസപാഠം, വനിതാസഭ, ബുദ്ധിമാൻ, യുവജനം, സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ





മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

*പ്രസിഡന്റ്*
സഖറിയ മാർ അന്തോനിയോസ്
Phone: 0474 - 2743535

*ചീഫ് എഡിറ്റർ*
ഡോ. സഖറിയ മാർ അപ്രേം
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*ഓഫീസ് മാനേജർ*
ഫാ. അലക്സി മാത്യൂസ്
Mob:- 9946668911

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

***Cover Design & Layout:-***
Jinto Kurichy at
**M.S. Graphics, Devalokam.**

EDITORIAL BOARD

**വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | |
| ഒറ്റ പ്രതി | : 15 രൂപ |
| ഒരു വർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| വിദേശത്തേക്ക് | |
| ഒരു വർഷം | : 1500 രൂപ |

## ലളിതം മധുരം

**സഖറിയാ മാർ അന്തോനിയോസ്**
**(പ്രസിഡന്റ്, മലങ്കരസഭ)**



# സഹയാത്രികനില്ലാത്ത സ്വർഗ്ഗം

യുധിഷ്ഠിര മഹാരാജാവിന്റെ അന്ത്യനാളുകൾ...

ഒരു വലിയ യുദ്ധവും, നഷ്ടവും സമ്മാനിച്ച ആകുലതകളിൽ അദ്ദേഹം വിഷാദം പൂണ്ട് സഞ്ചരിക്കുകയാണ്. എവിടെ നിന്നെന്നറിയില്ല ഒരു നായയും അദ്ദേഹത്തിനു പിറകേ സദാ സഞ്ചരിക്കുന്നുണ്ട് തന്റെ പിറകേ വന്നു കൂടിയ ആ സാധു ജീവിയെ ദൂരെ അകറ്റാനൊന്നും യുധിഷ്ഠിരൻ തുനിഞ്ഞില്ല.

ഒരു പുരുഷായുസിലെ ദുരന്തങ്ങൾക്കൊടുവിൽ സ്വർഗ്ഗവാതിൽ വരെ പദയാത്ര ചെയ്യേണ്ടതുണ്ട്. യുധിഷ്ഠിരന്റെ ഈ ദുരിത കാലത്തിൽ അദ്ദേഹത്തിനടുത്തെത്തുവാനോ, നല്ല വാക്കുകൾ പറയാനുമോ ആരും ഉണ്ടായിരുന്നില്ല...

മഹാരാജാവും, നായയും മാത്രം... അവരങ്ങനെ യാത്ര തുടർന്നു... ഒടുവിൽ സ്വർഗ്ഗവാതിലിൽ യാത്ര അവസാനിച്ചു യുധിഷ്ഠിരനു മുമ്പിൽ സ്വർഗ്ഗം തുറക്കപ്പെട്ടു യുധിഷ്ഠിരൻ അകത്തു കടന്നു അല്പം കഴിഞ്ഞു തിരികെ നോക്കി... പിറകേ നായയില്ല... കാവൽക്കാരൻ തടഞ്ഞു വച്ചിരിക്കുന്നു. "ഇവിടെ നായകൾക്കു പ്രവേശനമില്ല..." മഹാരാജാവ് തിരികെ വന്നു സ്വർഗ്ഗവാതിലിൽ നിലയുറപ്പിച്ചു.

വാഗ്വാദങ്ങൾ ഒരുപാടുണ്ടായി

"യുദ്ധത്തിനു ശേഷം ഞാൻ അലഞ്ഞു നടന്നപ്പോൾ എന്നെ പിൻഗമിക്കാൻ ആരുമില്ലായിരുന്നു, ഈ ശുനകൻ ഒഴികെ..."

അവനില്ലാത്ത ഈ സ്വർഗ്ഗം എനിക്കു വേണ്ട
രാജാവ് പിൻവാങ്ങി
കാവൽക്കാരൻ സ്തബ്ധനായി...
ഒരു നായയ്ക്കു വേണ്ടി ഇത്ര പരിത്യാഗമോ?
കർണ്ണ കണ്ണിയാ വിവരം അറിയേണ്ടവരറിഞ്ഞു.
ഒടുവിൽ മഹാമനസിനു മുന്നിൽ
ശുനകനും സ്വർഗ്ഗവാതിൽ തുറക്കപ്പെട്ടു....

മനസ്സിന് സുഖം നൽകുന്ന ഒരേടാണിത്. കൂടെ നില്ക്കുന്നവരെ അവസാനം വരെ കരുതുന്നവർ എത്രയുണ്ട് എന്നന്വേഷിക്കുന്നില്ല. പക്ഷേ ഒരു നായയേപ്പോലെ ചവിട്ടിപ്പുറത്താക്കപ്പെടുന്നവരുണ്ട്. ഒരു നായക്കു വേണ്ടി സ്വർഗ്ഗം പോലും പരിത്യജിച്ച രാജാവ് ശ്രേഷ്ഠൻ തന്നെ. ചില സ്വർഗ്ഗീയാനുഭവങ്ങളിൽ കൂടെ നില്ക്കുന്നവരെ ചേർത്തു നിർത്താനുള്ള മനസ്സിനായി പ്രാർത്ഥിക്കുന്നു. ■

# മഹാപുരോഹിത സന്ദേശം



വാത്സല്യ മക്കളെ,

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുന്നവരാണ് മനുഷ്യർ. എല്ലാവരാലും സ്നേഹം നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് മനുഷ്യജീവതത്തിലെ ഏറ്റവും വലിയ ദുരന്തം. സ്നേഹനിരാസത്തിന്റെ ദുരിതം പേറി നരകതുല്യം ഈ ജന്മം ജീവിച്ചുതീർക്കുന്ന അസംഖ്യം മനുഷ്യരുടെ ദയനീയ ചിത്രം നമ്മെ വളരെ ചിന്തിപ്പിക്കുകയും അസ്വസ്ഥചിത്തനാക്കുകയും ചെയ്യുന്നു. ക്രൈസ്തവ കുടുംബങ്ങളിൽ പോലും സ്നേഹവും കരുതലും നിഷേധിക്കപ്പെടുന്ന വൃദ്ധരായ മാതാപിതാക്കൾ, ജന്മം കൊടുത്ത മാതാപിതാക്കന്മാരാൽ തന്നെ ജീവിതവും സ്നേഹവും നിരസിക്കപ്പെട്ട് അമ്മത്തൊട്ടിലുകളിൽ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുപൈതങ്ങൾ, ദാമ്പത്യ ജീവിതത്തിലെ സ്നേഹനിരാസത്തിന്റെ ഫലമായി ആത്മഹത്യ ചെയ്യുന്ന ദമ്പതികൾ, എന്നിങ്ങനെ എങ്ങും സ്നേഹമില്ലായ്മയുടെ പൈശാചിക ഭാവങ്ങൾ ഇന്ന് സംഹാരതാണ്ഡവമാടുകയാണ്.

ദൈവം സ്നേഹമാണെന്നുള്ള സുവിശേഷം നമ്മുടെ ഹൃദയങ്ങളെ തൊട്ടുണർത്തേണ്ടത് ഇന്ന് ആവശ്യമാണ്. സ്നേഹത്തിന്റെ സുവിശേഷമാണ് ബേത്‌ലഹേമും കാൽവറിയും നമ്മോട് പറയുന്നത്. ഒരുവനും നശിച്ചുപോകാതിരിക്കേണ്ടതിന് ലോകത്തെ സ്നേഹിച്ച് സ്വന്ത പുത്രനെ തന്ന ദൈവസ്നേഹം മഞ്ഞുപോലെ മനുഷ്യഹൃദയങ്ങളിൽ ഒന്ന് പെയ്തിറങ്ങിയിരുന്നെങ്കിൽ എന്ന് നാം ആശിച്ചുപോകുന്നു. ദൈവരാജ്യത്തിന്റെ സ്വഭാവം ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതശൈലിയാണ്. ദൈവത്തെ സ്നേഹിക്കുവാനും ദൈവത്താൽ സ്നേഹിക്കപ്പെടുവാനും കഴിയുന്ന ഒരു സമൂഹമായി ലോകത്തിൽ ആയിരിക്കുക എന്നതാണ് ക്രൈസ്തവ സമൂഹത്തിന്റെ പരമമായ ദൗത്യമെന്ന് നാം കരുതുന്നു. തമ്മിൽ തമ്മിൽ സ്നേഹിക്കുക എന്ന ക്രിസ്തുവിന്റെ സ്നേഹസുവിശേഷത്തെ സ്വജീവിതത്തിൽ അനുവർത്തിച്ചുകൊണ്ട് ദൈവസ്നേഹത്തെ ലോകത്തിൽ പ്രദർശിപ്പിക്കുവാൻ കഴിയുമ്പോഴാണ് പ. സഭ എന്ന നിലയിൽ നമുക്ക് ഉത്തമസാക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് നാം ഉറച്ച് വിശ്വസിക്കുന്നു.

ദൈവസ്നേഹിതനായ മഹാ പരിശുദ്ധൻ പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിലേക്ക് വി. മൂന്ന് നോമ്പിന്റെ ആത്മീയ അനുഭവത്തിലൂടെ പ്രവേശിക്കുവാൻ സഭയായി നാം ഒരുങ്ങുന്ന നാളുകളാണല്ലോ ഇത്. പ. പിതാവിന്റെ തീവ്രമായ ദൈവാനുഭവങ്ങളും സഭാ സ്നേഹവും നമ്മുടെ ജീവിതത്തിൽ പകർത്തുവാനും യഥാർത്ഥ ദൈവമക്കൾക്ക് അനുയോജ്യമായ രീതിയിൽ നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുവാനും പരിശുദ്ധന്റെ പെരുന്നാളും മൂന്ന് നോമ്പ് ആചരണവും മുഖാന്തിരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. ഭാഗ്യസ്മരണാർഹനായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ ഓർമ്മപ്പെരുന്നാൾ അനുഗ്രഹകരമായി ആചരിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കാം. പ. പിതാവ് സഭയുടെ ഉന്നമനത്തിനും പുരോഗതിക്കുമായി അഹോരാത്രം യത്നിക്കുകയും വ്യക്തി ജീവിതത്തിലെ ആത്മീയനിഷ്ഠകളിലൂടെ വിശുദ്ധിയിലേക്ക് ഉയരുകയും ചെയ്തു. സഭയെ നയിച്ച ഉത്തമരായ പ. പിതാക്കന്മാരുടെ ജീവിതവും മദ്ധ്യസ്ഥതയും നമുക്ക് കാവലും കോട്ടയും ആയിരിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**

from the DESK

എഡിറ്റോറിയൽ

Editorial



# ഇരുളും വെളിച്ചവും

പ്രപഞ്ച സൃഷ്ടി വിവരിക്കുന്ന വി. വേദപുസ്തകത്തിലെ 'ഉൽപ്പത്തി' ശ്രദ്ധേയമായ സൃഷ്ടികർമ്മത്തിനു സാക്ഷ്യം നൽകുന്ന വിവരണമാണ്; ''സന്ധ്യയായി ഉഷസായി, ഒന്നാം ദിവസം; സന്ധ്യയായി ഉഷസായി രണ്ടാം ദിവസം......... സന്ധ്യയായി ഉഷസായി ആറാം ദിവസം'' എന്ന വിധമുള്ള ശ്രദ്ധേയമായ ഈ വിവരണം പ്രപഞ്ചത്തിൽ നിറഞ്ഞുനിൽക്കുന്ന താളാത്മകതയെ സൂചിപ്പിക്കുന്നു. ഭാരതീയ വേദസാഹിത്യത്തിലും 'പ്രപഞ്ച താളം'(cosmic order) ശ്രദ്ധേയമായ ചിന്തയാണ്. അതായത് പ്രപഞ്ചത്തിന്റെ നിലനിൽപ് പരസ്പരബന്ധമുള്ള താളാത്മകരമായ ക്രമീകരണത്തിനനുസരണമാണെന്ന് സാരം. താളഭംഗം അനർത്ഥങ്ങൾക്ക് കാരണമാകുന്നു എന്ന് പണ്ഡിതർ പറഞ്ഞുവച്ചതും ഈ തിരിച്ചറിവ് മൂലമാണ്. ജൈവവൈവിധ്യത (bio-diversity) ഉൾപ്പെടെയുള്ള പ്രകൃതിയുടെ (സൃഷ്ടിയുടെ) സന്തുലിതാവസ്ഥ ഭൗതിക ശാസ്ത്രമണ്ഡലത്തിൽ മാത്രമല്ല, ദൈവ ശാസ്ത്ര മണ്ഡലത്തിലും പഠന–പ്രതിവാദന വിഷയമായിട്ട് ഏറെ നാളുകളുമായി (eco-theology, eco-spirituality എന്നീ പ്രയോഗങ്ങൾ ഉദാഹരണങ്ങൾ). പ്രകൃതി സംരക്ഷണവും, പ്രകൃതി സ്നേഹവുമെല്ലാം ആദ്ധ്യാത്മിക ചുമതലകളായി ഏറെക്കുറെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. പ്രകൃതിയുടെ സംതുലിതാവസ്ഥയെ തകിടം മറിക്കുന്ന, ജൈവ വൈവിധ്യതയെ തകർക്കുന്ന 'വികസന'ങ്ങൾക്ക് കാരണം അന്വേഷിച്ച് ഇറങ്ങിത്തിരിച്ചാൽ എത്തിച്ചേരുന്നത് സൃഷ്ടിവിവരണമുള്ള 'ഉൽപ്പത്തി'യുടെ ആദ്യ അദ്ധ്യായത്തിൽ തന്നെയാണ്. താളാത്മകമായി സൃഷ്ടികർമ്മം നിർവ്വഹിച്ച സർവ്വേശ്വരൻ ആദ്യദിനംതന്നെ വചനത്തിലൂടെ 'വെളിച്ചം' സൃഷ്ടിക്കുകയും, 'ഇരുളും വെളിച്ചവും' വേർതിരിക്കുകയും ചെയ്തു. 'വെളിച്ചത്തിന്റെ' പ്രഭവം സർവ്വശക്തന്റെ അന്തരംഗം തന്നെയായിരുന്നു; സന്ധ്യയും ഉഷസുമായി ഒന്നാം ദിനം പൂർത്തീകരിക്കപ്പെട്ടു.

താളാത്മകമായ സൃഷ്ടികർമ്മത്തിലെ ശ്രദ്ധേയമായ മറ്റൊരു സംഗതി സൂര്യചന്ദ്രാതി നക്ഷത്രഗോളങ്ങളെ–പകൽ പ്രകാശിക്കേണ്ടതിന് സൂര്യനേയും, രാത്രി പ്രകാശിക്കേണ്ടതിന് ചന്ദ്രനേയും–സൃഷ്ടിച്ചത് നാലാം ദിനത്തിലാണെന്നതാണ്. ബാഹ്യ സ്രോതസ്സുകളിലൂടെയുള്ള 'പ്രകാശം' നാലാം ദിന

ത്തിലാണ് പ്രസരിച്ചതെങ്കിലും 'വെളിച്ചം' ഒന്നാം ദിനം തന്നെ സൃഷ്ടിയിൽ, പ്രപഞ്ചത്തിൽ വ്യാപരിക്കുകയുണ്ടായി. 'വെളിച്ചവും' 'പ്രകാശവും' തമ്മിൽ ഏതോ അന്തരമുണ്ടെന്ന് സാരം! ഭൗതിക സ്രോതസ്സിൽ നിന്ന് ഉത്ഭവിക്കുന്നതായിരിക്കാം പ്രകാശം; വെളിച്ചം സർവ്വേശ്വരനിൽ നിന്ന് സ്ഫുരിക്കുന്നതാവാം. വെളിച്ചവും, ഇരുളും തമ്മിൽ അനുരണനമോ, അനുരഞ്ജനമോ സാധ്യമല്ല; സൃഷ്ടികർത്താവ് ആദ്യ ദിവസം തന്നെ വെളിച്ചവും ഇരുളും തമ്മിൽ വേർതിരിച്ചിരുന്നു. ഇരുളും വെളിച്ചവും വേർതിരിക്കുന്നതാണ് വിദ്യ അഥവാ അറിവ്; അത് സാധ്യമല്ലാതാകുന്നത് അവിദ്യ അഥവാ അജ്ഞത. ഇരുളും വെളിച്ചവും തമ്മിൽ അനുരഞ്ജിപ്പിക്കുന്ന വിധമുള്ള വികൃതികളാണ് പ്രപഞ്ചതാളം തകർക്കുന്നത്. അനന്തരഫലമോ അനർത്ഥങ്ങളും! ജൈവ വ്യവസ്ഥിതിയെ തകർക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും, ആദ്ധ്യാത്മിക മണ്ഡലത്തിലെ അപഭ്രംശങ്ങളും, സാമൂഹ്യവ്യവസ്ഥിതിയിലെ അനീതിയും, മൂല്യബോധത്തിലെ വികൽപ്പങ്ങളുമെല്ലാം ഇരുളും വെളിച്ചവും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിന്റെ സന്തതികളാണ്.

പ്രകാശം ഏറെ എങ്കിലും, വെളിച്ചം കുറവായ അവസ്ഥയാണ് നമ്മുടെ സമൂഹത്തിന്; പ്രകാശ സ്രോതസ്സുകളോട് പ്രിയം കൂടുന്നു എങ്കിലും വെളിച്ചത്തോടുള്ള ആഭിമുഖ്യം കുറഞ്ഞുവരികയാണ്; ഉൾവെളിച്ചം കുറയുമ്പോൾ ബോധത്തിൽ ഇരുട്ട് വ്യാപിക്കും; ഇരുളും വെളിച്ചവും തമ്മിലുള്ള വ്യത്യാസം നഷ്ടമാകും; "ബോധം ജ്ഞാനങ്ങളുടെ ഉറവയായി തീരേണമേ" എന്ന് പുണ്യപിതാക്കന്മാർ രഹസ്യാത്മകമായി ഉരുവിട്ടിരുന്നതിന്റെ പിന്നിലെ ചേതോവികാരവും ഇതായിരുന്നിരിക്കണം. ഇരുളിനെ അകറ്റുവാനും, വെളിച്ചത്തിലേക്ക് നയിക്കുവാനും പുണ്യാത്മാക്കൾ നിരന്തരം മന്ത്രിച്ചിരുന്ന ഒരു പൈതൃകത്തിന്റെ പിൻതുടർച്ചയായതിൽ അഭിമാനിക്കുകയും, ഹൃദയാന്തർഭാഗത്ത് "തമസ്സോ മാ ജ്യോതിർഗമയാ", ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക്, എന്ന മന്ത്രധ്വനി തുടർന്നും ഉയരുന്നതിന് ശ്രമിക്കുകയും ചെയ്യാം. സമൂഹജീവിതത്തിന്റെ വിവിധ മേഖലകളിൽ ഇരുളും വെളിച്ചവും സമരസപ്പെട്ട് കഴിയുകയാണ്; അപകടകരമായ ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കേണ്ടിയിരിക്കുന്നു; ഇരുളിനെ നീക്കുന്ന 'വെളിച്ചത്തിന്റെ കവചം' ധരിക്കുന്ന ദൈവപുത്രന്മാർക്ക് വേണ്ടിയാണ് ഈറ്റുനോവോടെ സൃഷ്ടി കാത്തിരിക്കുന്നത്. സർവ്വസൃഷ്ടിയോടും ചേർന്ന് മൃദുവായി പാടാം:

EDITORIAL

"വെളിവുനിറഞ്ഞോരീശോ നിൻ വെളിവാൽ കാണുന്നൂ
വെളിവീയടിയാർ; അഖിലാധാരമതാം വെളിവും നീ.
കാന്ത്യാ ഞങ്ങളെ നീ താതൻ കതിരേ ശോഭിപ്പിക്കെന്നും"

**ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ**

ഗുരുമൊഴി



**കുരിശ് വിനയത്തിന്റെയും ക്ഷമയുടെയും ലക്ഷ്യമാകുന്നു. എന്നാൽ മറ്റുള്ളവർ പറയുന്നതെന്തും അനുസരിക്കും എന്നുള്ളത് വിനയവും ക്ഷമയുമല്ല. സത്യത്തിനും നീതിക്കും വേണ്ടി കഷ്ടത സഹിക്കാൻ തയ്യാറാകുന്നതാണ് കുരിശ്. സത്യത്തിനും നീതിക്കും വേണ്ടി എന്തു കഷ്ടത വന്നാലും ഞാൻ സഹിച്ചു കൊള്ളാമെന്നു വയ്ക്കുന്ന മനസ്ഥിതിയിലാണ് വിനയും ക്ഷമയും അടങ്ങിയിരിക്കുന്നത്.**

G.M. Crops

ആശാ ജേക്കബ്, ആയൂർ



# ജനിതക വിളകളും ചില ചിന്തകളും

ജനിതമാറ്റം വരുത്തിയ കാർഷിക വിളകളെ ജി.എം. വിളകൾ (Genetically Modified crops). എന്നാണ് അറിയപ്പെടുന്നത്. പുനസംയോജിത ഡി.എൻ.എ. സാങ്കേതിക വിദ്യ (Recombinant D.N.A. Technology) വഴി ജീവികളുടെ ശരീരത്തിലും മാറ്റം വരുത്താം. ജനിതകമാറ്റം മൂലം സസ്യങ്ങളിലും ജീവികളിലും അവയുടെ അടിസ്ഥാന സ്വഭാവങ്ങൾ ഉപകാരപ്രദമല്ലെങ്കിൽ മാറ്റുവാനും മനുഷ്യന് അനുഗണമായ സസ്യങ്ങളും ജീവികളും പുനസൃഷ്ടിക്കാനുള്ള സാധ്യതകൂടെ പകരുന്നുണ്ട്. സൃഷ്ടി കർമ്മത്തിൽ പങ്കാളിയാവാൻ ദൈവം മനുഷ്യന് അവകാശം കൊടുത്തിട്ടുണ്ടെങ്കിലും നിയതിയുടെ നിയമങ്ങളെ മറികടന്നുള്ള സൃഷ്ടി പ്രക്രിയ ആവാസവ്യവസ്ഥയെ തകർക്കുന്നുണ്ടോ എന്ന സൂക്ഷ്മ പരിശോധന ഇവിടെ അനിവാര്യമാണ്.

ബി.ടി. വിളകൾ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ്. ബാസില്ല തുറിയൻ ജിയൻസിന് എന്ന ബാക്ടീരിയയുടെ ജീൻ നിക്ഷേപിക്കപ്പെട്ടിട്ടുള്ള വിളകളാണ് ബി.ടി.വിളകൾ. ഈ ബാക്ടീരിയ നിർമ്മിക്കുന്ന ഡെൽറ്റ എൻഡോടോക്സിൻ എന്ന പ്രോട്ടീൻ കീടങ്ങളെ കൊല്ലുന്നതാണ്. ബി.ടി. വിളകൾ തന്നെ കീടങ്ങളെ നശിപ്പിക്കുന്ന കീടനാശിനിയായി വർത്തിക്കുന്നു എന്നതാണ് പ്രധാനം ബി.ടി. വഴുതനങ്ങയ്ക്ക് സ്ട്രെപ്റ്റോ

മൈസിൻ എന്ന ആന്റി ബയോട്ടിക്കിനെ പ്രതിരോധിക്കുന്ന അടയാള ജീനും അടങ്ങിയിട്ടുണ്ട് എന്ന പ്രത്യേകതയുമുണ്ട്. ബി.ടി. വിളകളുടെ ഗണത്തിൽപ്പെടുത്തി. ഉൽപ്പാദനം നടത്തിയിട്ടുള്ള മറ്റ് വിളകൾ ബോൾഗാർഡ് പരുത്തി, യീൽഡ് ഗാർഡ് ചോളം, ബി.ടി. ഉരുളക്കിഴങ്ങ് ബി.ടി. കടുക്, ബി.ടി. ചോളം, ബി.ടി. സോയാബീൻ എന്നിവയാണ്.



കാൽജിൻ ബയോടെക്നോളജി കമ്പനി വികസിപ്പിച്ചെടുത്ത പതുക്കെ പഴുകുന്ന ഫ്ളേവർ സേവർ (Flavour Saver) എന്ന തക്കാളിയാണ് ആദ്യമായി അംഗീകരിക്കപ്പെട്ട ജി.എം. ഭക്ഷ്യവസ്തു. പഴുക്കുന്നതിന് സഹായിക്കുന്ന Poly gala Cturonase എന്ന എൻസൈമിന്റെ ഉൽപ്പാദനം തടയുന്ന ജീൻ ഉൾച്ചേർത്താണ് കേടാവാതെ സൂക്ഷിച്ച് വയ്ക്കുന്ന തക്കാളി വികസിപ്പിച്ചെടുത്തത്.

ആൽഫ 1. ആന്റിട്രിപ്സിൻ എന്ന ഔഷധം സിസ്റ്റിക് ഫൈബ്രോസിസ് എന്ന ശ്വാസകോശ രോഗത്തിന് ചികിത്സയ്ക്ക് ഉപയോഗിക്കുന്നതാണ്. എ.പി.ഐ. എന്ന ബയോടെക്നോളജി സെന്റർ ഈ ഔഷധമടങ്ങുന്ന അരി വികസിപ്പിച്ചെടുത്തു. കാഴ്ചക്കുറവിനെ പ്രതിരോധിക്കുന്ന ഘടകമാണ് വൈറ്റമിൻ എ. ബീറ്റാ കരോട്ടിൻ കൂടുതൽ അടങ്ങിയിട്ടുള്ള ഗോൾഡൻ റൈസ് ദ സ്വിസ് ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ സയൻസ്. എന്ന കമ്പനി വികസിപ്പിച്ചെടുത്തു. ഈ അരി കാഴ്ചക്കുറവിനെ പ്രതിരോധിക്കുന്നതാണ്.

### സാധ്യതകൾ

മാറാരോഗങ്ങൾക്കുള്ള ഔഷധങ്ങൾ ലാഭകരമായി ട്രാൻസ്ജനിക്ക് സസ്യങ്ങളിൽ നിന്ന് നിർമ്മിക്കാം ഹെപ്പറ്റൈറ്റിസ് ബി. അഞ്ചാം പനി, പോളിയോ, ഡിഫ്തീരിയ, ഡയേറിയ തുടങ്ങിയ രോഗങ്ങൾക്കെതിരെ ഉപയോഗിക്കാവുന്ന വാഴപ്പഴം വാക്സിൻ, ക്യാരറ്റ് വാക്സിൻ, ഉരുളക്കിഴങ്ങ് വാക്സിൻ എന്നിവ ഉദാഹരണമാണ്.

ട്രാൻസ് ജനിക്ക് സാങ്കേതിക വിദ്യയിലൂടെ മരുന്ന് ചുരത്തുന്ന മൃഗങ്ങളെ സൃഷ്ടിച്ചെടുക്കാം എന്ന് തെളിയിച്ചിട്ടുണ്ട്. ഉദാ: ട്രാസി ചെമ്മരിയാട്, ജനിതക മാറ്റം വരുത്തിയ എലി, മത്സ്യങ്ങൾ, പശു, കുരങ്ങ്, കാള, പന്നി.

**പ്രകൃതിയുടെ ആവാസ വ്യവസ്ഥയുടെ താളം തെറ്റിക്കുവാൻ ജനിതക മാറ്റം വരുത്തിയ വിളകളുടെ അതിപ്രസരം ഇടയാക്കാം. അത് പ്രകൃതിയുടെ പുനസൃഷ്ടിക്കുള്ള സാധ്യത നഷ്ടപ്പെടുത്തും.**

പോഷകമൂല്യമുള്ളതും, രോഗപ്രതിരോധശേഷി കൂടിയതും, കളകളുടെ ആക്രമണത്തിനിരയാകാത്തതും, കാലാവസ്ഥാ വ്യതിയാനങ്ങൾ (ശൈത്യം, ചൂട്) അതിജീവിക്കുന്നതുമായ സസ്യങ്ങളെ സൃഷ്ടിച്ചെടുക്കാം.

നൈട്രജൻ കൂടുതൽ ആഗിരണം ചെയ്യാനുള്ള കഴിവ്, ഒപ്പം ധാതുക്കൾ, ലവണങ്ങൾ, എന്നിവയുടെ വ്യത്യസ്തമായ അവസ്ഥയിൽ ചെടികൾ പ്രതിരോധ ശേഷി നിലനിർത്തി വളരുന്നു.

ചെടികൾ ഒരുമിച്ച് വളർന്ന് ഒരുമിച്ച് വിളവെടുക്കുന്നത് കൊണ്ട്, കേടാവാതെ സൂക്ഷിക്കാവുന്നത് കൊണ്ടും കർഷകന് നഷ്ടം കുറയ്ക്കാം.

### ദോഷങ്ങൾ

പ്രകൃതിയുടെ ആവാസ വ്യവസ്ഥയുടെ താളം തെറ്റിക്കുവാൻ ജനിതക മാറ്റം വരുത്തിയ വിളകളുടെ അതിപ്രസരം ഇടയാക്കാം. ബി.ടി. ചോളം കൃഷിയിറക്കിയപ്പോൾ പ്രകൃതിക്കു ഗുണമായ മൊണാർക്ക് ശലഭങ്ങളെക്കൂടെ നശിപ്പിച്ചു.

യു.എസ്., യൂറോപ്പിലെ കുട്ടികൾക്ക് ബി.റ്റി. വിളകളുടെ ഉപയോഗം അലർജിയുണ്ടാക്കിയിട്ടുണ്ട്.

ബി.ടി. വഴുതന മനുഷ്യരിൽ അലർജിയുണ്ടാക്കും എന്ന് കണ്ടെത്തപ്പെട്ടിട്ടുണ്ട്.

ബി.ടി. വിളകൾ ഉപദ്രവകരങ്ങളായ കീടങ്ങളെ മാത്രമല്ല. പരാഗണത്തിന് സഹായിക്കുന്ന ജീവികളെയും കളകളേയും പൂർണ്ണമായി നശിപ്പിച്ചേക്കാം. അത് പ്രകൃതിയുടെ പുനസൃഷ്ടിക്കുള്ള സാധ്യത നഷ്ടപ്പെടുത്തും.

കീടനാശിനികളെ കാലാന്തരത്തിൽ കീടങ്ങൾ ചെറുത്ത് പോലെ കീടങ്ങളെയും കളകളെയും നശിപ്പിക്കുന്ന വിളകളെ കാലാന്തരത്തിൽ ഇവ അതിജീവിക്കുകയാണെങ്കിൽ. ആ വിളകളെ സംബന്ധിച്ച് പൂർണ്ണമായ നാശം ആയിരിക്കും ഫലം.

കമ്പനികൾ വികസിപ്പിച്ചെടുക്കുക വിളകളെ മാത്രം ആശ്രയിക്കുന്ന ഒരു ലോകം പ്രകൃതിയുടെ വൈവിധ്യങ്ങളെ തകർക്കും എന്ന് മാത്രമല്ല ലോകത്തിന്റെ ഏത് കോണിലും ഏത് ആവാസവ്യവസ്ഥയിലും എന്ത് കൃഷിയിറക്കണം എന്ന് മുതലാളിത്ത കമ്പനികൾ തീരുമാനിക്കുന്ന സ്ഥിതി വരും കാർഷിക രാജ്യങ്ങൾക്ക് അത് ഭീകരമായ അടിമത്തം പ്രദാനം ചെയ്യും.

ദൈവം വൈവിധ്യങ്ങളോടെ, പരസ്പരം ആശ്രയത്വത്തോടെയുള്ള ഒരു ജീവിത ചക്രം ആണ് ക്രമീകരിച്ചിരിക്കുന്നത് അത് അട്ടിമറിക്കപ്പെടുവാൻ ഇടയാകും. വൈവിധ്യങ്ങൾ നഷ്ടപ്പെടുകയും എന്ത് ജീവിക്കണം വളരണം എന്ന് കമ്പനികൾ തീരുമാനിക്കുന്ന രീതി ഉണ്ടാകും. ക്രമീകൃതമായ ആവാസവ്യവസ്ഥ തകർന്ന് പോയാൽ മനുഷ്യന് അവയെ പുനക്രമീകരിക്കാൻ സാധിക്കാതെ വരും.

ഒരു രാജ്യത്തിന്റെ ഭക്ഷണ വ്യവസ്ഥയേയും ശൈലിയേയും തകർക്കാൻ മറ്റൊരു രാജ്യത്തിന് കഴിഞ്ഞേക്കാം മൂന്നാം ലോകരാജ്യങ്ങൾ ഇവയുടെ ഉപഭോഗ കമ്പോളങ്ങളും പരീക്ഷണ വസ്തുക്കളും ആയി മാറുന്നത് കൊണ്ട് ഇതിന്റെ കെടുതികൾ അവർ അനുഭവിക്കേണ്ടിവരും.

അടുത്ത തലമുറയുടെ ആവാസ വ്യവസ്ഥ കൂടെ അട്ടിമറിക്കപ്പെടുന്നത് അവരുടെ വിഭവശേഷി കൂടെ കൊള്ളയടിച്ച് ജീവിക്കാനുള്ള അത്യാർത്തിയുടേതാണ്.




ഡോ. സജി യോഹന്നാൻ, നല്ലില

# ദൈവമേ !
# അന്നന്നുള്ള ആഹാരം...

**പ്രകൃതി അതിൽ തന്നെ സമൃദ്ധമാണ്
വിഭവവൈജാത്യം കൊണ്ടും സമൃദ്ധികൊണ്ടും
എന്നാൽ മനുഷ്യ നിർമ്മിതമായ ആഹാരം, ഔഷധ
വിഭവങ്ങൾ മനുഷ്യനെ വികൃതരൂപനാക്കുന്നു.
ദൈവ തേജസ്സിൽ നിന്നകറ്റുന്നു.**

പ്രകൃതിയിലെ ആവാസവ്യവസ്ഥയുടെ നിലനിൽപ്പ് പരസ്പര ആശ്രയത്വമാണ്. ഓരോ പുൽകൊടിയുടെയും നിലനിൽപ്പ് അതിനോടടുത്തു നിൽക്കുന്ന ജീവജാലങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. പക്ഷി മൃഗാദികളുടെ, കായ്ഫലങ്ങളുടെ, സസ്യജാലങ്ങളുടെ പുഴകളുടെയും, മലകളുടെയും നിലനിൽപ്പ് മനുഷ്യവർഗ്ഗത്തെ ആശ്രയിച്ചിരിക്കുന്നു. അഥവാ മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പ് ഇവയെ ആശ്രയിച്ചിരിക്കുന്നു.




ജീവജാലങ്ങളുടെ നിലനിൽപ്പ് അതിജീവനത്തെ ആശ്രയിച്ചിരിക്കുന്നു. സ്വാഭാവിക പ്രത്യുല്പാദനത്തിലൂടെ സൃഷ്ടിക്കപ്പെട്ട, ഈ ലോകം അതിജീവനത്തിന്റെ ചരിത്രസത്യത്തിലൂടെ സൃഷ്ടിക്കപ്പെട്ട, ഈ ലോകം അതിൽ തന്നെ പൂർണമാണ്. സൃഷ്ടിയുടെ അത്ഭുതവും നിഗൂഢതയും അമ്പരപ്പിക്കുന്നതായി ഇന്നു നിലനിൽക്കുന്നത് അതുകൊണ്ടാണ്. ശാസ്ത്രീയ വികസനമാർഗ്ഗങ്ങൾ ഏറെ ആദരിക്കപ്പെടുന്നത് വിനാശങ്ങളെ പ്രതിരോധിക്കുമ്പോഴാണ്. മനുഷ്യരാശിയുടെ നിലനിൽപ്പിനെ സംരക്ഷിക്കുവാൻ 'ശാസ്ത്രം' ഉപകരിക്കുമ്പോൾ അത് വളരെ പ്രകീർത്തിക്കപ്പെടുകയും ചെയ്യും. മനുഷ്യ നിർമ്മിതങ്ങളായ വിനാശങ്ങളുണ്ട്. പ്രകൃത്യാ സംഭവിക്കുന്ന വിനാശങ്ങളുമുണ്ട്. പ്രകൃത്യാസംഭവിക്കുന്ന വിനാശങ്ങളെ പ്രതിരോധിക്കുമ്പോൾ സംജാതമാകുന്ന വിനാശങ്ങളെ നാം വിസ്മരിക്കപ്പെടുന്നു. പ്രകൃത്യാ സംഭവിക്കുന്ന വിനാശങ്ങളെ അതിജീവിച്ചാണ് നാം ഇന്നുകാണുന്ന ആവാസവ്യവസ്ഥയിലെ ആഹാരക്രമത്തിന്റെ എല്ലാം നിലനിൽപ്പ്. കോടിക്കണക്കിന് വർഷത്തെ അതിജീവനത്തിന്റെ കഥ ഉപയോഗപ്രദമായ ആഹാരപദാർത്ഥത്തിനും പറയുവാൻ സാധിക്കും. മനുഷ്യനും പക്ഷിമൃഗാദികൾക്കും ഭക്ഷിച്ച് ബാക്കിവയ്ക്കുവാനുതകുന്ന സമൃദ്ധിയും സഹവർത്തിത്തവും ഈ ആവാസവ്യവസ്ഥയിൽ കാണാം.

മനുഷ്യകേന്ദ്രീകൃതമായ ആഹാരക്രമത്തിന്റെ 'ശാസ്ത്രീയവും' വ്യാവസായികവുമായ ഉത്പാദനത്തെ ഏറെ സഹായിക്കുന്ന ഒന്നാണ് 'ജനിതക ശാസ്ത്രം'



ജനിതക മാറ്റം വരുത്തിയ ആഹാര പദാർത്ഥത്തിന്റെ ഉപയോഗത്തെ പ്രകീർത്തിക്കുന്നത് ഈ പശ്ചാത്തല ത്തിലാണ്. ജനിതക മാറ്റം വരുത്തിയ വിളകൾ സമൂഹത്തിന് ആവശ്യമാ ണെന്ന് വാദിക്കുന്നവർ പ്രധാനമായും നിരത്തുന്നത് മൂന്ന് കാരണങ്ങളാണ്. ഒന്ന് ജനിതക വിളകൾ കീടനാശിനി പ്രയോഗം കുറയ്ക്കുന്നു. രണ്ട് ജനിതക വിളകൾ പട്ടിണിയ്ക്ക് പരിഹാരമാകു ന്നു. മൂന്ന് ജനിതകവിളകൾ ഉല്പാദനം വർദ്ധിപ്പിക്കുന്നു. ഈ വാദഗതികൾ പൂർണ്ണമായും തെറ്റാണെന്ന് ശാസ്ത്ര ലോകം തന്നെ ഇതിനകം തെളിയിച്ചി ട്ടുണ്ട്. 30 ഓളം വർഷത്തെ മാത്രം വിക സന പരിചയം മാത്രമുണ്ട്. ശാസ്ത്ര ശാഖയായ ജനിതകശാസ്ത്രത്തിന്റെ വൈരുദ്ധ്യങ്ങളേയും വിനാശങ്ങളേയും പഠനവിധേയമാക്കേണ്ടവയാണെന്ന് ശാസ്ത്രലോകം തന്നെ വിലയിരുത്തു ന്നുമുണ്ട്.

ശാസ്ത്രീയപഠനത്തിന്റെ സഹായ ത്തോടെ ജനിതക മാറ്റം വരുത്തിയ വിളകളുടെ വിശകലനത്തിനല്ല കുറി പ്പ്. ശാസ്ത്രീയ വിശദീകരണ കുറിപ്പു കൾ ഇതിനകം ലോകത്താകമാനമുള്ള ശാസ്ത്രജേണലുകലിൽ പ്രസിദ്ധീകരി ച്ചിട്ടുണ്ട്. ജനിതകവിളകളുടെ നൈതി കതയെയാണ് നാം ചോദ്യം ചെയ്യേണ്ട ത്. സൃഷ്ടിയുടെ ആവാസവ്യവസ്ഥ യുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്ന പ്രപഞ്ച സത്യങ്ങൾക്ക് വിരു ദ്ധമായ അവ്യാപകമായി വിനാശം വിത യ്ക്കുന്ന, സ്വാഭാവിക പ്രത്യുൽപ്പാദന ത്തിന് വിരുദ്ധമായ ജനിതക മാറ്റം വരു ത്തിയ വിളകളുടെ ദാർശനിക വിലയി രുത്തലുകളാണാവശ്യം.

ശാസ്ത്രവും മതവും എക്കാലും വിരുദ്ധചേരിയിലെ പ്രയോഗരീതിയുടെ വക്താക്കളായാണ് വീക്ഷിക്കപ്പെടുന്നത്. വൈജ്ഞാനിക ശാഖയുടെ വളർച്ചാച രിത്രത്തിൽ ഇവയുടെ സാങ്കേതിക തയെ ചോദ്യം ചെയ്യുന്ന ഏറ്റുമുട്ടലു കൾ സാധാരണമാണ്. അറിവിന്റെ അവ സാന വാക്കായി ഗുരുവിനെ കണ്ടിരു ന്ന സ്ഥാനത്ത് പാഠശാലകളിലും, ലബോറട്ടറികളിലും ശാസ്ത്രജ്ഞരിലും ആധുനിക വൈജ്ഞാനികശാഖ എത്തിനിൽക്കുന്നു. തെളിവിലൂടെ, വസ്തുനിഷ്ഠതയിലൂടെ കാര്യങ്ങൾ വെളിവാക്കിയാൽ അവസാനവാക്കായി, സത്യമായി, നീതിബോധത്തിന്റെ വിശ്വാ സത്തിന്റെയോ അടിസ്ഥാനത്തിൽ ആധാരമായ പ്രമാണങ്ങളെ ഇവ വിസ്മരിക്കപ്പെടുന്നു. സാമാന്യ ജനം ജീവനോപായമായി ശാസ്ത്രത്തെ ഉപ യോഗിക്കുമ്പോഴും നൈതികതയെ പറ്റി ഓർക്കുന്നില്ല. മനുഷ്യ നിർമ്മിത മായ, മനുഷ്യ കേന്ദ്രീകൃതമായ ആഹാ രവ്യവസ്ഥയാണ് ജനിതകവിളകളുടെ അടിസ്ഥാനം. ശാസ്ത്രത്തെ വ്യവസാ യിക ഉപയോഗത്തിലൂടെ 'ലാഭം' അടി സ്ഥാന തത്വമാക്കിയാണ് ഇവിടെ ഉൽപാദനം കൂട്ടുന്നത്.

ഗുരുവിന്റെ വചനങ്ങൾ തന്നെ ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. യേശു കർഷകരെ സ്നേഹിച്ചിരുന്നു. വിള കളെ സ്നേഹിച്ചിരുന്നു. ഒപ്പം മനു ഷ്യന്റെ ആഹാരത്തിന് പ്രകൃതിയിലെ ജീവജാലങ്ങളെ പ്രകൃതി വിഭവങ്ങളെ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. വിളകളുടെ നിലനിൽപ്പ് നിങ്ങളെ ആശ്രയിച്ചിരിക്കുന്നു. എന്ന പ്രമാണമാണ് യേശുവിന്റെ പാഠങ്ങ ളിൽ കാണുന്നത്. വിത്ത് പാകലിന്റെ ഉപമ (വി. മർക്കോസ് 4) ഇത് വെളി വാക്കുന്നു. വഴിയരികിൽ, പാറപ്പുറത്ത്, മുള്ളിനിടയിൽ, നല്ല മണ്ണിൽ വീണ വിത്തുകളെ പറ്റി പറഞ്ഞത് വചന ത്തിന്റെ വ്യാഖ്യാനമാണെങ്കിലും പ്രായോഗികമായ പ്രകൃതിയുടെ അതി ജീവനം ഇവിടെ വെളിവാക്കപ്പെടുന്നു ണ്ട്. സ്വാഭാവിക വളർച്ചയും നാശവും അനിവാര്യമാണ്. ക്ഷാമവും, മന്നയും വെട്ടുകിളിയും പ്രകൃത്യാ ഉള്ള അനി വാര്യതയായി കാണാൻ പഴയനിയ മവും പഠിപ്പിക്കുന്നു. ആവശ്യസമ യത്ത് സംരക്ഷകനായി എത്തുകയാണ് ദൈവികവഴി.

അതോടൊപ്പം ഭൂമിയുടെ വിഭവ സമൃദ്ധിയെ ബൈബിൾ ഏറെ വാഴ്ത്തുന്നു.

**സങ്കീർത്തനം 65:9.... "നീ ഭൂമിയെ നനെക്കുന്നു."**

**"നീ അതിനെ അത്യന്തം പുഷ്ടിയുള്ളതാക്കുന്നു."**

**ദൈവത്തിൻ നദിയിൽ വെള്ളം നിറഞ്ഞിരിക്കുന്നു.**

**ഇങ്ങനെ നീ ഭൂമിയെ ഒരുക്കി അവർക്ക് ധാന്യം കൊടുക്കുന്നു.**

**65:10...."മുളയെ നീ അനുഗ്ര ഹിക്കുന്നു."**

**12..."മരുഭൂമിയിലെ പുൽപുറ ങ്ങൾ സൃഷ്ടിപൊഴിക്കുന്നു. കുന്നു കൾ ഉല്ലാസം ധരിക്കുന്നു."**

**13... "താഴ്വരകൾ ധാന്യം കൊണ്ട് മൂടിയിരിക്കുന്നു."**

ഇത് ദൈവികമായ സത്യമാണ്. പ്രകൃതി അതിൽ തന്നെ സമൃദ്ധമാണ് വിഭവവൈജാത്യം കൊണ്ടും സമൃദ്ധി കൊണ്ടും എന്നാൽ മനുഷ്യ നിർമ്മി തമായ ആഹാരം, ഔഷധവിഭവങ്ങൾ മനുഷ്യനെ വികൃതരൂപനാക്കുന്നു. ദൈവ തേജസ്സിൽ നിന്നകറ്റുന്നു. സമ്പ ത്തിലൂടെയും അധിക ആഹാരത്തിലൂ ടെയും രോഗിയാകുന്നു. ശുദ്ധാഹാര ത്തിൽ നിന്ന് നാം അന്യരാകുന്നു. മനു ഷ്യന് ശുദ്ധമായ ആഹാരം ലഭ്യമല്ലാ തായിരിക്കുന്നു. വിശുദ്ധാഹാരാമായ, നെറ്റിയിലെ വിയർപ്പോടെ സൃഷ്ടിക്ക പ്പെട്ടിരിക്കുന്ന ആഹാരം, ലാബോറട്ട റികളിൽ സൃഷ്ടിക്കപ്പെടുമ്പോൾ നാം ഉരുകി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. "ദൈവമേ അന്നന്നുള്ള ആഹാരം ഇന്ന് ഞങ്ങൾക്ക് നൽകേണമേ" ഭയത്തോടെ നമുക്ക് പ്രാർത്ഥിക്കാം. ■

# മലങ്കരസഭ
# പദപ്രശ്നം



| | | | | | | |
|---|---|---|---|---|---|---|
| 1 | | 2 | | | | 3 |
| | 4 | | | 5 | 6 | |
| 7 | | | | | | |
| 8 | | | ■ | ■ | 9 | |
| | 10 | 11 | ■ | 12 | ■ | 13 |
| 14 | | | 15 | | 16 | |
| ■ | | | 17 | | | |

## വലത്തോട്ട്

1. വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ അപ്പം വയ്ക്കുന്ന പരന്ന പൂജാ പാത്രം 93)
2. യഹൂദാ ഗോത്രത്തിന് കുടുംബം കുടുംബമായി കാട്ടിയ അവകാശത്തിൽ ഏദോമിന്റെ അതിർത്തിക്കരികെ തെക്കേ അറ്റത്തുള്ള 29 പട്ടണങ്ങളിൽ ഒന്ന് (4)
4. സെരൂബാബേലിനോടും, യോശുവായോടും കൂടി വന്ന പുരോഹിതന്മാരുടെയും ലേവ്യരുടെയും കൂട്ടത്തിൽ സല്ലായി കുലത്തിനുണ്ടായിരുന്ന പുരോഹിതൻ (3)
6. പേർഷ്യൻ സഭയുടെ തലസ്ഥാനമായിരുന്ന സെലൂക്യാ ടെസിഫോണിൽ സ്ഥാപിക്കപ്പെട്ട കാതോലിക്കേറ്റിലെ പ്രധാനി. മാർത്തോമ്മാ ശ്ലീഹാമുതലുള്ള കാതോലിക്കാ സ്ഥാനികളുടെ പട്ടികയിൽ ആദായിക്കു ശേഷം ഈ പേർ കാണുന്നു. (2)
7. പേർഷ്യൻ രാജാവായ സാപ്പോർ II ന്റെ കാലത്ത് അവിടെ നിന്നും എ.ഡി. 345-ൽ കേരളത്തിലേക്കു വന്ന സംഘത്തിന്റെ നേതാവ്. ഇദ്ദേഹത്തിന് കേരളത്തിലെ രാജാവിൽ നിന്നും അധികാരാവകാശങ്ങൾ ചെപ്പേടുകളിൽ ലഭിച്ചു. (6)
8. നോഹയുടെ വംശപാരമ്പര്യത്തിൽ കനാന്റെ പുത്രന്മാരിൽ ഒരുവൻ (3)
9. സുറിയാനി പാരമ്പര്യത്തിൽ വി. കൂദാശകൾ അനുഷ്ഠിക്കുമ്പോൾ പുരോഹിതന്മാർ ധരിക്കുന്ന മനോഹരമായ പുറങ്കുപ്പായം (2)
14. ആചാരത്വം യോഹന്നാനു നല്കിയത് ഇദ്ദേഹമാണെന്ന് പുരോഹിതന്മാരുടെ കുക്കിലിയോനിൽ കാണുന്നു (4)
16. വേട്ടയിറച്ചി പാകം ചെയ്തു യാക്കോബ് ഇസഹാക്കിനു നൽകിയപ്പോൾ സംശയം തോന്നിയ യിസഹാക്ക് യാക്കോബിനെ..............നോക്കിയാണ് സ്ഥിരീകരിച്ചത്. (2)
17. യേശു തമ്പുരാന്റെ കല്പന പ്രകാരം ആറ് കൽഭരണികളിൽ ഭൃത്യന്മാർ വെള്ളം നിറച്ചത് ............... ആയിരുന്നു. (3)

## താഴോട്ട്

1. 1817-ൽ പുന്നത്ര മാർ ദീവന്നാസിയോസിനെയും, 1825-ൽ ചേപ്പാട് മാർ ദീവന്നാസിയോസിനെയും വാഴിച്ച തൊഴിയൂർ സഭയുടെ മെത്രാൻ ഗീവർഗീസ് മാർ.............ആയിരുന്നു. (6)
2. യെരുശലേമിന്റെ മതിൽ പണിയുവാനായി അവിടെ താമസിച്ച പുരോഹിതന്മാരും ലേവ്യരുമായ 928 പേരിൽ അവസാനത്തെ ആൾ (3)
3. കോർഎപ്പിസ്ക്കോപ്പാമാർ കൂദാശ അനുഷ്ഠിക്കുമ്പോൾ സാധാരണ കാപ്പായുടെ പുറത്ത് ധരിക്കുന്ന അംശവസ്ത്രം (4)
4. സോർ സീദോൻ പ്രദേശങ്ങളിൽ വച്ച് യേശുവിനോട് തന്റെ മകളുടെ ഭൂതോപദ്രവം കഠിനമായിരിക്കുന്നുവെന്ന് പറഞ്ഞ യാൾ. (4)
5. അശേർ ഗോത്രത്തിൽ കുടുംബം കുടുംബമായി കട്ടിയ 22 പട്ടണങ്ങളിൽ ഒന്ന് (2)
6. തന്റെ പ്രിയനെ ചെറു ..........ആണ് ഉത്തമഗീതത്തിൽ പ്രകീർത്തിച്ചിരിക്കുന്നത്. (2)
10. ഇവർ തലയിൽ മൂടുപടം അണിയണമെന്ന് പൗലോസ് ശ്ലീഹാ അനുശാസിക്കുന്നു. (3)
11. കള്ളന്മാർ ആക്രമിക്കപ്പെട്ട വഴിയാത്രക്കാരനെ നല്ല ശമരിയാക്കാരൻ വീഞ്ഞും എണ്ണയും പകർന്ന്..........കെട്ടി.
12. ധൂപപ്രാർത്ഥനയിൽ പരിശുദ്ധന്മാരെ കുറിക്കുന്ന കുക്കിലിയോന്റെ സുറിയാനി നാമം (3)
13. ഫിലമോന്റെ സഹോദരി (3)
15. അയ്യായിരം പേരെ പോഷിപ്പിച്ച അത്ഭുതപ്രവർത്തിയിൽ ബാലകന്റെ കയ്യിൽ നിന്നും ശിഷ്യന്മാർ യേശുവിന്റെ കയ്യിൽ ഏൽപ്പിച്ചത് 5 ..........അപ്പമായിരുന്നു. (2)
16. അന്തരാലയത്തിൽ നിർത്തിയ രണ്ട് കെരൂബുകളും പൊന്നുകൊണ്ട് പൊതിഞ്ഞപ്പോൾ അന്തരാലയവും ബാഹ്യാലയവുമായ ആലയത്തിന്റെ ഈ ഭാഗവും പൊന്നുകൊണ്ട് പൊതിഞ്ഞു (2)

## പദപ്രശ്നം-20, ശരിയുത്തരമയച്ചവർ

**വിജയി:- മറിയാമ്മ മാത്യു, കുണ്ടറ**

2. അനു തങ്കച്ചൻ, പുനലൂർ; 3. അന്നമ്മ കോശി, കുമ്പനാട്; 4. സിസ്റ്റർ അന്നമ്മ നസ്രത്ത്, കടമ്പനാട്; 5. അന്നമ്മ തോമസ്, നരിയാപുരം; 6. അന്നമ്മ തോമസ്, തിയാടിക്കൽ; 7. അന്നമ്മ ജോസഫ്, നെടുമാവ്; 8. അന്നമ്മ മത്തായിക്കുട്ടി, നാസിക്; 9. അന്നമ്മ ചാക്കോ, നിരണം; 10. അക്കാമ്മ ജോർജ്, പാമ്പാക്കുട; 11. അമ്മിണി സക്കറിയ, പഴഞ്ഞി; 12. അമ്മിണി കോശി, ആറ്റുവ; 13. അമ്മിണി യോഹന്നാൻ, ഉള്ളന്നൂർ; 14. ആനി ചെറിയാൻ, തിരുവല്ല; 15. ആലീസ് ഏബ്രഹാം, കോയമ്പത്തൂർ; 16. ആലീസ് നൈനാൻ, ആലപ്പുഴ; 17. ആലീസ് ബാബു, കനകപ്പാലം; 18. കെ. സി. എലിസബത്ത് തമ്പി, കൊച്ചി-36; 19. എലിസബത്ത് ജോർജ്, ചെന്നൈ-37; 20. എലിസബത്ത് തോമസ്, പത്തനാപുരം; 21. നെൽസൺ കെ. ജോൺ, വടകോട്, മുംബൈ;

*തുടർച്ച അടുത്ത ലക്കത്തിൽ*

### പദപ്രശ്നം-20-ശരിയുത്തരം


| | | | | | | |
|---|---|---|---|---|---|---|
| 1 ശാ | 2 ക | 3 അ | 4 ഈ | ശോ | 5 സെ | 6 ബാ |
| 7 മാ | ർ | ബാ | ലാ | യി | റാ | |
| 8 അ | മ്മീ | 9 ന | യീ | ൻ | ന്മൂ | ■ |
| 10 ഉ | 11 ദ | യം | 12 പേ | രൂ | ർ | 13 വ |
| 14 പ | രി | 15 ച | ർ | ■ | 16 കോ | ഴി |
| 17 ശ | ദ്ര | ക്ക് | വ | 18 ക | ള | |
| വം | ■ | 19 നാ | ഴി | ■ | ജ് | ■ |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക:
ഫാ. തോമസ് മാത്യു, കൊട്ടാരക്കര
ഫോൺ: 9847555113)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38**

ഉത്തരങ്ങൾ അയയ്ക്കേണ്ട
അവസാന തീയതി : 10-03-2011

ഫാ. ഡോ. ജേക്കബ് കുര്യൻ



# മലങ്കരയുടെ
# പരിശുദ്ധ ദീവന്നാസ്യോസ് ആറാമൻ

മലങ്കരസഭാ ഭാസുരൻ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിന്റെ അഥവാ പരിശുദ്ധ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്തായുടെ, എഴുപത്തിയേഴാം ഓർമ്മപ്പെരുന്നാൾ സമാഗതമാകുന്നു. സാക്ഷാൽ പണ്ഡിതനായ ഇടയനും, യഥാർത്ഥനായകനും, ശ്ലീഹഗണ പ്രമുഖരായ വി. പത്രോസിന്റെയും വി. പൗലൂസിന്റെയും ഭാരത അപ്പോസ്തോലനായ വി. തോമ്മായുടെയും മറ്റ് അപ്പോസ്തോലന്മാരുടെയും പ്രവാചകന്മാരുടെയും വിശ്വാസസാക്ഷ്യം വീറോടെ വിളബരം ചെയ്തവനും ഏലിയാവിനെപ്പോലെ ജ്വലിച്ചവനും സ്നാപകയൂഹാനോനെപ്പോലെ വ്രതമാഹാത്മ്യം തെളിയിച്ച് തിരശീലയ്ക്കപ്പുറം പൂകിയവനുമായ ഈ പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാളിന്റെ ശോഭ വർദ്ധിച്ചു വർദ്ധിച്ചുവരുന്നു. തന്റെ മുൻഗാമിയായ സഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെയും, തന്റെ ഗുരുവും മാർഗ്ഗദർശകനുമായ പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസിന്റെയും കാലടികളിൽ ചരിച്ചുകൊണ്ട്, തന്റെ പിന്നാലെ വരുന്നവർക്കായി ഭാരതത്തിലെ ദേശീയ ക്രൈസ്തവസഭയുടെ സ്വാതന്ത്ര്യരാജപാത അദ്ദേഹം തെളിച്ചു. അദ്ദേഹം സഭാനേതൃത്വരംഗത്തേക്കു വന്നപ്പോഴത്തെ രൂപവും, അദ്ദേഹം സഭാശുശ്രൂഷയിൽ ഭാസുരപ്രഭ പ്രാപിച്ച രൂപവും തമ്മിൽ ചരിത്രകാരനായ ഇസഡ്. എം. പാറേട്ട് താരതമ്യപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്.

"*....1080–ാം ആണ്ടോട് അടുത്ത് ഒരു ദിവസം (അതായത് 1905 നോടടുത്ത്) വട്ടശ്ശേരി മല്പാനച്ചൻ പാറേട്ടുവന്നു. അന്ന് ഇവിടെ താമസിച്ചു. അസ്ഥിമാത്രശേഷനായ ഒരു വെള്ളക്കുപ്പായക്കാരൻ. താടിയും മീശയും വളർത്തിയിട്ടുണ്ട്. അല്ല വളർത്താൻ ശ്രമിച്ചിട്ടുണ്ട്. പുളിയിളക്കമുള്ള നിലങ്ങളിലോ 'മരക്കോൾ' ഉള്ള ചേരിക്കലിലോ ഉണ്ടാകുന്ന നെൽച്ചെടികൾ പോലെ, അവിടെയും ഇവിടെയും ആയി നാലും മൂന്നും ഏഴുതാടിമീശ. മേൽമീശ മറ്റതിന്റെ അനിയൻ. തമ്മിൽ തെറ്റിപ്പിണങ്ങി വെട്ടിത്തിരിഞ്ഞുപായാൻ തുനിയുന്ന രണ്ടുവെള്ള കണ്ണുകൾ. നേരേ നിൽക്കാൻ അവയിൽ ഒന്നു ശ്രമിക്കുന്നുണ്ട്. ശരിക്കു ഫലിക്കുന്നില്ല. യാതൊരു സത്വവൈശിഷ്ട്യവുമില്ലാത്ത ഒരു കോലം പാവ.*

*ആവൂ ആ കോലത്തിൽ കാലം വരുത്തിയ മാറ്റങ്ങൾ. അന്ത്യകാലത്തല്ല, അതിനു വളരെ മുമ്പുതന്നെ 'വെണ്ടക്കണ്ണുകൾ' കണ്ടാൽ നല്ല കാറിന്റെ ഹെഡ്ലൈറ്റിനുള്ളത്ര പ്രകാശമുണ്ടെന്നു തോന്നും. മറിഞ്ഞു മറിഞ്ഞു പോകുന്ന കണ്ണിനു കാഴ്ച ഇല്ലാതായിതീർന്നു എന്നു സമ്മതിക്കുന്നു. എന്നാലെന്താ, അതാരറിയുന്നു. മുഖം ഭാസുരപ്രഭാപൂരിതമായി, മാംസളമായി, കോമളമായി. ദേഹകാന്തി വർദ്ധിച്ചു. ശരീരം സ്ഥൂലമായി. ഒക്കെക്കൂടി ഒരു രാജർഷി ആണെന്ന് ആരും സമ്മതിക്കുന്ന നില. താടി മീശയ്ക്കും മീശയ്ക്കും പോലും കിട്ടി ഉത്ഥാനത്തിൽ പങ്ക്*"

(വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ്, നാഷണൽ ബുക്ക്സ്റ്റാൾ, 1969, പേജ് 43, 44).

മേല്പറഞ്ഞ രൂപാന്തരത്തിന് പഴയനിയമത്തിൽ ഒരു മുന്നോടിയുണ്ട്, ദീർഘദർശിയായ മോശ. മിസ്രയീമിലെ അടിമത്വത്തിൽ നിന്ന് ഇസ്രായേലിനെ മോചിപ്പിച്ചുകൊണ്ട് മരുഭൂമിയിലെ പരീക്ഷണങ്ങളിലും കലഹങ്ങളിലും കൂടി അവരെ നയിച്ച് എല്ലും തോലുമായിത്തീർന്ന മോശയെയല്ല, സീനായിലെ നാല്പതുനാളിന്റെ ദൈവിക സംസർഗ്ഗാനന്തരം ദർശിക്കുന്നത്. അദ്ദേഹത്തിന്റെ മുഖവും ആകാരവും ശോഭിച്ചുവെന്നു പറഞ്ഞാൽ പോരാ, ജനങ്ങൾക്ക് നോക്കാൻ വഹിയാത്ത കണ്ണഞ്ചിക്കുന്ന കാന്തിയായിയെന്നു തന്നെ പറയണം. ഇതുപോലെ വട്ടശ്ശേരി തിരുമേനിയെ കണ്ടവർ, കാണാത്തവർക്കു വേണ്ടിയും കണ്ടില്ല എന്നു നടിച്ചവർക്കുവേണ്ടിയും ആ ജീവിതത്തിന് ഒരേയൊരു വിശേഷണം നൽകി, "സഭാഭാസുരൻ" എന്ന്. സൂര്യന്റെ ഭാസുരശോഭ കണ്ട് മാറി നിൽക്കുമ്പോൾ, നാമൊരുകാര്യം ഓർക്കാതെ പോകുന്നു. ഈ ശോഭ മുഴുവൻ ഒരു സ്വയദഹനത്തിന്റെ, ഒരു സഹനത്തിന്റെ ആണെന്ന്. വട്ടശ്ശേരി തിരുമേനിയെയും പുണ്യപ്പെടുത്തുന്നത് ഒരു സഹനത്തിന്റെ കണ്ണീരും കനലുമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധവും, ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധവും ഇൻഡ്യയുടെ ചരിത്രത്തിലും, മലങ്കരസഭയുടെ ചരിത്രത്തിലും ഒരു സ്വത്വബോധത്തിന്റെയും സ്വാതന്ത്ര്യപോരാട്ടത്തിന്റെയും കാലഘട്ടമാണ്. ഇൻഡ്യ ഒരു രാഷ്ട്രമെന്നനിലയിൽ ഈ ലക്ഷ്യപൂർത്തീയിലെത്തുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ മലങ്കരസഭയുടെ പോരാട്ടം വഴിതെളിച്ചുവെന്നും പറഞ്ഞാൽ അതൊരു പരമാർത്ഥം മാത്രമാണ്. 1947ൽ ഇൻഡ്യ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്ന് മോചനം പ്രാപിച്ചതിന് മൂന്നരപതിറ്റാണ്ട് മുമ്പ്, കൃത്യമായി പറഞ്ഞാൽ 1912ൽ മലങ്കരസഭ അതിന്റെ പൗരാണിക ശ്ലൈഹിക പാരമ്പര്യത്തിൽ ഒരു സ്വതന്ത്രകാതോലിക്കേറ്റിന്റെ ആവിഷ്ക്കാരം നിർവ്വഹിച്ചു. 1950ൽ ഇൻഡ്യ ഭരണഘടനാവ്യവസ്ഥിതിയോടെയുള്ള റിപ്പബ്ലിക്കായി രൂപം പ്രാപിക്കുന്നതിന് മൂന്നുപതിറ്റാണ്ടു മുമ്പ്, കൃത്യമായി പറഞ്ഞാൽ 1934 ൽ മലങ്കരസഭ അതിന് ഒരു ഭരണഘടനാ പാസ്സാക്കി ഭരണഘടനാ വ്യവസ്ഥിതിയിലേക്ക് പ്രവേശിച്ചു. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഈ രണ്ടു സംഗതികൾക്കും പിന്നിലെ പ്രധാന അണിയറ നായകൻ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് ദീവന്നാസ്യോസ് ആയിരുന്നു (1934 ലെ സഭാ ഭരണഘടനാംഗീകാരം അദ്ദേഹത്തിന്റെ ദേഹവിയോഗശേഷമായിരുന്നുവെങ്കിലും).

വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതകാലം മലങ്കരസഭയ്ക്ക് ആഭ്യന്തരമായി അഗ്നിശോധനയുടെ കാലമായിരുന്നുവെങ്കിലും, സൂക്ഷ്മമായ പരിശോധനയിൽ സഭയുടെ ആന്തരികജീവിതത്തിൽ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും, ദയറാപ്രസ്ഥാനങ്ങളുടെയും, ആരാധനാസാഹിത്യ വളർച്ചയുടെയും,

*ശേഷം 32–ാം പേജിൽ*

പ്രവാചകന്റെ വഴികൾ



5

ജീവിച്ചാലും മരിച്ചാലും ദൈവം മാത്രം മതി: ഈ പാട്ട് എന്റെ ഹാർട്ട് ഓപ്പറേഷന്റെ തലേ ദിവസം എന്നെ ആശ്വസിപ്പിച്ച ഒരു അമേരിക്കൻ നഴ്സിനെയാണ് ആദ്യം പാടിക്കേൾപ്പിച്ചത്. 'നാളെ നിങ്ങളുടെ ഓപ്പറേഷനാണ് എന്തെങ്കിലും പറയുവാനുണ്ടോ' എന്ന ചോദ്യത്തിന് മറുപടിയായി ഞാൻ ഈ പാട്ട് ഇംഗ്ലീഷിൽ പാടിക്കേൾപ്പിച്ചു. Whether i live or whether i die god alone is for me, life and death alive me, calvary gave this breavery.

1992-ൽ ഓപ്പറേഷന് പോകുവാൻ കാരണം തന്നെ ഡോ. പ്രസാദ് ഏബ്രഹാമിനെ എന്റെ അടുക്കൽ അയച്ചതാണ്. അദ്ദേഹം അവിടെ ച്ചെന്ന് അടുത്തുള്ള ആശുപത്രികളിൽ സാമ്പത്തികമില്ലാത്ത ഒരു ബിഷപ്പിന്റെ ഓപ്പറേഷൻ സൗജന്യമായി നടത്താമോ എന്ന് ചോദിച്ചു. നടത്താമെന്ന് പറഞ്ഞത് അനുസരിച്ച് St. Louis, elizabeth hospital ൽ പരിശോധന നടത്താമെന്ന് സമ്മതിച്ചു. രണ്ടാമത് jeuish hospital മാനേജ്മെന്റ് ഓപ്പറേഷൻ നടത്താമെന്ന് സമ്മതിച്ചു. ഓപ്പറേഷൻ നടത്തിയ ഡോക്ടർ least danger surgeon എന്ന് പേരെഴുതുന്നയാളാണ്. അദ്ദേഹം യഹൂദനായിരുന്നെങ്കിലും ലക്ഷം ഡോളർ വാങ്ങുന്നയാൾ സൗജന്യമായി എന്നെ ഓപ്പറേറ്റ് ചെയ്തു.

# ജീവിച്ചാലും മരിച്ചാലും



**പുതുപ്പാടി ആശ്രമം**

സുവിശേഷാലയത്തിന്റെ ഒരു ശാഖയാണ് 1947-ൽ പുതുപ്പാടിയിൽ ആരംഭിച്ചത്. എം.സി. പോത്തന്റെ മകൻ എം. സി. ചെറിയാൻ പുതുപ്പാടി ബംഗ്ലാവിൽ വിശ്രമിക്കുമ്പോൾ ഞാൻ ചെന്ന് അദ്ദേഹത്തെ കണ്ടു. 'ഞാൻ വരുന്ന വഴി ഒരു കൈക്കുഞ്ഞിനെ കാക്കകൊത്തിപ്പറിക്കുന്നത് കണ്ടു' ഒരു ബാലഭവനം തുടങ്ങുവാൻ സ്ഥലം തരണം' എന്ന് ആവശ്യപ്പെട്ടു. അമ്പത് ഏക്കർ സ്ഥലം വാഗ്ദാനം ചെയ്തെങ്കിലും പിന്നീട് 25 ഏക്കർ മാത്രമേ ലഭിച്ചുള്ളൂ. 1959-ൽ ബഹു. പി.എം. തോമസ് അച്ചന്റെ അസാധാരണമായ കഷ്ടപ്പാടുകളിൽ കൂടി 3 കുഞ്ഞുങ്ങളെ എടുത്ത് ഒരു ബാലഭവനം തുടങ്ങി. ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് പിതാവാണ് ആദ്യ കെട്ടിടത്തിന് കല്ലിട്ടത്. ഇന്ത്യയുടെ പല ഭാഗത്തായി സഭയുടെ പേരിൽ 360 ഏക്കർ സ്ഥലവും, 12 ബാലഭവനങ്ങളും എന്റെ നവതി സ്മാരകമായി 5 വൃദ്ധഭവനങ്ങളും ഉണ്ടായി.

നിത്യതയിൽ വിശ്രമിക്കുന്ന വന്ദ്യ തോമസ് റമ്പാച്ചൻ, അഭിവന്ദ്യ ആബൂൻ മാർ ക്രിസോസ്റ്റമോസ്, ആബൂൻ മാർ തേവോദോറസ് എന്നീ പിതാക്കന്മാരും, വന്ദ്യ ഫിലിപ്പ് റമ്പാച്ചൻ, പുതുപ്പാടി ആശ്രമാംഗങ്ങൾ, കോൺവെന്റിലെ


അംഗങ്ങൾ, മിഷനറിമാർ എന്നിവരുടെ പ്രവർത്തനങ്ങളാലാണ്. മിഷൻ പ്രവർത്തനങ്ങൾ ഫല പ്രാപ്തിയിലെത്തിക്കുവാൻ സാധിക്കുന്നത്.

### സെമിനാരി അദ്ധ്യാപകനും കൺവൻഷൻ പ്രസംഗകനും

കൊല്ലം ഭദ്രാസനാധിപനായിരുന്ന അഭി. തേവോദോസ്യോസ് പിതാവാണ്, കോറൂയോയായ എന്നെ സുറിയാനി പഠനത്തിനായി സെമിനാരിയിലേയ്ക്ക് അയച്ചത്. MA BD STM എന്നീ ബിരുദങ്ങൾക്ക് ശേഷമാണ് സുറിയാനി പഠിക്കുവാൻ ചെന്നത്. എന്നെ സുറിയാനി പഠിപ്പിച്ചത് വന്ദ്യനായ എൻ.എ. യോഹന്നാൻ മൽപ്പാനച്ചനാണ് (മോർ സേവേറിയോസ്) എന്നാൽ സെമിനാരിയിൽ പഠിപ്പിക്കുവാനുള്ള അവസരം കൂടി എനിക്ക് ലഭിച്ചു. 1951–ൽ അദ്ധ്യാപനം ആരംഭിച്ച ശേഷം ബഹു. കെ. എം. അലക്സാണ്ടറച്ചനും, ബഹു. റ്റി. ജെ. ജോഷാ അച്ചനും അദ്ധ്യാപകരായി വന്നു. എന്റെ സെമിനാരിയിലെ അദ്ധ്യാപനം പ്രത്യേക നിയമന കല്പന ഒന്നും കൂടാതെയായിരുന്നു ദൈവശാസ്ത്രം, പഴയ നിയമം, സൈക്കോളജി, തുടങ്ങിയ അനേക വിഷയങ്ങൾ പഠിപ്പിച്ചു. 1951–ൽ അവധിയെടുത്ത് സെറാമ്പൂർ കോളേജിൽ പോയി പഠനം നടത്തി രചിച്ച ഗ്രന്ഥമമാണ് 'ഞങ്ങൾ വിശ്വസിക്കുന്നു' TLC യുടെ ഒന്നാമത്തെ ഗ്രന്ഥമായിരുന്നു അത്. പല സെമിനാരികളിലും തിയോളജിയുടെ പഠനത്തിനായി അത് ഉപയോഗിക്കുന്നു.

ഞാൻ ബാംഗ്ലൂർ ജലഹള്ളിയിൽ കഷ്ടാനുഭവ ആഴ്ചയ്ക്കായി ചെന്നപ്പോൾ ബഹു. റ്റി. എം. കുറിയാക്കോസ് അച്ചൻ എന്നെ പരിചയപ്പെടുത്തിയത് ഇപ്രകാരമാണ്. 'ഞാൻ സെമിനാരിയിൽ പഠിച്ച കാലത്ത് ഒരു ശെമ്മാശൻ പഠിപ്പിക്കുവാൻ വന്നു, എല്ലാ ദിവസവും ക്ലാസ് തുടങ്ങുമ്പോൾ ഒരു സൈക്കിളിൽ കൃത്യമായി എത്തിയിരുന്നു. അദ്ദേഹം തിയോളജി പഠിപ്പിച്ചിരുന്നത് ഇംഗ്ലീഷിൽ ആയിരുന്നു, പലതും ഞങ്ങൾക്ക് മനസിലാക്കുവാൻ പ്രയാസമായിരുന്നു. എന്നും രാവിലെ, ദൈവമേ ശെമ്മാശൻ ഇന്ന് വരരുതേ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിൽക്കുമ്പോൾ കൃത്യസമയത്ത് തന്നെ ശെമ്മാശൻ എത്തിയിരുന്നു. അദ്ദേഹമാണ് ഇന്നിവിടെ നിൽക്കുന്ന നവ ജോർജ് അച്ചൻ. പള്ളിയിൽ ഇരുന്നിരുന്ന ഏവരും അത് കേട്ട് ചിരിച്ചു. 1952–ൽ എം.ഡി. സെമിനാരിയിലാണ് ആദ്യം പഠിപ്പിച്ചത്. Theology of a classless Society എന്ന ഗ്രന്ഥം ഇംഗ്ലണ്ടിലും അമേരിക്കയിലും ജർമ്മനിയിലും അച്ചടിച്ചു. ഇപ്പോൾ എന്റെ 92–ാം വയസിൽ, 30 വയസുള്ള Ryan michel chegwin എന്ന അമേരിക്കക്കാരൻ, Theolgoy of a classless society എന്ന ഗ്രന്ഥം വായിച്ച് എന്റെ പേർക്ക് എഴുത്ത് അയച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ സ്നേഹിതർക്ക് പുസ്തകത്തിന്റെ കോപ്പി വാങ്ങി ഇപ്പോൾ വിതരണം ചെയ്യുന്നു. സോഷ്യലിസത്തിന്റെ അടിസ്ഥാനമായി ത്രിത്വോപദേശത്തെ വ്യാഖ്യാനിച്ചതിൽ അദ്ദേഹം സന്തുഷ്ടനാണ്.'

സെമിനാരി അദ്ധ്യാപനം നിർത്തുവാൻ കാരണം. ഭദ്രാസന ഭരണവും ഉപേക്ഷിച്ച് വിശ്രമ ജീവിതം ആരംഭിച്ചതിനാലാണ്. എന്നെ ഞാനാക്കിയത് കോട്ടയം സെമിനാരിയാണ്. 1975–ൽ മെത്രാനായശേഷം എല്ലാ ബുധനാഴ്ചയും സെമിനാരിയിൽ പോയി പഠിപ്പിച്ചിരുന്നു, ക്രിസ്ത്യൻ എത്തിക്സും, ദൈവശാസ്ത്രവുമായിരുന്നു പ്രധാനമായി പഠിപ്പിച്ചിരുന്നത്. ഇപ്പോഴുള്ള മെത്രാപ്പോലീത്തന്മാരിൽ ഭൂരിപക്ഷവും ബലഹീനനായ എന്റെ ശിഷ്യന്മാരാണ് എന്നതിൽ അഭിമാനിക്കുന്നു. ആയിരത്തിലധികം വൈദികരെ അഭ്യസിപ്പിച്ചു. അന്നത്തെ വിദ്യാർത്ഥികളിൽ സമർത്ഥരായിരുന്ന കെ. എം. ജോർജ് അച്ചൻ ഇന്ന് പ്രിൻസിപ്പാളായും ജേക്കബ് കുര്യനച്ചൻ വൈസ് പ്രിൻസിപ്പാളായും ഇന്ന് സെമിനാരിയെ ശുശ്രൂഷിക്കുന്നു. എന്റെ ശിഷ്യന്മാർ എല്ലാവരും എന്നെ സ്നേഹിക്കുന്നു. എല്ലാറ്റിനും ദൈവത്തെ മഹത്വപ്പെടുത്തുന്നു. (തുടരും....) ■




Mission

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

മലങ്കരസഭ കണ്ട അതിശ്രേഷ്ഠ മിഷനറി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മയ്ക്കു (ഫെബ്രു. 2) മുമ്പാകെ ആദരാഞ്ജലിയായി അർപ്പിക്കട്ടെ ഈ ലേഖനം. ആരാധനയും മിഷനും ഒരുമിപ്പിച്ചു പോകേണ്ട സഭയുടെ പ്രധാന ദൗത്യങ്ങളാണല്ലോ. ആരാധനയിൽ പുരോഹിതൻ ജനങ്ങൾക്കായ് കിഴക്കോട്ട് തിരിഞ്ഞുനിന്ന് അപേക്ഷയും ആരാധനയും സമർപ്പിക്കുകയും പടിഞ്ഞാറോട്ട് ഇടയ്ക്കിടയ്ക്ക് തിരിഞ്ഞ് ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങളും ആലോചനകളും ജനങ്ങളിലേക്ക് കൈമാറുകയും ചെയ്യുന്നു.

# സുവിശേഷത്തിന്റെ മധുരപരിമളം വിതറുവാനായ്



ലോകത്തിനു പുരോഹിതനായി വർത്തിക്കേണ്ട സഭയും ഇതുപോലെ കിഴക്കോട്ടും പടിഞ്ഞാറോട്ടും മാറിമാറി തിരിഞ്ഞു നിന്ന് ആരാധനയും മിഷനും സമന്വയിപ്പിച്ച് ലോകത്തിന് വെളിച്ചമായി നിലകൊള്ളേണ്ട ദൈവസാന്നിധ്യമാണ്. ലോകത്തിന്റെ അറ്റത്തോളം എന്റെ സാക്ഷികളാകണമെന്ന് അനുയായികളെ ഓർമ്മിപ്പിച്ച ക്രിസ്തുവിന്റെ ശരീരമായ സഭ, പിതാവെന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നു ചൊല്ലി ലോകത്തിലേയ്ക്കയക്കപ്പെട്ട സഭാ സമൂഹം, ഈ ലോകത്തിലുള്ള മിഷൻ അവഗണിക്കുന്നത് ആത്മഹത്യാപരമല്ലേ എന്നു ചിന്തിക്കേണ്ടതാണ്.

**1. ധാർമ്മികതയുടെ സുവിശേഷം**

അധാർമ്മികതയുടെ ഇരുളിൽ ധാർമ്മിക മൂല്യങ്ങളുയർത്തിപ്പിടിക്കുന്ന മനുഷ്യരുടെ പ്രായോഗിക ജീവിതാനുഭവങ്ങളുടെ വെളിച്ചം നിർണ്ണായക സ്വാധീനമാകും. സഭാംഗങ്ങൾ ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിന്റെ, ദൈവരാജ്യമൂല്യങ്ങളുടെ ആൾരൂപങ്ങളാകുമ്പോൾ അവരുടെ പ്രവർത്തന മേഖലകളിലെല്ലാം വിപ്ലവാത്മകമായ മാറ്റങ്ങളുണ്ടാകുമല്ലോ. കാർഗിൽ യുദ്ധത്തിൽ വീരചരമടഞ്ഞവരുടെ വിധവമാർക്കെന്ന പേരിൽ മുംബൈയിൽ ആരം

ഭിച്ച apartment complex മറ്റു പലർക്കും മറിച്ചു നൽകിയ സൊസൈറ്റിയുടെ പേര് ആദർശ് എന്നാണല്ലോ.

ആദർശത്തിന്റെ പൊയ് മുഖങ്ങളണിയുന്ന നേതാക്കളുടെയും ആളുകളുടെയും എണ്ണം വർദ്ധിക്കുമ്പോൾ സത്യം നീതി അഹിംസ, കുടുംബ ഭദ്രത, തുടങ്ങിയ മൂല്യങ്ങളുടെ സംരക്ഷകരുടെ എണ്ണം വർദ്ധിപ്പിക്കുക എന്നത് സഭയുടെ ഒരു പ്രധാന ദൗത്യമാകേണ്ടതാണ്. ക്രിസ്തുവിന്റെ ഭാവത്തിലേക്കു വളരുന്ന ദൈവീകരണം ആത്മീയ ജീവിതത്തിന്റെ പരമ പ്രധാന ലക്ഷ്യമായി സഭ പഠിപ്പിക്കുന്നത് ഈ അർത്ഥത്തിലാണ്.

കുടുംബ ശിഥിലീകരണത്തിന്റെ കൊടുങ്കാറ്റ് പടിഞ്ഞാറു നിന്ന് കിഴക്കോട്ടും ആഞ്ഞടിക്കുമ്പോൾ കുടുംബത്തിന്റെ അടിസ്ഥാനങ്ങൾ ഉറപ്പിക്കേണ്ടത് അനിവാര്യമാണ്. വിവാഹ മോചന നിരക്ക് വഴിമാറുമ്പോൾ ഏറ്റവും വലിയ തകർച്ച നേരിടുന്നത് കുട്ടികളാണ്. അമേരിക്കൻ ജയിലുകളിൽ കഴിയുന്ന ദീർഘകാല അന്തേവാസികളിൽ എഴുപതു ശതമാനവും പിതാവാരെന്നറിയാതെയോ പിതാവിന്റെ സാന്നിധ്യം അനുഭവിക്കാതെയോ വളർത്തപ്പെട്ടവരാണെന്നതാണ് സങ്കടകരമായ സത്യം. വടക്കേ അമേരിക്കയിൽ 1970 മുതൽ വിവാഹം കൂടാതെ, ദാമ്പത്യത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാതെ, ഒരുമിച്ചു കഴിയുന്ന സ്ത്രീ പുരുഷന്മാരുടെ എണ്ണത്തിൽ ആയിരം ശതമാനം വർദ്ധനവാണുണ്ടായിരിക്കുന്നത്.

ഈ പശ്ചാത്തലത്തിൽ ഭാരതീയ സംസ്ക്കാരത്തിന്റെയും പുരാതന ക്രിസ്തീയ പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള കുടുംബ ഭദ്രതയുടെയും വിശുദ്ധിയുടെയും അനുഭവം തുടർന്നുകൊണ്ടുപോകുക എന്നത് ഒരു സുപ്രധാന സുവിശേഷപ്രവർത്തനം തന്നെയാണ്.

**2) ദുരിത നിവാരണത്തിന്റെ സുവിശേഷം**


മനുഷ്യരുടെ ആത്മീയ മോചനത്തോടൊപ്പം ഭൗതിക ക്ഷേമവും ഉറപ്പാക്കിയുള്ള പ്രവർത്തനവുമായി യേശുവിന്റെ പരസ്യ ശുശ്രൂഷ. ആദിമനൂറ്റാണ്ടു മുതലേ സഭയുടെ തലയായ ക്രിസ്തുവിന്റെ ഈ ശൈലി തുടർന്നു പോരുവാൻ സഭയും ശ്രദ്ധിച്ചുപോന്നു. അന്നു മുതലേ ആരാധനയിൽ ലഭിക്കുന്ന കാണിക്ക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു പോന്നു. വലിയ മാർ ബസ്സേലിയോസ്, സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് തുടങ്ങിയ പരിശുദ്ധ പിതാക്കന്മാരുടെ പഠിപ്പിക്കലും പ്രവർത്തനങ്ങളും അവഗണിക്കപ്പെടുന്നവർക്കും കുഷ്ഠരോഗികൾക്കും ഒക്കെ നീതിയും നന്മയും ഒരുക്കുവാൻ സഭയേയും സമൂഹത്തേയും ഉത്തേജിപ്പിക്കുന്നവയായിരുന്നല്ലോ. നിങ്ങൾ സൂക്ഷിച്ചു വയ്ക്കുന്ന അപ്പവും വസ്ത്രവും പണവുമൊക്കെ സമൂഹത്തിൽ വിശക്കുന്നവനും നഗ്നനും ദരിദ്രനും അവകാശപ്പെട്ടതാണെന്ന് പഠിപ്പിച്ച നാലാം നൂറ്റാണ്ടിലെ വലിയ മാർ ബസ്സേലിയോസ് നീതിപൂർവ്വമായ വിതരണമില്ലാതെ കഴിയുന്ന സ്വാർത്ഥമതികൾ മോഷ്ടാക്കളാണെന്നു കൂടി പറഞ്ഞു വയ്ക്കുകയായിരുന്നല്ലോ. The sin of Being Rich in a Poor World എഴുതിയ അഭി. ഗീവർഗീസ് മാർ ഒസ്താത്തിയോസിന്റെ ശൈലിയും ഇതു തന്നെയാണ്.

ഏതു Staticstics നോക്കിയാലും ഇൻഡ്യയിലെ ദാരിദ്ര്യ രേഖയ്ക്കു താഴെ കഴിയുന്നവരുടെ എണ്ണം 26 കോടിയിലധികമാണ്. UN ന്റെ 180 രാജ്യങ്ങളുടെ മാനവ വികാസ സൂചികയിൽ ഇന്ത്യയുടെ ഇന്നത്തെ സ്ഥാനം 134–ാമത്. ആഗോളപട്ടിണി സൂചികയിൽ 88 രാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യ 66–ാമത്. UNICEF ന്റെ 2008–ലെ കണക്കനുസരിച്ച് 5 വയസ്സിനു താഴെ പോഷകാഹാരക്കുറവുള്ള കുട്ടികൾ ഇൻഡ്യയിൽ 48% വരും. ശതമാനക്കണക്കിന് മാത്രം (51%) എത്യോപ്യ ഒന്നാമതാണെങ്കിലും ഇത്തരം ദുരിതമനുഭവിക്കുന്ന കുട്ടികളുടെ എണ്ണം ഏറ്റവുമധികമുള്ള രാജ്യം ഇൻഡ്യ തന്നെ. ഇങ്ങനെയുള്ള ദാരിദ്ര്യാനുഭവത്തിന്റെ 75%വും ഇൻഡ്യയുടെ ഗ്രാമങ്ങളിലാണ്. അതുകൊണ്ടു തന്നെ ഷൈൻ ചെയ്യുന്ന ഇൻഡ്യൻ നഗരങ്ങളിൽ പട്ടിണികളിൽ നിന്നും മാറി ഗ്രാമങ്ങളിലേക്കും ചേരി പ്രദേശങ്ങളിലേക്കും വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും ജീവന്റെ മാന്യതയും ഉറപ്പുവരുത്തുന്ന പദ്ധതികളിലേക്ക് ഇടവകകളും സഭ മുഴുവനും ശ്രദ്ധ പതിപ്പിക്കുന്നത് അത്യാവശ്യമായിരിക്കുന്നത്. മിഷൻ പ്രവർത്തനങ്ങളെ ശക്തീകരിക്കുവാൻ പണം മാത്രമല്ല സേവനത്തിനായി ആളുകളെയും ആവശ്യമായിരിക്കുന്നു.

വർഗ്ഗീയതയിൽ നിന്നുള്ള മോചനത്തിനായി മതസൗഹാർദ്ദവും സമാധാനവും ഉണ്ടാക്കുവാനുള്ള നടപടികളും ഉണ്ടാകേണ്ടതാണ്.

**3. ക്രിസ്തുവിനെ പങ്കുവയ്ക്കുന്ന സുവിശേഷം:**

സമൃദ്ധമായ ജീവന്റെ ഉറവയും സമ്പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ സ്രോതസ്സുമായ ക്രിസ്തുവിനെ പരിചയപ്പെടുത്തിക്കൊടുക്കുകയും പകർന്നു നൽകുകയും ചെയ്യുന്ന സുവിശേഷീകരണ ശ്രമങ്ങൾ ഓർത്തഡോക്സ് സഭയ്ക്ക് വേണ്ടത്. അഭി. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെപ്പോലുള്ളവർ ദളിതരുടെ വിമോചനത്തിനും ഭൗതിക ക്ഷേമത്തിനും ശ്രദ്ധിച്ച



> **‘ മറ്റു മതങ്ങളെയും സംസ്ക്കാരങ്ങളെയും ഉൾക്കൊണ്ട് അർത്ഥവത്തായി ക്രിസ്തുവിനെ പകരുന്ന സുവിശേഷീകരണം ഓർത്തഡോക്സ് സഭകൾ മിഷന്റെ ഭാഗമായി കാണേണ്ടതാണ്. ’**




**BRIDE GROOM WANTED**

Orthodox parents from Pathanamthitta Dist. employed in Bokaro Steel City invite proposals for their daughter, born and brought up outside Kerala, MBA in HR, 23 yrs, 5'3" height, slim, employed in Chennai, from parents of professionally qualified employed boys below 29 years. We prefer Orthodox/Catholic boy born and brought up outside Kerala. Contact No.

**06542-256298, 09430313720**

**e-mail: kmalexander28@gmail.com**

**BRIDE GROOM WANTED**

Parents belonging to ancient Orthodox family, invite marriage proposal for their Daughter, 22 years, 162 cm,Weight:53 Kg ,Wheatish colour currently studying for MBA , Staying with parents in gulf from parents of professionally qualified christan Grooms based at north kerala .please respond with photo

Email- agrsaya@gmail.com

IndiaTel.9496364619, Bahrain. 00973 39182655

## സുവിശേഷത്തിന്റെ...

*17–ാം പേജിൽ നിന്നു തുടർച്ച...*

പ്പോൾ തന്നെ ക്രിസ്തുവിനെ അവർക്കു നൽകുവാനും ശ്രദ്ധിച്ചിരുന്നല്ലോ. റഷ്യൻ ഓർത്തഡോക്സ് സഭയിൽ നിന്ന് 1794–ൽ അലാസ്ക്കായിലെത്തിച്ചേർന്ന സന്യാസി സംഘം അവിടെ ആരംഭിച്ച സുവിശേഷീകരണം മൂലം അവിടെ ഓർത്തഡോക്സ് സഭ ആരംഭിച്ചു. അവരുടെ സംഘതലവനായ ഹെർമ്മോനെ പിന്നീട് റഷ്യൻ സഭ പരിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്തു. ആ പ്രവർത്തനം St. Innocent അവിടെ തുടർന്നു കൊണ്ടു പോയി. പിന്നീടത് അമേരിക്കയിലേക്കു മുഴുവനും വ്യാപിച്ചു. എവിടെ മിഷനറിയാകുന്നുവോ അവിടുത്തെ സംസ്ക്കാരത്തിന്റെ നല്ല വശങ്ങളെ ഉൾക്കൊണ്ട് അവരുടെ ഭാഷയിൽ ക്രിസ്തുവിനെ പങ്കു വയ്ക്കുമ്പോൾ പരിശുദ്ധാത്മാവ് ആവശ്യമായ മനം മാറ്റം വരുത്തിക്കൊള്ളും എന്ന ഉറപ്പാണിവിടെ കാണുന്നത്. മറ്റു മതങ്ങളെയും സംസ്ക്കാരങ്ങളെയും ഉൾക്കൊണ്ട് അർത്ഥവത്തായി ക്രിസ്തുവിനെ പകരുന്ന സുവിശേഷീകരണം ഓർത്തഡോക്സ് സഭകൾ മിഷന്റെ ഭാഗമായി കാണേണ്ടതാണ്.

വടക്കേ ഇന്ത്യയിലെ ചില ഓർത്തഡോക്സ് അൽമായ സുവിശേഷകർക്ക് തങ്ങളിലൂടെ ക്രിസ്തുവിനെ അറിഞ്ഞ തദ്ദേശ വാസികൾക്കും ഓർത്തഡോക്സ് സഭയുടെ ഇടവകകൾ അംഗത്വം നൽകാൻ ഇനിയും തയ്യാറാകുന്നില്ല എന്ന സങ്കടം അറിയിക്കാനുണ്ട്. ■

**BRIDE GROOM WANTED**

Malankara Orthodox Parents settled in NewYork invites proposals for their daughter 27 yrs. 5'6" fair M.D. She is doing 3rd year residency in a reputed hospital in NEWYORK. Seeking alliance from parents of boy's who have setttled in US and have the M.D./Dentist, qualifications. Please respond with photographs to

**tranquil186@yahoo.com**

**BRIDE GROOM WANTED**

Orthodox parents from Pathanamthitta Dist. invite proposals for their daughter, 26, 155 cm, MSc. BEd., SET from parents of professionaly qualified, God fearing Orthodox boys.
Contact:

**04734-270984**
**(M) 9846035804**

**BRIDE WANTED**

### Re-Marriage

Orthodox parents invite proposals for their son (remarriage) 48 yrs. 5'6" Slim, fair, God fearing Airline Poilot, US citizen settled in Detroit U.S.A. seeking alliance from God fearing qualified girls from U.S.A, Canada, Europe.

**Contact No. (India) 0495-3197878/ 9349730963, U.S.A. No. 001 7343893711**
**email: sthomasarbor@yahoo.com**

**BRIDE WANTED**

An Orthodox Family invite proposal for their son B.Tech, M.B.A, Age 27, Height 175 working in KSA as Engineer with family status, preferably B.D.S., M.B.B.S.

**Contact No.**

**(M) 9447462019**
**0474-2652935**

Demo-cracy

കെ.ജി. ജോർജ്, കൈപ്പട്ടൂർ

# അധികാര വികേന്ദ്രീകരണം പുരോഗതിയുടെ മാനദണ്ഡം

**COUNTY SYSTEM**

**ഗാന്ധിജിയുടെ ഗ്രാമസ്വരാജ് ഇനിയും ഒരു വിദൂരസ്വപ്നം മാത്രം**

അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് വാതോരാതെ സംസാരിക്കുകയും ലക്ഷ്യബോധമില്ലാതെ പ്രവർത്തിക്കുകയും ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. സ്വാതന്ത്ര്യം കിട്ടി 60 വർഷം കഴിഞ്ഞിട്ടും ഗ്രാമീണ ജനത, ദാരിദ്ര്യത്തിൽ നിന്നും ചൂഷണത്തിൽ നിന്നും ആശിച്ച വിധം മോചനം നേടാൻ കഴിഞ്ഞില്ല. കോടിക്കണക്കിനാളുകൾ ദരിദ്രരും വേണ്ട വിധത്തിൽ വിദ്യാഭ്യാസം ലഭിച്ചവരുമല്ല.

നമ്മുടെ ഭരണ സംവിധാനം ബ്രിട്ടീഷുകാർ നമ്മെ ഏൽപ്പിച്ചിട്ടു പോയ ഒരു ഭരണ ക്രമമാണ്. അധികാരം നിലനിർത്താൻ വേണ്ടി അവർ ബോധപൂർവ്വം ഉണ്ടാക്കിയ ഭരണ സംവിധാനം. സ്റ്റേറ്റ് തലത്തിൽ ചീഫ് സെക്രട്ടറിയും ജില്ലാതലത്തിൽ കളക്ടറും, താലൂക്ക് തലത്തിൽ തഹസീൽദാറും, വില്ലേജിൽ വില്ലേജാഫീസറുമാണ് ഭരണാധികാരികൾ. ഈ സംവിധാനം മേലേതലത്തിൽ നിന്നും ഉണ്ടാകുന്ന ഉത്തരവുകൾ അതേപടി നടപ്പിലാക്കാനുതകുന്ന യാന്ത്രിക നടപടി മാത്രമാകുന്നു. ജനങ്ങളുടെ വികാര വിചാരങ്ങളുമായോ പുരോഗതിക്കാസ്പദമായ മാനദണ്ഡങ്ങളെക്കുറിച്ചോ ഈ സംവിധാനത്തിന് താൽപര്യവുമില്ല ജനപങ്കാളിത്തവുമില്ല.

ഗാന്ധിജി ഇൻഡ്യയിൽ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട ഗ്രാമസ്വരാജ് അമേരിക്ക നൂറ്റാണ്ടുകൾക്കു മുൻപേ അത്യന്തം വിജയകരമായി നടപ്പിലാക്കി. അമേരിക്കൻ ഐക്യനാടുകളുടെ സ്വാതന്ത്ര്യ ലബ്ധിയോടെ അന്നത്തെ രാഷ്ട്രീയ വിചക്ഷണൻമാർ നടപ്പാക്കിയ ഗ്രാമസ്വരാജ് അഥവാ "കൗണ്ടി" എന്നറിയപ്പെ





ടുന്നു. കൗണ്ടിയുടെ ഭരണം തെരഞ്ഞെടുക്കപ്പെടുന്ന കൗൺസിലും, മേയറും ചേർന്നു നടത്തുന്നു. കൗണ്ടിയുടെ മുകളിൽ മറ്റധികാര കേന്ദ്രങ്ങളില്ല. തികച്ചും സ്വതന്ത്രം. സംസ്ഥാന, കേന്ദ്രസർക്കാരുകൾ ആവശ്യാനുസരണം ഗ്രാന്റും, ലോണും അടിയന്തിര ഘട്ടങ്ങളിൽ പ്രത്യേക ഗ്രാന്റും അനുവദിക്കുന്നു.

കൗണ്ടികൾ പരമാധികാര സമിതികളാകയാൽ സ്ക്കൂളുകൾ, ആശുപത്രികൾ, മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ, പോലീസ്, ഫയർഫോഴ്സ് തുടങ്ങിയവയെല്ലാം കൗണ്ടികളാണ് നടത്തുന്നത്. ഇവരുടെ ശമ്പളവും നിയന്ത്രണവുമെല്ലാം കൗണ്ടികളിൽ നിക്ഷിപ്തമാണ്. കൗണ്ടി പോലെയുള്ള ജനാധിപത്യ സംവിധാനം നിലവിൽ വന്നാൽ പ്രവചനാതീതമായ പുരോഗതി രാജ്യത്തുണ്ടാകും. ആ സംവിധാനത്തിൽ ജനങ്ങൾതന്നെ ജനങ്ങൾക്കു വേണ്ടിയുള്ള ഭരണമാണല്ലോ നടത്തുന്നത്. വിദ്യാഭ്യാസം, വാണിജ്യം, ആതുരശുശ്രൂഷ, വൈദ്യസഹായം തുടങ്ങിയ കാര്യങ്ങൾ അതീവ ബുദ്ധിമാന്മാരായ പ്രതിഭാധനന്മാർ മാത്രം നടത്തുന്നതിനാൽ പുരോഗതിയ്ക്ക് അളവുണ്ടാകയില്ല.

നമ്മുടെ പഞ്ചായത്തുകൾ, അതാണല്ലോ ഗ്രാമീണജനതയുടെ ഉദ്ധാരണത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഘടകം, ലക്ഷ്യബോധമില്ലാത്ത പ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ രൂപകൽപ്പന ചെയ്തിട്ടുള്ള പഞ്ചായത്ത് സംവിധാനം, ജനകീയോദ്ധാരണത്തിന് പര്യാപ്തമോ? ഇവിടെ പഞ്ചായത്തിന്റെ ഭരണത്തെ മൂന്നു തലത്തിൽ ക്രമീകരിച്ചിരിക്കുന്നു. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പഞ്ചായത്ത്, കൂടാതെ ഉദ്യോഗസ്ഥതലത്തിൽ താലൂക്ക് പഞ്ചായത്ത് ഓഫീസ്, ജില്ലാ പഞ്ചായത്ത് ഓഫീസ് അതിനു മുകളിൽ ഡയറക്ട്രേറ്റ് വരെ. മുകളിൽ പറഞ്ഞ മൂന്നു തലത്തിലും രാഷ്ട്രീയക്കാർക്കും അവരുടെ പിണിയാളുകൾക്കും അധികാരം പങ്കിടുന്നതിനുവേണ്ടിയുള്ളതാണ്. വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പണം അവരുടെ കീശ വീർപ്പിക്കുന്നതിനും, ആർഭാടങ്ങൾക്കും വേണ്ടി ചിലവഴിക്കുന്നു. ഭരണരംഗത്ത് കുറെ ഉദ്യോഗസ്ഥരും, അവരുടെ അഴിമതിയും, ചുവപ്പുനാടയും, എവിടെ ഗ്രാമീണ പുനരുദ്ധാരണം. കൗണ്ടികൾ അഥവാ പഞ്ചായത്തുകൾ പരമാധികാരസമിതികളാകുമ്പോൾ ജനങ്ങളുടെ മേൽ ബ്യൂറോ ക്രസിയുടെ കടന്നാക്രമണം ഇല്ലാതാവുകയും, കളക്ട്രേറ്റു പോലെയും തത്തുല്യങ്ങളായ അധികാരിവർഗങ്ങളും, ഭരണകേന്ദ്രങ്ങളും ഇല്ലാതാവുകയും ചെയ്യും. തന്മൂലം കോടാനുകോടി രൂപ രാജ്യത്തിന്റെ വികസനത്തിനും, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾക്കും ചിലവിടുവാൻ കഴിയും.

ഇൻഡ്യൻ ജനാധിപത്യ സംവിധാനത്തിൽ പാർട്ടിയാണ് ഒരു വ്യക്തിക്ക് സ്ഥാനാർത്ഥിത്വത്തിനുള്ള നോമിനേഷൻ നൽകുന്നത് തന്മൂലം സ്ഥാനാർത്ഥികൾ ജനങ്ങളോട് കൂറില്ലാത്തവരായി നേതൃത്വത്തിന്റെ എറാൻ മൂളികളായി അധപ്പതിക്കുന്നു. ഇവിടെ സ്വതന്ത്രചിന്തയും പ്രവർത്തനവും കബറടക്കപ്പെടുന്നു.


അമേരിക്കൻ ജനാധിപത്യ സംവിധാനത്തിൽ പ്രൈമറി ഇലക്ഷനിലൂടെ ഓരോ പാർട്ടിയുടെയും സ്ഥാനാർത്ഥികളെ ജനങ്ങൾതന്നെ തിരഞ്ഞെടുക്കുന്നു. പ്രൈമറിയിൽ കൂടുതൽ വോട്ടുകിട്ടുന്നയാൾ സ്ഥാനാർത്ഥിയാകും. മൊത്തം വോട്ടർമാരുടെ നിശ്ചിത ശതമാനം വോട്ടു കിട്ടണമെന്ന് മാത്രം. തന്മൂലം മേജർ പാർട്ടികൾക്കല്ലാതെ കൊച്ചുകൊച്ചു പാർട്ടികൾക്കോ, സ്വതന്ത്രർക്കോ, റിബലുകൾക്കോ അരങ്ങ് വാഴാൻ കഴിയുകയില്ല ജനങ്ങൾക്കിഷ്ടമില്ലാത്തവർ ഒരിക്കലും ഒരു പാർട്ടിയിലും സ്ഥാനാർത്ഥി ആവുകയില്ല. ഇവിടെയാണ് ജനങ്ങൾ യജമാനന്മാരും സ്ഥാനാർത്ഥികൾ ജനസേവകരും ആകുന്നത്.

ജനങ്ങളിൽ ഈ “കൗണ്ടി” ജനാധിപത്യത്തെക്കുറിച്ച് ഒരു അവബോധമുണ്ടാക്കുന്നതിനു ഒരു ജനകീയ മുന്നേറ്റം തന്നെ ആവശ്യമാണ്. ആയതിന് പത്രമാധ്യമങ്ങളും, മറ്റും പ്രസിദ്ധീകരണങ്ങളും, എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജനകോടികളുടെ മുൻപേ നടന്നു നീങ്ങുവാൻ താൽപര്യപ്പെടുന്നു. എല്ലാ ഗ്രാമങ്ങളും പട്ടണ പ്രദേശങ്ങളെ പോലെ ഉയരുവാൻ തക്കതുപോലെ ഗ്രാമങ്ങളെ സ്വയം ഭരണസ്ഥാപനങ്ങളാക്കുന്നതിനുവേണ്ടി ശബ്ദമുയർത്താം. ■

*For Favours Received*




Siju Edapavu



Roy, Koipuram

# കല്ലട വലിയ പള്ളിയും മാർ അന്ത്രയോസ് ബാവായും

**കൊ**ല്ലത്ത് കുടിയേറിപ്പാർത്ത സിറിയൻ ക്രിസ്ത്യാനികളുടെ പിൻഗാമികളാണ് കല്ലടയിലെ നസ്രാണികളെന്ന് വിശ്വസിക്കപ്പെടുന്നു. ഒൻപതാം നൂറ്റാണ്ടിലാണ് ദൈവമാതാവിന്റെ നാമത്തിലുള്ള കല്ലട പള്ളി സ്ഥാപിക്കപ്പെട്ടതെന്നും വിശ്വസിക്കപ്പെടുന്നു. പുരാതന ദേവാലയമെന്ന നിലയിൽ കല്ലട വലിയ പള്ളി അറിയപ്പെട്ടുവെങ്കിലും ഒരു തീർത്ഥാടന കേന്ദ്രമായി പ്രസിദ്ധമായിത്തീർന്നത് കല്ലട വല്യപ്പൂപ്പൻ എന്നറിയപ്പെടുന്ന മാർ അന്ത്രയോസ് ബാവ ഇവിടെ കബറടക്കപ്പെട്ടതോടുകൂടിയാണ്. 1670 മുതൽ 1686 വരെയുള്ള രണ്ടാം മാർത്തോമ്മായുടെ കാലത്ത് മൂന്ന് പിതാക്കന്മാർ കേരളത്തിൽ വന്നിട്ടുള്ളതും അവരിൽ എൽദോ മാർ ബസേലിയോസ് ബാവ കോതമംഗലം പള്ളിയിലും മാർ ഈവാനിയോസ് മുളന്തുരുത്തിയിലും മാർ അന്ത്രയോസ് കല്ലട പള്ളിയിലും കബറടങ്ങിയിട്ടുള്ളതുമാണ്. എ.ഡി. 1678–ൽ ശീമയിൽ നിന്ന് മൂന്ന് സഹോദരന്മാരോടൊപ്പം കേരളത്തിൽ എത്തിച്ചേർന്ന മാർ അന്ത്രയോസ് ബാവ കുറുപ്പുംപടി, പിറവം, മുളന്തുരുത്തി, വെട്ടിക്കൽ, മണർകാട്, പുത്തൻകാവ് തുടങ്ങി പ്രസിദ്ധങ്ങളായ ദേവാലയങ്ങൾ സന്ദർശിച്ച് ഒടുവിൽ 1682–ൽ കല്ലടപള്ളിയിലെത്തി. 1692 മാർച്ച് 2–ാം തീയതി കാലം ചെയ്ത് (കൊല്ല വർഷം 867 കുംഭം 19) കല്ലട പള്ളിയുടെ മദ്ബഹായിൽ കബറടങ്ങുകയും ചെയ്തു. ഇന്ന് കല്ലട വല്യപ്പൂപ്പന്റെ കബറും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയും സ്വദേശത്തും വിദേശത്തുമുള്ള നാനാജാതി മതസ്ഥരുടെയും ആശ്വാസ കേന്ദ്രവും അഭയസ്ഥാനവുമായി പരിണമിച്ചിരിക്കുന്നു. അനേകരുടെ അത്ഭുതകരമായ സൗഖ്യവും ആശ്വാസവും ഉദ്ദിഷ്ട കാര്യപ്രാപ്തിയും മുഖാന്തിരം കല്ലട പള്ളി ഇന്നും പുണ്യഭൂമിയായി കണക്കാക്കപ്പെടുന്നു. ഇപ്പോൾ കല്ലട വലിയപള്ളി മതമൈത്രിയുടെ കേന്ദ്രമായി ആത്മീക ശക്തികേന്ദ്രമായി തെക്കൻ മലങ്കരയുടെ യെരുശലേമായും വിശേഷിപ്പിക്കപ്പെടുന്നു. ഈ പ്രത്യേകതകളും ഇടവകയുടെ പുരാതനത്വവും മനസ്സിലാക്കി 2008 മെയ് മാസം 17–ാം തീയതി പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ കല്ലട വലിയ പള്ളിയെ സഭയുടെ ഒരു തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചു. എല്ലാവർഷവും കുംഭം 18, 19 തീയതികളിലാണ് ഇവിടത്തെ പെരുന്നാൾ.

**പ്രധാന സന്ദർശന സ്ഥലങ്ങൾ**


1. സെന്റ് മേരീസ് പള്ളി, 2. മാർ അന്ത്രയോസിന്റെ കബറിടം, 3. മാർ അന്ത്രയോസ് ധ്യാനമുറി, 4. മാർ അന്ത്രയോസ് വിശ്രമിച്ച പള്ളിമേട, 5. മാർ അന്ത്രയോസ് ഉപയോഗിച്ച സൗഖ്യദാന കിണർ, 6. മാർ അന്ത്രയോസ് ധ്യാന മന്ദിരം, 7. പള്ളിക്കടവ് (ആദ്യകാലങ്ങളിൽ വള്ളത്തിലാണ് ഇവിടെയെത്തിയിരുന്നത്; 8. ലൈബ്രറി

**പ്രധാന നേർച്ചകൾ**


പാളയും കയറും നേർച്ച, മെഴുകുതിരി നേർച്ച, മുത്തുക്കുട നേർച്ച, വെളിച്ചെണ്ണ നേർച്ച.

ഞായറാഴ്ച ആരാധനയും യാമപ്രാർത്ഥനകളും കൂടാതെ എല്ലാ ബുധനാഴ്ചകളിലും മേടയിൽ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനയും വെള്ളിയാഴ്ചകളിൽ ധ്യാനവും നടത്തിവരുന്നു.

## വികാരിമാർ



ഫാ. മാത്യു ഏബ്രഹാം തലവൂർ



ഫാ. ഒ. തോമസ്, പട്ടാഴി

## പ്രോഗ്രാം

*2011 ഫെബ്രുവരി 20 ഞായർ* 10.30 am : കൊടിയേറ്റ്

*ഫെബ്രുവരി 25 വെള്ളി* 10.00 am: ഒരുക്കധ്യാനം: റവ. ഫാ.ഫിലിപ്പ് തരകൻ തേവലക്കര.

*ഫെബ്രുവരി 26 ശനി* 10.00 am : കൊല്ലം ഭദ്രാസന സൺഡേ സ്കൂൾ അദ്ധ്യാപകസെമിനാർ – അഭി. സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്ത, റവ. ഫാ: ഡോ.ടി ജെ ജോഷ്വാ, ശ്രീ മോൻസി വർഗ്ഗീസ്.

*ഫെബ്രുവരി 27 ഞായർ* 8.30 am : വിശുദ്ധ കുർബ്ബാന– അഭി. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത 7.00 pm : കൺവൻഷൻ ഉദ്ഘാടനം–അഭി. യാക്കോബ് മാർ ഏലിയാസ് മെത്രാപ്പോലീത്ത; വചന ശുശ്രൂഷ–റവ. ഫാ. ജോജി കെ ജോയി, അടൂർ.

*ഫെബ്രുവരി 28 തിങ്കൾ* 7.00 pm:വചന ശുശ്രൂഷ–വെരി. റവ. ജോസഫ് ശാമുവേൽ കറുകയിൽ കോർ എപ്പിസ്കോപ്പ, തിരുവനന്തപുരം.

*മാർച്ച് 1 ചൊവ്വ (കുംഭം – 17)* 6.00 pm : സന്ധ്യാ നമസ്ക്കാരം–അഭി.യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്ത (ഡൽഹിഭദ്രാസനം) 7.00 pm : വചന ശുശ്രൂഷ–റവ ഫാ. മോഹൻ ജോസഫ്, കോട്ടയം.

*മാർച്ച് 02 ബുധൻ (കുംഭം – 18)* 7.30 am : പ്രഭാത നമസ്ക്കാരം; 8.00 am *വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന* –അഭി. ഡോ യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്ത; 4.00 pm *റാസ;* 6.00 pm സന്ധ്യാ നമസ്ക്കാരം (അഭി. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത.

*2011 മാർച്ച് 03 വ്യാഴം (കുംഭം – 19)* 7.30 am പ്രഭാത നമസ്ക്കാരം; 8.00 am : *വി. മൂന്നിന്മേൽ കുർബ്ബാന* – അഭി. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത
12.30 pm – വെച്ചൂട്ട്; 4.00 pm : പദയാത്രകൾക്ക് സ്വീകരണം
4.30 pm : *റാസ;* 6.30 pm: ആശീർവാദം ശ്ലൈഹിക വാഴ്വ്.

*അഡ്രസ്സ്:–*
സെന്റ്. മേരീസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്,
മാർ അന്ത്രയോസ് തീർത്ഥാടന കേന്ദ്രം
കല്ലട വലിയപള്ളി,
കടപുഴ, വെസ്റ്റ് കല്ലട, കൊല്ലം–697500,
ഫോൺ:–0476–2833747, 9447905560
**www.kalladavaliyapally.com**

# ST. GREGORIOS COLLEGE, UDAIPUR

**(Approved by the Higher Education Dept., Govt. of Rajasthan & Affiliated to Mohan Lal Sukhadia University, Udaipur)**

*Reg. Office: St. Gregorios Orthodox Church Society,*
*P.B.No.172, Kharakuan, New Bhupalpura,*
*Udaipur, Rajasthan -313 001*
*Phone: 0294- 6509360/ 2413801*
*E.mail: sgcollegeudaipur@gmail.com*
*www.stgregoriosudaipur.org*

## *Courses Offered:- B.Com, B.C.A., B.B.M.*

H.H. Moran Mar Baselios Marthoma Paulose II, The Supreme Head of Malankara Orthodox Church will inaugurate the new College on 4th March, 2011.H.G.Dr.Geevarghese Mar Yulios and H.G.Dr.Yuhanon Mar Dimetrios will grace the occasion. Dignitaries from Malankara Orthodox Church , Central Govt.& State Govt. Departments and local Administration will attend the inaugural ceremony.

**Fr.Saji Yohannan**
**(Chairman/Manager)**

---

# ST. GREGORIOS COLLEGE, UDAIPUR

(Managed by St.Gregorios orthodox Church Society, Udaipur)
Phone: 0294- 6509360 / 2413801
E.mail:sgcollegeudaipur@gmail.com

**Employment Notification 01/2011**

St.Gregorios College, Udaipur invites applications for the following positions:

(1) ***Principal*** (Preferably from Commerce background)
(2)***Lecturers*: B.Com - 2, B.B.M.- 2** (ABST/EAFM/Busi.Adm) **and B.C.A - 2**
(3) ***Guest Faculty* - 2** ( EVS & Business Communication, Hindi)
***(4)P.T.I , (5)Librarian, (6)Book Lifter, (7)U.D.C, (8)L.D.C, (9)Junior Accountant, (10)Receptionist, (11)Campus Supervisor, (12)Peon/Attendant – 3***

**Qualification and Experience :** as prescribed by the UGC/ MLS University, Udaipur/ Govt.of Rajasthan .Apply in the prescribed form available in the College office on payment of Rs.250/- in cash or Rs.300/- by D.D. to the **Manager, St.Gregorios College, P.B.No.172, New Bhupalpura, Udaipur-313001** within 10 days of this notification. Application Form can be downloaded from our Website **www.stgregoriosudaipur.org.** The last date for submission of application shall be 18th Feb, 2011.

Sd/-
Manager

# ക്രിസ്തുവിന് ഒരു വേറിട്ട വഴി

രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ക്രിസ്തുനാഥൻ ശിഷ്യഗണത്തിനു നൽകിയ വാഗ്ദാനം നൂറ്റാണ്ടുകൾക്കുശേഷം ജീവിക്കുന്ന നമുക്ക് ഉത്തേജനവും ശാന്തിയും പകരേണ്ടതാണ്. ഇന്ന് നമുക്ക് സ്വസ്ഥതയും സമാധാനവും ഇല്ല. ചുറ്റുപാടും പ്രശ്നനിബിഡമാണ്. ഭാര്യാഭർത്താക്കന്മാർ അസ്വസ്ഥരാണ്. എല്ലാം ഉണ്ടെങ്കിലും ഒരു ശൂന്യതാബോധം മനുഷ്യമനസ്സിനെ ഗ്രസിച്ചിരിക്കുന്നു. അന്യോന്യം പഴിചാരി രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ കുടുംബബന്ധങ്ങൾ തകരുകയാണ്. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും അറിവിന്റെ വിസ്മയാവഹമായ വളർച്ചയുടെയും യുഗമാണിത്. ആകാശ ഗോളങ്ങളും ആഴിയുടെ അടിത്തട്ടും സ്വന്തമാക്കുവാൻ മനുഷ്യനു കഴിഞ്ഞെങ്കിലും സ്വസ്ഥതയും സമാധാനവും കണ്ടെത്താനാവുന്നില്ല.



**റൈറ്റ്. റവ. തോമസ് സാമുവൽ**
(സി.എസ്.ഐ. മദ്ധ്യകേരള
മഹായിടവക ബിഷപ്പ്)

സമാധാനത്തിനെന്നു ഭവിച്ച് ചെയ്യുന്നതെല്ലാം മനുഷ്യനശീകരണത്തിനു കാരണമാകുന്നു. പണവും വരുമാനങ്ങളും മദ്യവും മയക്കുമരുന്നുമൊന്നും സൗഭാഗ്യം പ്രദാനം ചെയ്യുന്നില്ല. ഇതിനു കാരണം, നാമൊക്കെ ലോകം തരുന്ന സമാധാനത്തിനു പിന്നാലെയാണ്. ഉയിർത്തെഴുന്നനേറ്റവനായ ക്രിസ്തുനാഥനു മാത്രമേ യഥാർത്ഥ സമാധാനം നൽകുവാൻ കഴിയൂ.

സമ്പത്തും സ്ഥാനമാനങ്ങളും ഭൗതിക നേട്ടങ്ങളും സമാധാനം നൽകുകയില്ല. നൽകുമായിരുന്നെങ്കിൽ സമ്പന്ന രാഷ്ട്രങ്ങൾ സ്വർഗമാകുമായിരുന്നു. ക്രിസ്തുവാകുന്ന സമാധാനത്തിലേക്കുയരാതെ യഥാർത്ഥ സമാധാനം കൈവരിക്കുവാൻ മനുഷ്യനു സാധിക്കയില്ല.

സാധാരണ ജീവിതത്തിൽ നിന്ന് യേശുവിനെ മാറ്റിനിർത്തിയവർ ധാരാളമുണ്ട്. അവർ അന്വേഷിക്കുന്നത് സംതൃപ്തിയും സൗഭാഗ്യവുമാണെങ്കിലും ചെന്നെത്തിനിൽക്കുന്നത് വിപ്ലവപ്രസ്ഥാനങ്ങളിലും നിരീശ്വരത്വത്തിലുമാണ്. വശ്യസുന്ദരമായ വാഗ്ദാനങ്ങൾ നൽകുന്ന വിപ്ലവ പ്രസ്ഥാനങ്ങളുണ്ട്. യേശുവിലുള്ള വിശ്വാസത്തെ പരിരക്ഷിക്കുവാനും പ്രചരിപ്പിക്കുവാനും നമുക്ക് കഴിയണം. ലോകത്തിന്റെ പ്രലോഭനങ്ങളിൽ അകപ്പെടരുത്. സർപ്പങ്ങളെപ്പോലെ വിവേകികളാകണം.

നമുക്കൊക്കെ ധാരാളം പ്രശ്നങ്ങളുണ്ട്. മക്കളെക്കുറിച്ച് ഓർത്തു വിലപിക്കുന്ന മാതാപിതാക്കളുണ്ട്. മാതാപിതാക്കളെയോർത്ത് ഭാരപ്പെടുന്ന മക്കളുണ്ട്. ക്രൈസ്തവ ജീവിതം ലോകത്തിന്റെ പ്രശ്നങ്ങൾക്കു മുൻപിൽ എന്നും ഒരു വെല്ലുവിളയാണ്. സഹിക്കാനാവാത്ത വേദനയുണ്ടായപ്പോൾ കുരിശുപേക്ഷിച്ച മിശിഹായെയല്ല നാം കാണുന്നത്. കുരിശിനെയും മരണത്തെയും ജയിച്ച് ഉയിർത്ത കർത്താവാണ് നമ്മുടെ രക്ഷിതാവ്. ക്രിസ്തുവിന്റെ ധീരത സ്വാംശീകരിച്ച ഒരുപാടു വിശുദ്ധന്മാരുടെ രക്തത്തിലാണ് സഭ വളർന്നിരിക്കുന്നത്. വേദനയും രോഗദുഃഖങ്ങളും സധൈര്യം സ്വീകരിക്കയാണ് ക്രൈസ്തവ ധർമ്മം. വേദനയുടെ കാഠിന്യത്തിൽ തളർന്നു പോകരുത്. ലോകത്തെ ജയിച്ച കർത്താവ് നമ്മോടുകൂടെയുണ്ട്. കുരിശിന്റെ ഭാരം താങ്ങാനാവാതെ വരുമ്പോൾ യേശുവിനെ മുറുകെപ്പിടിക്കണം. സ്വയത്തെ ത്യജിച്ച് ക്രൂശു വഹിച്ച് നടക്കാൻ നാം പഠിക്കണം. ■

# ഗുരുക്കന്മാരുടെ



പ്രൊഫ. നൈനാൻ ഏബ്രഹാം

പുതുപ്പള്ളിയിൽ ആരംഭിച്ച് കാൺപൂർ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ പദവി വരെ എത്തിയ അദ്ദേഹം തന്റെ ജീവിതം തന്നെ വിദ്യാഭ്യാസത്തിനായി ഉഴിഞ്ഞു വച്ച മഹാ വ്യക്തിയാണ്.

അനേകം അദ്ധ്യാപകരുടെ അദ്ധ്യാപകനും അനുകരണീയ ഗുണങ്ങളുടെ മൂർത്തീഭാവവുമായ ഒരാൾ നവതിയുടെ നിറവിൽ നമ്മുടെ ഇടയിൽ ജീവിക്കുന്നു-കാറ്റില്ലാത്തയിടത്ത് കത്തിച്ചു വച്ച വിളക്കിലെ ദീപം പോല സ്ഥിതപ്രജ്ഞനായി പ്രൊഫ. നൈനാൻ ഏബ്രഹാം.

പുതുപ്പള്ളി പയ്യപ്പാടി കടുപ്പിൽ വർഗീസിന്റെയും അന്നമ്മയുടെയും മകനായി 1921 നവംബർ 22-ന് ജനിച്ച നൈനാൻ പുതുപ്പള്ളി സെന്റ് ജോർജ് സ്ക്കൂളിലാണ് വിദ്യാഭ്യാസം ആരംഭിച്ചത്. പുതുപ്പള്ളിയിൽ ആരംഭിച്ച് കാൺപൂർ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ പദവി വരെ എത്തിയ അദ്ദേഹം തന്റെ ജീവിതം തന്നെ വിദ്യാഭ്യാസത്തിനായി ഉഴിഞ്ഞുവച്ച മഹാവ്യക്തിയാണ്.

ആലുവ യു.സി. കോളജ് (1939) മദ്രാസ് ക്രിസ്ത്യൻ കോളജ് (1942) എന്നീ പ്രശസ്ത കലാലയങ്ങളിൽ നിന്നു യൂണിവേഴ്സിറ്റി റാങ്കും സ്വർണ്ണമെഡലും നേടി പഠനം പൂർത്തിയാക്കിയ നൈനാൻ എന്ന യുവാവിനെ കാത്തുനിന്ന അവസരങ്ങൾ അനേകമായിരുന്നു. അന്ന് തുച്ഛമായ ശമ്പളത്തിൽ ആലുവ യു.സി. കോളജ് ഇംഗ്ലീഷ് വകുപ്പിൽ അദ്ധ്യാപകനായി ചേരാൻ അദ്ദേഹം തീരുമാനിച്ചത് ഒരു ദൈവ നിയോഗം ആയിരുന്നു. പ്രസിദ്ധമായ ചാക്കോ ഹോസ്റ്റലിന്റെ വാർഡനായും അദ്ദേഹം സേവനമനുഷ്ഠിച്ചു.

1950-ൽ ബ്രിട്ടീഷ് കൗൺസിൽ സ്കോളർഷിപ്പ് നേടി ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പഠിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. അവിടെനിന്നും ബി.ലിറ്റും, എം.ലിറ്റും കരസ്ഥമാക്കി നാട്ടിലെത്തിയ അദ്ദേഹം നാഗ്പൂർ ഹിസ്ലോപ്പ് കോളജിൽ അദ്ധ്യാപകനായി ചേർന്നു.

1955-ൽ സഭയുടെ പ്രഥമ കലാലയമായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ പ്രിൻസിപ്പലായി സാരഥ്യം ഏറ്റെടുത്ത പ്രൊഫ. നൈനാൻ ഏബ്രഹാം ആ സ്ഥാപനത്തെ മികച്ച ഉന്നതവിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റി. കാൺപൂർ ക്രൈസ്റ്റ് കോളജ് പ്രിൻസിപ്പലായി കാൽ നൂറ്റാണ്ടുകാലം സേവനമനുഷ്ഠിക്കാനുള്ള നിയോഗം ലഭിച്ച അദ്ദേഹത്തിന് ആ കാലയളവിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവ ഉൾപ്പെടെ പല മഹദ്വ്യക്തികളുടെയും അദ്ധ്യാപകനായിരിക്കാൻ അവസരം ലഭിച്ചു. കാൺപൂർ യൂണിവേഴ്സിറ്റി, ആഗ്ര യൂണിവേഴ്സിറ്റി കാൺപൂർ ഐ.ഐ.ടി. എന്നിവയുടെ എക്സിക്യൂട്ടീവ് കൗൺസിലുകളിൽ അംഗമായിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആഗ്ര സെന്റ് ജോൺസ്, ഗോരക്പൂർ സെന്റ് ആൻഡ്രൂസ്, അലഹബാദ് ഇവിങ്ങ് ക്രിസ്ത്യൻ കോളജ്, അലഹബാദ് അഗ്രികൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട്, ലക്നോ തോബേൺ കോളജ് എന്നിവയുടെ ഗവേർണിംഗ് കൗൺസിലുകളിലും അംഗമായിരുന്നു.

ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗണനീയമായ സംഭാവനകൾ നൽകിയ ആൾ ഇന്ത്യാ അസ്സോസിയേഷൻ ഫോർ ക്രിസ്ത്യൻ ഹയർ എജുക്കേഷൻ എന്ന മഹാപ്രസ്ഥാനത്തിന്റെ സ്ഥാപക പ്രിൻസിപ്പൽ

# ഗുരു

ന്മാരിൽ ഒരാൾ പ്രൊഫ. നൈനാൻ ഏബ്രഹാം ആയിരുന്നു.

വിദ്യാഭ്യാസ രംഗത്തെ സംഭാവനകളുടെ അംഗീകാരം എന്ന നിലയിൽ കാൺപൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലറായി നിയമിതനായ അദ്ദേഹം 7 വർഷക്കാലം ആ സ്ഥാനം വഹിച്ചു. റിട്ടയർ ചെയ്തതിനു ശേഷം കേരളാ സെന്റർ ഫോർ ക്രിസ്ത്യൻ ഹയർ എഡ്യുക്കേഷൻ ഡയറക്ടറായി അഞ്ചര സംവത്സരം ഉന്നത വിദ്യാഭ്യാസ രംഗത്തെ മാർഗ്ഗദർശിയായി വർത്തിച്ചു. പ്രൗഢമായ പ്രഭാഷണങ്ങളിലൂടെ, പണ്ഡിതോചിതമായ പ്രബന്ധങ്ങളിലൂടെ, അദ്ദേഹം ആദർശാധിഷ്ഠിത, മൂല്യാധിഷ്ഠിത-വിദ്യാഭ്യാസത്തിനുവേണ്ടി നിലകൊണ്ടു. ഏറ്റവും മികച്ച വിദ്യാഭ്യാസ പ്രവർത്തകനായുള്ള ഗുഡ്ഷെപ്പേർഡ് അവാർഡിന് അദ്ദേഹം അർഹനായി.

അദ്ധ്യാപിക ആയിരുന്ന ഭാര്യ എലിസബത്ത് മൂന്നരവർഷം മുമ്പ് നിര്യാതയായി. കോട്ടയം കാരിത്താസ് ആസ്പത്രിയിൽ സർജനായ ഡോ. ബോബി, ടൊറൊന്റോയിൽ ചാർട്ടേർഡ് അക്കൗണ്ടന്റായ ആനി എന്നിവർ മക്കളാണ്.

ലളിത ജീവിതവും ഉയർന്ന ചിന്തയും സംശുദ്ധമായ സേവനവും ഒത്തുചേർന്നാൽ അതാണ് നൈനാൻ എബ്രഹാം സർ. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ അടുത്ത ബന്ധുകൂടിയായ പ്രൊഫ. നൈനാൻ എബ്രഹാം പൗരസ്ത്യ ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ സ്ഥാപക പ്രവർത്തകരിൽ ഒരാളാണ്. സഭയിൽ സുസ്ഥിര സമാധാനത്തിനായി പ്രാർത്ഥനയോടെ കാത്തിരിക്കുകയാണ് വന്ദ്യ വയോധികനായ ഗുരുക്കന്മാരുടെ ഗുരു.

പ്രൊഫ. പി.സി. ഏലിയാസ്




# കാര്യവിചാരകത്വം

- മുള്ളും പറക്കാരയും മുളയ്ക്കുന്ന മണ്ണിലേക്കാണ് നാം വീണത്. ദൈവസ്നേഹം അളവറ്റതായത്കൊണ്ട് ശാപത്തിൽ പോലും ഒരനുഗ്രഹം നിക്ഷേപിച്ചിട്ടുണ്ടാവും. വിയർപ്പെടുക്കാതെ ഒരു അതിജീവനവും സാധ്യമല്ലല്ലോ! മണ്ണ് കടഞ്ഞ് ഫലമെടുക്കുന്നത് ഒരു ആത്മീയ പ്രവർത്തനമാണ്. അതിനോളം തീ പിടിച്ച പണിയൊന്നും ഭൂമിയിൽ ഇതുവരെയുണ്ടായിട്ടില്ല. വീണുപോയത് ഉടമസ്ഥതയുടെ തർക്കത്തിലാണ്; പഴം പറിക്കാനുള്ള അവകാശസമരത്തിലാണ്. കാര്യവിചാരകത്വത്തിന്റെ വീഴ്ചയാണ് സ്വകാര്യവത്ക്കരണത്തിലേക്ക് നയിക്കുക. അന്നും ഇന്നും.
- വി. അംബ്രോസിന്റെ കത്തിൽ പറയുന്നു, 'കയീൻ' എന്ന വാക്കിന് 'ഉടമസ്ഥത' (ownership) എന്നൊരർത്ഥമുണ്ടത്രെ! ദൈവനടത്തിപ്പിൽ വിശ്വാസം നഷ്ടപ്പെട്ട് കാര്യവിചാരകത്വം കളഞ്ഞുകുളിക്കുന്ന അപ്പന് ജനിക്കുന്നത് പിന്നീട് ഉടമയാകാനുള്ള/ ദൈവമാകാനുള്ള ഇച്ഛയാണ്. അത് നയിക്കുന്നത് സഹോദരന്റെ കൊലപാതകത്തിലേക്കാണ്; ഒടുക്കം വലിയ പ്രളയത്തിൽ കലാശിക്കുന്നു.
- ദൈവത്തിന് പ്രീതികരമായ തരത്തിൽ അദ്ധ്വാനിക്കാനറിയാത്തിടത്തും അദ്ധ്വാനഫലം കാഴ്ചവയ്ക്കാൻ പറ്റാത്തിടത്തും അസൂയതാനേ ഉണ്ടാവും. അസൂയ അസ്ഥികളെ തകർക്കുമെന്നറിയാം. മരണകരമായ പാപങ്ങളുടെ പട്ടികയിൽ അത് കണ്ടിട്ടുണ്ട്. എന്നിട്ടും ദൈവത്തിന് പ്രസാദകരവും മനുഷ്യർക്ക് കൊള്ളാവുന്നതുമായ തരത്തിൽ അദ്ധ്വാനിക്കാൻ എനിക്കാവുന്നില്ല! മണ്ണ്കുഴച്ച് കണ്ണുകളിൽ വെളിച്ചം തേച്ച്പിടിപ്പിച്ച് തമ്പുരാൻ കാട്ടിത്തന്നിട്ടും മണ്ണിൽ നിന്ന് വെളിച്ചമുണ്ടാക്കാൻ തന്റെ സംസർഗ്ഗം മതിയെന്ന് പഠിപ്പിച്ചിട്ടും എന്റെ അന്ധത മാറുന്നില്ല. മണ്ണിൽ നിന്നന്നിയുണ്ടാക്കുന്ന കല അന്യമാകുന്നുണ്ട്. ആരുടെയും സങ്കടങ്ങൾ കേൾക്കാനാവാത്തവിധം ഞാൻ മനുഷ്യനല്ലാതായിരിക്കുന്നു. മുള്ളും പറക്കാരയും പറുദീസായിലേക്കുള്ള വഴിയിൽത്തന്നെ എന്നത് മറന്ന് പോകുന്നു.
- മനുഷ്യനാണെന്നത് വിസ്മരിക്കുക എത്ര ഭയാനകമാണ്. ഡാർവ്വിന്റെ ഈ കുറിപ്പിൽ ഇത്തിരി സത്യമുണ്ടെന്ന് തോന്നുന്നു, "ഒരാപ്പിളിന് ഒരാപ്പിളാകാനേ പറ്റൂ, ഒരു മനുഷ്യന് ചിലപ്പോഴൊക്കെ മനുഷ്യനല്ലാതാകാൻ പറ്റു"മത്രേ! മാലാഖമാർ മനുഷ്യരോട് അസൂയപ്പെടുന്നത് എന്തിനെന്നറിയുമോ? നൊമ്പരങ്ങൾ സൂക്ഷിക്കുന്ന അവന്റെ ഹൃദയത്തെ പ്രതിയാണ്. വെളിച്ചമുള്ള വാക്കുകൾ മെനയുന്ന അവന്റെ ഹൃദയത്തിലെ അഗ്നിയെ ചൊല്ലിയാണ്.
- ശരിക്കും, കത്തുന്ന ഒരു മുൾപ്പടർപ്പ് ഹൃദയത്തിൽ ആളിപ്പടരാതെ നില്ക്കുന്ന സ്ഥലത്തിന്റെ വിശുദ്ധിയെക്കുറിച്ച് ഒരു തിരിച്ചറിവും നമുക്കുണ്ടാവില്ല. നടപ്പുകളുടെ വിശുദ്ധി എപ്പോഴും സമ്മാനിക്കുന്നത് ഏദൻ തോട്ടത്തിന്റെ ഓർമ്മതന്നെയാണ്; ജീവിതത്തിന്റെ തെളിമയെക്കുറിച്ച് മാത്രമാണ്.
- തിരുവചനം:- "അവനെ എടുത്തിരുന്ന നിലത്ത് കൃഷിചെയ്യേണ്ടതിന് യഹോവയായ ദൈവം അവനെ ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കി. ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു." (ഉല്പത്തി. 3:23)

- സഖേർ

# കത്തീഡ്രൽ പ്രഖ്യാപനം

1960 ഒക്ടോബറിൽ കോൺഗ്രിഗേഷനായും, 1963മെയിൽ സ്വതന്ത്ര ഇടവകയായും പ്രഖ്യാപിക്കപ്പെട്ട ഗുജറാത്ത് സ്റ്റേറ്റിലെ, മലങ്കരഓർത്തഡോക്സ് സഭയുടെ ആദ്യ ഇടവകയായ അഹമ്മദാബാദ് സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയം, 1975 ഒക്ടോബറിൽ പണി പൂർത്തിയാക്കി സ്ഥിരകൂദാശ നടത്തപ്പെട്ടു. 2004ൽ പുനർനിർമ്മാണം നടത്തുകയുണ്ടായി. അഹമ്മദാബാദ് ഭദ്രാസന ആസ്ഥാന പള്ളിയായ ഈ ദേവാലയം മാർച്ച് 6 – ാം തിയതി, പ. കാതോലിക്ക ബാവാ മോറാൻ മാർ ബസ്സേലിയോസ് പൗലോസ് ദ്വിതയൻ തിരുമനസ്സുകൊണ്ട് കത്തീഡ്രൽ ആയി പ്രഖ്യാപിക്കപ്പെടുന്നു




Advt.

# സുന്ത്രോനീസോ

അഹമ്മദാബാദ് ഭദ്രാസനാധിപനായ അഭി. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സുന്ത്രോണീസോ, 2011 മാർച്ച് 5ാം തിയതി ശനിയാഴ്ച, അഹമ്മദാബാദ് സെന്റ് മേരീസ് ഇടവകയുടെ സെന്റ് തോമസ് ചാപ്പലിൽ വച്ച് പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു.



ഹൃദയപൂർവ്വമായ പ്രാർത്ഥനാശംസകൾ

**വികാരി, സഹവികാരി, മാനേജീങ്ങ്കമ്മറ്റി, ഇടവകഅംഗങ്ങൾ**
**സെ. മേരിസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, അഹമ്മദാബാദ്**
**ഗുജറാത്ത്**

Advt.



# ശമര്യാംഗന - ആദ്യ ബൈബിൾ മോഹിനിയാട്ടം

**വി.** യോഹന്നാന്റെ സുവിശേഷം 4 ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ശമര്യാക്കാരി സ്ത്രീയുടെ കഥ മോഹിനിയാട്ട രൂപത്തിൽ അവതരിപ്പിച്ചു. ആദ്യമായാണ് ഒരു ബൈബിൾ കഥ കേരളത്തിന്റെ തനതു ക്ലാസിക്കൽ കലാരൂപമായ മോഹിനിയാട്ടമായി ആവിഷ്കരിക്കപ്പെടുന്നത്. 2011 ജനുവരി 5 ന് നിലയ്ക്കൽ ഭദ്രാസനത്തിൽപ്പെട്ട വയലത്തല മാർ ക്ലീമീസ് ബത്ശീൻ ഓർത്തഡോക്സ് പള്ളിയിലാണ് ആദ്യാവതരണം നടന്നത് ക്രിസ്ത്യൻ ഫൈൻ ആർട്സ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സുപ്രസിദ്ധ നർത്തകി കലാമണ്ഡലം ശ്രീദേവി മോഹനും സംഘവുമാണ് ബൈബിൾ കഥയുടെ ആവിഷ്കാരം അരങ്ങിൽ അവതരിപ്പിച്ചത്. റാന്നി സെന്റ് തോമസ് കോളജിലെ മലയാളവിഭാഗം അദ്ധ്യാപകനും ബത്ശീൻ ഇടവക വികാരിയുമായ ഫാ. പ്രൊഫ. മാത്യൂസ് വാഴക്കുന്നമാണ് മോഹിനിയാട്ടത്തിന്റെ രചന നിർവ്വഹിച്ചത്. സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ വയനാട്, നീലഗിരി, കണ്ണൂർ മേഖലകളിൽ വൈദികശുശ്രൂഷ അനുഷ്ഠിച്ചിരുന്ന വാഴക്കുന്നം അച്ചൻ സമീപകാലത്താണ് നിലയ്ക്കൽ ഭദ്രാസനത്തിൽ ശുശ്രൂഷ ആരംഭിച്ചത്. കാട്ടൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമായ വാഴക്കുന്നത്ത് പരേതനായ പ്രൊഫ. വി.സി. മാത്യുവിന്റെയും കൊട്ടാരക്കര ആവിയോട്ട് റിട്ട. അദ്ധ്യാപിക റെയ്ച്ചൽ മാത്യുവിന്റെയും മകനായ മാത്യൂസ് വാഴക്കുന്നം അച്ചന്റെ പത്നി എം.ഡി.കോർപറേറ്റ് മാനേജ്മെന്റ് അദ്ധ്യാപിക സാറാ മാത്യുവാണ്. ഏകമകൻ - ഹനോക്ക് മാത്യു വാഴക്കുന്നം. ആദ്യമായി ഒരു ക്രൈസ്തവൻ എഴുതിയ ബൈബിൾ ആട്ടക്കഥ ഇയ്യോബ് ചരിതം അച്ചന്റെ രചനയാണ്. സാഹിത്യരചനയിൽ സജീവമായ അച്ചൻ ഒ.വി.ബി.എസ് ഗാനങ്ങളിലൂടെ കുട്ടികൾക്കിടയിലും ശ്രദ്ധേയനാണ്.

നിലയ്ക്കൽ ഭദ്രാസനാധിപൻ അഭി. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്തയാണ് ആദ്യാവതരണത്തിനു മുന്നോടിയായി അനുഗ്രഹപ്രഭാഷണം നടത്തിയത്. മോഹിനിയാട്ടത്തിന്റെ പതിവുരീതിയിൽ നിന്നും ഭിന്നമായി ശൃംഗാരഭാവമൊഴിവാക്കി ലാസ്യകരുണാദിഭാവങ്ങൾക്ക് മുൻതൂക്കം നൽകിയാണ് ശമര്യാംഗന എന്ന പേരിൽ നൃത്താവിഷ്കാരം അരങ്ങേറിയത്. വിദേശികളടക്കമുള്ള ജനാവലിയെ സാക്ഷിനിർത്തി അവതരിപ്പിക്കപ്പെട്ട ശമര്യാംഗന സദസ്യരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രീഭവിച്ചു. കലാമണ്ഡലം ശ്രീദേവി മോഹനോടൊപ്പം ഒൻപത് നർത്തകിമാർ രംഗത്തെത്തി. ശമര്യാദേശത്തിനു സമീപമായുള്ള സുഖാർ പട്ടണത്തിന്റെ വർണ്ണന, യേശു ദേവന്റെ കരുണയെ വെളിപ്പെടുത്തുന്ന സംഭവങ്ങൾ, ശമര്യാക്കാരി സ്ത്രീയുടെ മുൻജീവിതാവസ്ഥ, ആത്മസത്യത്തെ തിരിച്ചറിഞ്ഞ സ്ത്രീയുടെ സന്തോഷാവം ആദിയായി സംഘനൃത്തത്തിന്റെ സാധ്യതകൾ കൂടി ഈ ആവിഷ്കാരത്തിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ■





# സ്നേഹപൂർവ്വം ഇടയാടി അച്ചന്

മലങ്കരസഭാ മാസികയുടെ ചരിത്രത്തെ വർണ്ണങ്ങൾ കൊണ്ട് നിറച്ച ബഹുമാനപ്പെട്ട റ്റി. എ. ഇടയാടി അച്ചന് കുന്നോളം പൂക്കൾക്കൊണ്ട് നന്ദി!

ഒരു പ്രസ്ഥാനത്തിന്റെ സമ്പത്ത് അതിന്റെ വിചാര ബോധമുള്ള നേതൃനിരയാണ്. എത്രതന്നെ സാമ്പത്തിക പിൻബലമുണ്ടെങ്കിലും ദീർഘവീക്ഷണമില്ലാത്ത പുത്രന്മാർ സ്വന്തം ചരിത്രത്തെ പന്നിക്കൂട് വരെ കൊണ്ടുപോകാറുണ്ട്. മലങ്കരസഭയെപ്പറ്റി ഇത്രയേറെ സ്വപ്നം കണ്ടു നടന്ന അംഗുലീപരിമിതമായ ആളുകളേ ഉണ്ടായിട്ടുള്ളൂ. സ്വന്തമായൊരു ടൈപ്പ്റൈറ്റർ പോലുമില്ലായിരുന്ന ഒരു ഓഫീസ് കംപ്യൂട്ടർ വൽക്കരണം നടത്തിയതിന്റെ ക്രെഡിറ്റ് അച്ചനു തന്നെയാണ്. അതും ദേവലോകം അരമനകെട്ടിടങ്ങളിൽ ആദ്യമായി. എഡിറ്റോറിയൽ ബോർഡിന്റെ അകമഴിഞ്ഞ പിന്തുണയും, വായനാലോകത്തിന്റെ വരവേല്പും മലങ്കര സഭാ മാസികയുടെ കരുത്തായിരുന്നു എങ്കിൽപോലും പ്രയത്നങ്ങളുടെ നല്ല കാലം (ഏകദേശം 15 വർഷം) ഇവിടെ ചെലവാക്കി സ്വന്തം കുഞ്ഞിനെപ്പോലെ ഇതിനെ പരിപോഷിപ്പിച്ചു.

പെയ്ഡ് ന്യൂസുകൾ അടക്കി വാഴും കാലം, ആത്മാർത്ഥതയെ പെട്ടിയിലാക്കി അലസഗമനം നടത്താതെ ആത്മബോധത്തിന്റെ അക്ഷരങ്ങൾ പ്രകാശിപ്പിച്ചത് സ്മരിക്കുന്നു. മൂന്ന് ചീഫ് എഡിറ്റർമാരോടൊത്ത് പ്രവർത്തിച്ചു. സമഭാവനയോടെ...

കാലമിനിയും വരും, മലങ്കരയെന്ന മഹാമേരുവിന്റെ ചരിത്രത്തിൽ ധിഷണയുടെ കാലം കുറിച്ച ഇടയാടി അച്ചനെ ആരും വിസ്മരിക്കാതിരിക്കാനാണ് ഈ ഹൃദയക്കുറിപ്പ്.

നന്ദി പറയാനാവില്ല ഒന്നിനും

എങ്കിലും...

മലങ്കരസഭാ മാസിക പ്രവർത്തകർ

---



## നിയമിതനായി

ആയൂർ കൂരോംവിളയിൽ തിരുമംഗലം ഷാലു ലൂക്കോസ് കത്തനാരെ മലങ്കരസഭാ മാസികയുടെ സബ് എഡിറ്ററായി എഡിറ്റോറിയൽ ബോർഡു പ്രസിഡന്റ് അഭി. സഖറിയ മാർ അന്തോണിയോസ് തിരുമേനി നിയമിച്ചു.

ആയൂർ പനച്ചുമൂട്ടിൽ ആശ ആണ് ഭാര്യ.

മക്കൾ : ആദ്ര, തീർത്ഥ




വലിയ ഓർത്തഡോക്സുകാരെന്ന് ഉദ്ഘോഷിക്കുന്ന പലരോടും അടുത്തു പെരുമാറുമ്പോഴാണ് അവരുടെ തനിനിറം അനുഭവപ്പെടുന്നത്. നമ്മുടെ ഓർത്തഡോക്സ് വിശ്വാസംപോലെ തന്നെ നമ്മുടെ ഹൃദയവും പരിശുദ്ധമായിരിക്കട്ടെ.

# പരീശന്മാരുടെ ‘ഓർത്തഡോക്സി’

**ഭാഗ്യസ്മരണാർഹനായ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ രചനയിൽ നിന്നും**

സുവിശേഷങ്ങൾ പരിശോധിച്ചുനോക്കിയാൽ പല അവസരങ്ങളിലും കർത്താവ് ശക്തിയായി വിമർശിച്ചിട്ടുള്ള രണ്ടുകൂട്ടരായിരുന്നു പരീശന്മാരും ശാസ്ത്രികളും. ഇവരെപ്പോലെതന്നെ കർത്താവു ശാസിച്ചിട്ടുള്ള മറ്റൊരു കൂട്ടരാണ് സാദൂക്യർ. എങ്കിലും പരിശീന്മാരുടെമേലും ശാസ്ത്രിമാരുടെ മേലും തന്റെ വിമർശനഖണ്ഗം നിപതിച്ചതുപോലെ അത്ര കൂടുതലായി ഇവരുടെ മേൽ നിപതിച്ചതായി സുവിശേഷരേഖയിലില്ല.

മൂന്നു കൂട്ടരും യഹൂദസമുദായത്തിൽ പ്രാധാന്യമർഹിക്കുന്നവരാണ്. മറ്റ് ജാതികളുമായി കൂടിചേരാതെ വേർതിരിഞ്ഞുനിന്നു മറ്റ് യഹൂദമതത്തിന്റെ പ്രത്യേക ഉപദേശങ്ങളെ അക്ഷരപ്രകാരം പാലിക്കുന്നതിന് ശ്രമിക്കുന്നവരായിരുന്നു പരീശന്മാർ. അവർ മതപരമായി ഓർത്തഡോക്സ് നില അവലംബിച്ചിരുന്നു. സാദൂക്യർ, എസ്സീൻസ് (Essences) എന്നീ രണ്ട് യഹൂദ വർഗ്ഗക്കാരിൽ നിന്നും പരീശന്മാരുടെ നില വിഭിന്നമായിരുന്നു. (എസ്സീൻ വർഗ്ഗക്കാർ ലോകത്തോടുള്ള കെട്ടുപാടു കുറച്ച് വിജനസ്ഥലങ്ങളിൽ ശാന്ത ജീവിതം നയിച്ചവരായിരുന്നതുകൊണ്ട് നമ്മുടെ കർത്താവും ശിഷ്യന്മാരും ഇവരോടു നേരിടുന്നതായി സുവിശേഷങ്ങളിൽ കാണുന്നില്ല.) യഹൂദന്മാരുടെ ന്യായപ്രമാണത്തെ അക്ഷരംപ്രതി പാലിക്കുന്നതിൽ നിഷ്കർഷിച്ചിരുന്ന പരീശന്മാർ മതകാര്യങ്ങളിൽ സ്വതന്ത്രചിന്ത അനുവദിച്ചിരുന്നില്ല. ന്യായപ്രമാണത്തിനുപരിയായി മോശയുടെ കാലം മുതൽ നിലനില്ക്കുന്ന പാരമ്പര്യങ്ങൾ (Oral traditions) അഥവാ രഹസ്യോപദേശങ്ങൾ അവർക്കുണ്ടായിരുന്നു. എഴുതപ്പെട്ട ന്യായപ്രമാണം പോലെതന്നെ ഈ പാരമ്പര്യങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണെന്ന് അവർ കരുതിയിരുന്നു. ന്യായപ്രമാണത്തിന്റെ ശരിയായ വ്യാഖ്യാനങ്ങളും പ്രായോഗരീതികളും ദൈവം തന്നെ സീനായി മലയിൽവെച്ച് മോശയ്ക്കു വെളിപ്പെടുത്തിക്കൊടുത്തതായും അതു വാചാരീതിയിൽ പരമ്പരാഗതമായി അഭ്യസിപ്പിക്കപ്പെടണമെന്നു ദൈവം കല്പിച്ചതായും അവർ വിചാരിക്കുന്നു.

സാദൂക്യർ പരീശന്മാരെ അപേക്ഷിച്ച് തുലോം ചെറിയ സംഘമായി

തന്നെങ്കിലും പൗരോഹിത്യ പ്രാധാന്യമുള്ള ആ വർഗ്ഗമായിരുന്നു. പരീശന്മാരുടെ പാരമ്പര്യങ്ങളും വ്യാഖ്യാനങ്ങളും അവർ നിഷേധിച്ചിരുന്നതു കൂടാതെ ആത്മാവിന്റെ അമർത്യത, പുനരുത്ഥാനം, ഭാവിയിലുള്ള ശിക്ഷയും രക്ഷയും, ദൂതന്മാരിലും ആത്മാക്കളിലുമുള്ള വിശ്വാസം, എന്നിവയും തള്ളിക്കളഞ്ഞിരുന്നു. മതകാര്യങ്ങളിൽ സ്വതന്ത്രചിന്തയ്ക്കും യുക്തിക്കും അവർ പ്രാധാന്യം കല്പിച്ചിരുന്നു. അതിനാൽ ഇവരെ യഹൂദമതത്തിലെ നവീകരണക്കാർ എന്നു സംബോധന ചെയ്യാവുന്നതാണ്.

ശാസ്ത്രികളുടെ പ്രധാന ജോലി വേദപുസ്തകം പകർത്തുകയായിരുന്നു. വേദപുസ്തകവുമായുള്ള അടുത്ത പരിചയം നിമിത്തം അവർ ന്യായശാസ്ത്രികൾ (Lawyers), ന്യായപ്രമാണത്തിന്റെ റാബികൾ (ഗുരുക്കന്മാർ) എന്ന നിലയിൽ ജനതാമദ്ധ്യേ ബഹുമാനിക്കപ്പെട്ടിരിക്കുന്നു. പരീശന്മാരുമായ ഇവർ ഉറ്റ ബന്ധം പാലിച്ചിരുന്നു. പരീശന്മാർക്കുണ്ടായിരുന്ന നിയമത്തോടും പാരമ്പര്യങ്ങളോടുമുള്ള ഭക്തി ശാസ്ത്രികൾക്കുമുണ്ട്.

കർത്താവിന്റെ കാലത്തു പരീശന്മാരുടെ ഓർത്തഡോക്സ് നില ആത്മാവില്ലാത്ത ബാഹ്യാചാരങ്ങളായി (Formalism) പരിണമിച്ചിരുന്നു. സ്വതന്ത്ര ചിന്തയുടെ പ്രമത്തത ഹേതുവായി ലോകത്തിന്മേലുള്ള ദൈവത്തിന്റെ ദിവ്യപരിപാലനത്തിന് സാദൂക്യരുടെ ഉപദേശങ്ങൾ വലിയ കോട്ടം വരുത്തിയിരിക്കുന്നു. ശാസ്ത്രിമാരുടെ ദുർവ്യാഖ്യാനങ്ങൾ ന്യായപ്രമാണത്തെ വിരൂപപ്പെടുത്തി. ഇക്കാര്യങ്ങളാലാണ് ഈ മൂന്നു കൂട്ടരേയും വളരെ നിശിതമായി കർത്താവ് അവഹേളിക്കുന്നതായി സുവിശേഷങ്ങളിൽ കാണുന്നത്. 'നിങ്ങൾ, നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും' കുരുടന്മാരുടെ വഴികാട്ടികളെ!, പാമ്പുകളെ!, സർപ്പസന്തതികളെ!, മൂഢന്മാരെ!, കപടഭക്തിക്കാരെ! ഈദൃശമായ സംബോധനകൾ ഇവരോടു കർത്താവിനുണ്ടായിരുന്ന വെറുപ്പിനെ പ്രത്യക്ഷമാക്കുന്നുണ്ട്.

വിശുദ്ധ മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായത്തിൽ ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നേർക്കുള്ള തന്റെ വിദ്വേഷത്തിന്റെ കാരണം കാണുന്നുണ്ട്. 11 ശാസ്ത്രിമാരും പരീശന്മാരും മോശയുടെ പീഠത്തിൽ ഇരുന്നു. ഈദൃശ നിരൂപണങ്ങളിൽ നിന്നും പരീശന്മാരുടെയും ശാസ്ത്രിമാരുടെയും സാദൂക്യരുടെയും പുളിച്ച മാവു എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്. പരീശന്മാരുടെ പുളിച്ച മാവു കപട ഭക്തി പ്രകടനം (Ostentation) നിഗളം, ആത്മാവില്ലാത്ത ബാഹ്യാചാര പ്രകടനം, ധർമ്മാധർമ്മ ശങ്കാവിഷബാധ (Serupulosity), ആത്മീയമല്ലാതെ അക്ഷരപ്രകാരമുള്ള വർത്താനരീതി. എന്നിവയായിരിക്കുമ്പോൾ സാദൂക്യരുടെ പുളിച്ചമാവു ലൗകിക ചിന്താഗതിയും ഹാസ്യാത്മകമായ അവിശ്വസങ്ങളും (Seeptcisin)മായിരുന്നു.

പരീശന്മാരുടെയും ശാസ്ത്രിമാരുടെയും സാദൂക്യരുടെയും പുളിച്ച മാവിനെപ്പറ്റി കുറ്റം പറയുമ്പോൾ ക്രിസ്ത്യാനികളായ നമ്മിൽ ഇത്തരം പുളിച്ചമാവു സ്ഥിതിചെയ്യുന്നുണ്ടെയന്ന് സ്വയം പരിശോധന നടത്തേണ്ടതാണ്. പരീശന്മാരേയും ശാസ്ത്രികളെയും സാദൂക്യരെയും പോലെ കാതോലിക വിശ്വാസികളെന്നും ഓർത്തഡോക്സുകാരെന്നും നവീകരണക്കാരെന്നും ഉള്ള വിവിധ നിലകളിൽ നാമും പിരിഞ്ഞു നില്പുണ്ട്. ഓരോരുത്തരും സത്യവിശ്വാസം മുറുകെപിടിച്ചിരുന്നുവെന്ന് അഭിമാനിക്കുന്നു. ഒരുകൂട്ടർ വേദപുസ്തകത്തെപ്പോലെ തന്നെ പാരമ്പര്യത്തിനു സ്ഥാനം കൊടുക്കുമ്പോൾ മറുകൂട്ടർ പാരമ്പര്യങ്ങളെ അവഗണിച്ച് വേദപുസ്തകത്തിൽ മാത്രം ആശ്രയം വെയ്ക്കുന്നു. ഒരു കൂട്ടർ കർമ്മാനുഷ്ഠാനങ്ങളിൽ നിഷ്ക്കർഷിക്കുമ്പോൾ അവ ഒന്നുമില്ലെന്ന് മറുകൂട്ടർ വാദിക്കുന്നു. ഒരുകൂട്ടർ ആചാര്യത്വത്തെ ശ്ളാഘിക്കുമ്പോൾ മറുകൂട്ടർ അതിനെ നിഷേധിക്കുന്നു. ഒരു കൂട്ടർ ആത്മാക്കളുടെ സജീവസ്ഥിതിയെ വിശ്വസിക്കുകയും അവരോടും അവർക്കുവേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ മറുകൂട്ടർ ആത്മാവിന്റെ മൗനാവസ്ഥയെ പ്രഖ്യാപനം ചെയ്യുകയും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും മരിച്ചവരോടു പ്രാർത്ഥിക്കുന്നതും വ്യർത്ഥമാണെന്ന് ശഠിക്കുകയും ചെയ്യുന്നു. ഒരു കൂട്ടർ മാലാഖമാരെ മദ്ധ്യസ്ഥരായി കരുതുമ്പോൾ മദ്ധ്യസ്ഥൻ ക്രിസ്തു മാത്രമാണെന്ന് മറുകൂട്ടർ വാദിക്കുന്നു.

മനുഷ്യനും ദൈവവുമായി, മനുഷ്യനും മനുഷ്യനുമായുള്ള ബന്ധമാണ് തന്റെ ദൃഷ്ടിയിൽപെടുന്നത്. സത്യവിശ്വാസം വേണ്ടന്നല്ല, പക്ഷേ സത്യവിശ്വാസം ഉണ്ടായിരിക്കുന്നതു കൊണ്ടു മാത്രമാകയില്ല. നമ്മുടെ ഭക്തി കപടഭക്തിയായിത്തീരുന്നതിന് ഇടയാകരുത്. ഹൃദയത്തിൽ ശോധന ചെയ്യുന്ന ദൈവത്തെ നാം ആരാധിക്കുന്നുവെന്ന് നാമെപ്പോഴും ഓർത്തിരിക്കണം. മതത്തോടുള്ള നമ്മുടെ മനോഭാവം പലപ്പോഴും കേവലം നിഗളത്തിനും പ്രകടനത്തിനുമായിത്തീരാറുണ്ട്. കർമ്മാനുഷ്ഠാനങ്ങളും പ്രാർത്ഥനകളും വെറും ബാഹ്യാനുഷ്ഠാനങ്ങളായി മാത്രം പരിണമിക്കാതെ ആത്മീയ പ്രകാരമായിരിക്കുന്നതിന് നാം നൂക്ഷിക്കണം. കൂദാശകൾ മുതലായവ അക്ഷരപ്രകാരമായിരിക്കുന്നതോടൊപ്പം തന്നെ സത്യം, നീതി കരുണ എന്നിങ്ങനെയുള്ള വിശിഷ്ട ഗുണങ്ങൾ നമ്മുടെ പ്രായോഗിക ജീവിതത്തിലും ഇടപാടുകളിലും നാം പരിശീലിക്കണം.

വിശ്വാസം എത്രതന്നെ വിശിഷ്ടമായിരുന്നാലും അത് മനുഷ്യന്റെ ജീവിത ചർച്ചകളെയും സ്വഭാവത്തെയും ഇടപാടുകളെയും ഉൽകൃഷ്ടമാക്കുന്നില്ലെങ്കിൽ നിഷ്പ്രയോജനമാകുന്നു. വലിയ ഓർത്തഡോക്സുകാരെന്ന് ഉദ്ഘോഷിക്കുന്ന പലരോടും അടുത്തു പെരുമാറുമ്പോഴാണ് അവരുടെ തനിനിറം അനുഭവപ്പെടുന്നത്. നമ്മുടെ ഓർത്തഡോക്സ് വിശ്വാസംപോലെ തന്നെ നമ്മുടെ ഹൃദയവും പരിശുദ്ധമായിരിക്കട്ടെ. ഇടപാടുകളിൽ ചൂഷണവും സംസാരങ്ങളിൽ കുടുസ്സായ മനഃസ്ഥിതിയും പ്രവർത്തനങ്ങളിൽ അനീതിയും അക്രമവും അവിശ്വസ്തതയും കാണിച്ച് അസന്മാർഗ്ഗികജീവിതം നയിക്കുന്ന ഒരുവന് ഓർത്തഡോക്സ് വിശ്വാസമുണ്ടായിരുന്നാലും നീതിയെ കവിയുന്നില്ലെങ്കിൽ നാം ദൈവരാജ്യത്തിൽ കടന്നിട്ടുണ്ടെന്ന് പറയാൻ കഴിയുമോ? ■

## മലങ്കരയുടെ പരിശുദ്ധ ഗീവർഗീസ്... *13-ാം പേജിൽ നിന്നു തുടർച്ച...*

വിദ്യാഭ്യാസപരവും, സുവിശേഷപരവുമായ പ്രവർത്തനങ്ങളുടെയും വളർച്ചയുടെ കാലമായിരുന്നു. അഗ്നിശുദ്ധി വരുത്തിയ ഒരു നായകന്റെ ആത്മചൈതന്യം സഭാ ശരീരത്തിലേക്ക് പകർന്നത് കാണാതെ, കോടതിതിണ്ണയിലൂടെ മാത്രം അദ്ദേഹത്തെ അനുധാവനം ചെയ്ത് ചരിത്രം കുറിച്ചവർക്ക് തെറ്റുപറ്റിയത് വൈകിയാണെങ്കിലും അവർ തിരിച്ചറിഞ്ഞുകാണും.

പകലോമറ്റം തറവാട്ടിൽ ഉൾപ്പെടുന്ന മല്ലപ്പള്ളി പവ്വോത്തിക്കുന്നേൽ വട്ടശ്ശേരി (കുടുംബത്തിൽ) യൗസേഫിനും ഏലിക്കും 1858 ഒക്ടോബർ 31-ാം തീയതി ജനിച്ച ഗീവർഗ്ഗീസ് മല്ലപ്പള്ളി, കോട്ടയം എം. ഡി. സെമിനാരി, പഴയസെമിനാരി, എന്നിവിടങ്ങളിൽ പഠനം നിർവ്വഹിച്ചു. 1879ൽ ശെമ്മാശനും അടുത്തവർഷം കശീശയും ആയി മാറുമ്പോൾ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെയും, പരുമല തിരുമേനിയുടെയും മനസ്സിൽ ഒരു താരോദയചിത്രം വ്യക്തമായി. പരുമല സെമിനാരിയിലും കോട്ടയം സെമിനാരിയിലും മല്പാനാകുവാനും, കോട്ടയം എം. ഡി. സെമിനാരി സ്കൂളിന്റെ ഓണററി പ്രിൻസിപ്പാളാകുവാനും, പരുമലയിൽ സെമിനാരി മാനേജരാകുവാനും ഒക്കെയുള്ള അദ്ദേഹത്തിന്റെ നിയോഗങ്ങൾ ആ ഗുരുഭൂതന്മാരുടെ ദർശനസാക്ഷാത്ക്കാരമായിരുന്നു. മലങ്കര അസോസിയേഷൻ അദ്ദേഹത്തെ മെത്രാനായും, മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായും തെരഞ്ഞെടുത്തതിനെ തുടർന്ന്, 1908 ൽ യരുശലേമിൽ വച്ച് മെത്രാൻ സ്ഥാനം പ്രാപിച്ചു. 1909 ൽ മലങ്കരമെത്രാപ്പോലീത്തായായി സ്ഥാനം പ്രാപിച്ചതിനെതുടർന്ന് സഭയ്ക്കു മുഴുവനായും സഭയുടെ ഭാവിയെ ദർശിച്ചും ചില നിലപാടുകൾ എടുക്കുവാൻ നിർബന്ധിതനായി. അതിന്റെ ഫലമായി അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുള്ള രണ്ടാമന്റെ അധികാരവ്യാമോഹങ്ങളെ ചെറുത്തു നിൽക്കേണ്ടതായി വന്നു. ഭിന്നിപ്പിച്ചു ഭരിക്കാനുള്ള പാത്രിയർക്കീസിന്റെ ദുർബുദ്ധി 1911ൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുന്ന തന്ത്രം പ്രയോഗിച്ചു. മലങ്കരമെത്രാപ്പോലീത്ത എന്നനിലയിലുള്ള വട്ടശ്ശേരി തിരുമേനിയുടെ സ്ഥാനസാധുതയും, വട്ടിപ്പണപ്പലിശ പറ്റുവാനുള്ള അർഹതയും, ട്രസ്റ്റുവസ്തുക്കളുടെ മേലുള്ള അദ്ദേഹത്തിന്റെ അവകാശവും ഒക്കെ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട വ്യവഹാരങ്ങളുടെ ഒരു നിരതന്നെ അദ്ദേഹത്തിനെതിരായുണ്ടായി. 1912ൽ അബ്ദേദ്മിശിഹാ പാത്രിയർക്കീസിന്റെ ആഗമനവും മലങ്കരയിൽ കാതോലിക്കേറ്റിന്റെ ആവിഷ്ക്കരണവും നടന്നത് ബാവാക്കക്ഷിയും മെത്രാൻകക്ഷിയും തമ്മിലുള്ള തുറന്ന പോരാട്ടങ്ങൾക്ക് തന്നെ വഴിതെളിച്ചു. ഭീഷണികളും, കൈയേറ്റശ്രമങ്ങളും, കൊലപാതകശ്രമങ്ങളും അതിന്റെ ഭാഗമായി. പക്ഷേ, കാർമേഘപാളികളെ ഭേദിച്ചുയരുന്ന സൂര്യനെപ്പോലെ മാർ ദീവന്നാസ്യോസ് അജയ്യനായി തെളിഞ്ഞു. മലങ്കരസഭയ്ക്കുവേണ്ടി ഒരു ഭരണഘടനാ നക്കൽ മാർ ദീവന്നാസ്യോസ് തയ്യാറാക്കിയത് "കേരളകേസരി" പത്രത്തിൽ 1932 ൽ പ്രസിദ്ധീകരിച്ചത്, പിന്നീട് പാസ്സാക്കപ്പെട്ട മലങ്കരസഭാഭരണഘടനയ്ക്ക് അടിസ്ഥാന രേഖകളിൽ പ്രധാനപ്പെട്ടതായി പ്രയോജകീഭവിച്ചു. സംഭവബഹുലമായ സഭാശുശ്രൂഷ പൂർത്തീകരിച്ച് എഴുപത്താറാം വയസ്സിൽ, 1934 ഫെബ്രുവരി 23 വെള്ളിയാഴ്ച, മാർ ദീവന്നാസ്യോസ് ശാന്തി തീരമണഞ്ഞു. പിറ്റേദിവസം, പഴയസെമിനാരി ചാപ്പലിൽ മലങ്കരയുടെ മൂന്നാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയന്റെ പ്രധാന കാർമ്മികത്വത്തിൽ കബറടക്കപ്പെട്ടു. ആ പുണ്യവാൻ, 2003 ഫെബ്രുവരി 24ന് മലങ്കരസഭയുടെ രണ്ടാമത്തെ പ്രഖ്യാപിത പരിശുദ്ധനായി വിളംബരം ചെയ്യപ്പെട്ടു.

പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയെ മലങ്കരസഭാ ചരിത്രത്തിൽ അനശ്വരനാക്കുന്ന അഞ്ചു കാര്യങ്ങൾ ലഘുവായി സൂചിപ്പിക്കുന്നു:

### 1. പ്രകടനപരതയില്ലാത്ത ഭക്തിജീവിതം

പരി. വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ച് പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ നടത്തിയ ചരമപ്രസംഗത്തിൽ ഇങ്ങനെ പറയുന്നു: ".......നമ്മുടെ കർത്താവ് ഉഗ്രമായി ശപിച്ചിട്ടുള്ള കപടഭക്തിയുടെ നിഴൽപോലും അദ്ദേഹത്തിൽ ഇല്ലായിരുന്നു. നമ്മൾ ആരോടടുത്ത് ഇടപെടുന്നുവോ അവരുടെ ജീവിതരഹസ്യങ്ങൾ നമുക്ക് ഗ്രഹിപ്പാൻ സാധിക്കുന്നതാണല്ലോ. നാം ചെറുപ്പം മുതൽ അദ്ദേഹത്തോടുകൂടെ താമസിച്ചുട്ടുള്ളവനും അടുത്തു പെരുമാറിയിട്ടുള്ളവനും അത്രെ. ദൈവത്തിന് ഇഷ്ടമുള്ള നടപടികളല്ലാതെ ഒന്നും അദ്ദേഹത്തിന്റെ ആത്മീയ ജീവിതത്തിൽ നാം കണ്ടിട്ടില്ല. ആത്മീയ കാര്യങ്ങളിൽ അവിടുന്ന് എത്രയും ക്രമവും നിഷ്ഠയും ഉള്ളവനായിരുന്നു എന്നതിനു നാം ദൃക്സാക്ഷിയാണ്...."

### 2.വിനയാന്വിതമായ പാണ്ഡിത്യം

പരി. വട്ടശ്ശേരിൽ തിരുമേനി എല്ലാ അർത്ഥത്തിലും ജ്ഞാനത്തിന്റെ നിറകുടം ആയിരുന്നു. സുറിയാനി ഭാഷയിലുള്ള അവഗാഹം, കാനോൻ പരിജ്ഞാനം, വേദപുസ്തക ജ്ഞാനം, വേദശാസ്ത്രപരമായ പാണ്ഡിത്യം ഇവയിലൊക്കെ അതുല്യമികവ് അദ്ദേഹത്തിനുണ്ടായിരുന്നു. സുറിയാനി ഭാഷയിലുള്ള അവഗാഹവും മറ്റെല്ലാ സംഗതികളും തെളിയിക്കുവാൻ പര്യാപ്തമായവയാണ് അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും, കോടതി മൊഴികളും, "മതോപദേശസാരങ്ങൾ" എന്നഗ്രന്ഥവും. ഗ്രീഗോറിയോസ് ബാർ എബ്രായ സുറിയാനിയിൽ സമാഹരിച്ചെഴുതിയ ഹൂദായകാനോനും, മ്നാറസ് കാദീശായും, സൽഗെയും ഒക്കെയാണ് മേൽപറഞ്ഞവയ്ക്ക് ആധാരമായ ഗ്രന്ഥങ്ങൾ.

### 3. മലങ്കരസഭയ്ക്ക് തനതായ ഒരു ഭരണവ്യവസ്ഥയുടെ ദർശനം

വിദേശസഭകൾ അതിക്രമങ്ങൾ കാട്ടിയ ചരിത്രത്തിൽ നിന്നും പാഠം പഠിച്ച് പൗരാണികവും, പൗരസ്ത്യവും തദ്ദേശീയവുമായ ഒരു സ്വതന്ത്ര സഭയുടെ ഭരണവ്യവസ്ഥിതി വട്ടശ്ശേരിൽ തിരുമേനിയുടെ സ്വപ്നമായിരുന്നു. മലങ്കരയുടെ കാതോലിക്കാ സ്ഥാപനത്തിന്റെ ആവിഷ്ക്കരണവും, ഭരണഘടനാ സംവിധാനവും, ആ വ്യവസ്ഥിതിയ്ക്ക് അസ്ഥിവാരമിട്ടു. ഇതിന്റെ മുഴുവൻ മഹത്വവും വട്ടശ്ശേരിൽ തിരുമേനിയ്ക്ക് അവകാശപ്പെട്ടതാണ്. ഭരണഘടനയെക്കുറിച്ച് പറയുമ്പോൾ അദ്ദേഹം തയ്യാറാക്കിയ ഭരണഘടനാ-നക്കലിലെ 150 വകുപ്പുകൾ ദർശിച്ച ഒരു സഭാദർശനം, 1934ലെ ഭരണഘടനയിൽ ഭാഗികമായി മാത്രമേ സാക്ഷാത്ക്കരിക്കപ്പെട്ടുള്ളൂ എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. (പ്രസ്തുത ഭരണഘടന-നക്കൽ ഒരു പുനർവിചിന്തനത്തിന് അടിസ്ഥാനരേഖയാകണം എന്ന നിർദ്ദേശവും ഇക്കൂട്ടത്തിൽ സമർപ്പിക്കുകയാണ്. പ്രസ്തുത

നക്കൽ "മലങ്കരനസ്രാണികൾ" പത്താം വാല്യം അഥവാ മാർ ഗീവറുഗീസ് ദീവന്നാസ്യോസിന്റെ "നിത്യാക്ഷരങ്ങൾ" എന്ന ഗ്രന്ഥത്തിൽ പേജ് 507 മുതൽ 537 വരെ കൊടുത്തിട്ടുണ്ട്).

**4. ആരാധനാ സാഹിത്യത്തിലെ സമന്വയ സംഭാവന**

മലങ്കരസഭാംഗങ്ങൾക്ക് സുറിയാനിയിലെ ഞായറാഴ്ച (കൃംത) നമസ്കാരവും വി. കുർബ്ബാനക്രമവും മലയാള ഭാഷയിൽ സമ്പൂർണ്ണമായി ലഭ്യമാക്കിയത് വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മല്പാനും, കോനാട്ട് മാത്തൻ മല്പാനും ചേർന്നാണ്. അവയുടെ ആദിരൂപം പരുമല തിരുമേനി തന്നെ ചിട്ടപ്പെടുത്തിയിരുന്നതിനെ സുറിയാനി മൂലത്തോട് ഒത്തുനോക്കി, ഗീതങ്ങൾക്ക് കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുടെ സഹായത്തോടെ ഈണം നൽകി അച്ചടിപ്പിച്ചു പ്രചരിപ്പിക്കുന്നതിൽ അവർ വിജയിച്ചുവെന്നതിന്റെ തെളിവാണ് ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും ആ പ്രാർത്ഥനകളും ഗീതങ്ങളും അതേപടി സഭയിൽ ഉപയോഗിക്കപ്പെടുന്നത്.

**5. പൊതുജീവിതത്തിലെ സുതാര്യത**

വട്ടശ്ശേരിൽ തിരുമേനിയുടെ ഡയറിക്കുറിപ്പുകളും, വിൽപ്പത്രവും, പരിശോധിച്ചാൽ ആ ജീവിതത്തിന്റെ സുതാര്യത വ്യക്തമാകും. അതിന്റെ അനുഭവസാക്ഷ്യം അടുത്തറിഞ്ഞവർ രേഖപ്പെടുത്തിയിട്ടുമുണ്ട്. സെക്രട്ടറിയായിരുന്ന ബഹു. മണലിൽ യാക്കോബ് കത്തനാരും, സാമ്പത്തിക കാര്യങ്ങളിൽ ഒരു പങ്കാളിയായിരുന്ന ഇസഡ് എം. പാറേട്ടും, തങ്ങളുടെ രചനകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ അതിൽ ചിലത് മാത്രം. മലങ്കരമെത്രാപ്പോലീത്താ എന്നനിലയിൽ തനിക്കു ലഭ്യമായതെല്ലാം സഭയുടെ മേൽവിലാസത്തിൽ ലഭിച്ചതാണെന്നും, അതിലൊന്നും കേവലം സ്വകാര്യസമ്പാദ്യം ആയി കരുതുവാൻ പറ്റില്ലെന്നും അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നതിന്റെ തെളിവാണ് വിൽപ്പത്രം. (മലങ്കര നസ്രാണികൾ പത്താം വാല്യം–നിത്യാക്ഷരങ്ങൾ മൂന്നാം വാല്യം–പേജ് 703–715) അതിലൊരിടത്ത് താഴെപ്പറയുന്ന പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. എത്രമാത്രം അർത്ഥവത്തും പ്രസക്തവുമാണെന്ന് വായനക്കാർക്ക് തീരുമാനിക്കാം: ''.....മേൽപട്ടക്കാർക്കുള്ള സമ്പാദ്യങ്ങൾ അവരുടെ മരണശേഷം ഒരു എപ്പിസ്ക്കോപ്പൽ ഫണ്ടായി ശേഖരിച്ചു എപ്പിസ്ക്കോപ്പൽ സിനഡിന്റെ ഭരണത്തിൻ കീഴിൽ മേൽപട്ടക്കാരുടെ ആവശ്യത്തിനും ഉപയോഗത്തിനുമായി നിശ്ചയിക്കണമെന്ന് നമുക്ക് അഭിപ്രായമുള്ളതിനാൽ അതുംപ്രകാരം ഒരു എപ്പിസ്ക്കോപ്പൽ ഫണ്ട് സ്ഥാപിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള ഒരു നിയമം നമ്മുടെ അസോസിയേഷന്റെ ആലോചനയോടു കൂടി എപ്പിസ്ക്കോപ്പൽ സിനഡ് പാസ്സാക്കുന്നതായാൽ നമ്മുടെ ഈ വിൽപ്പത്രപ്രകാരം ചെലവു നീക്കി ബാക്കിയുണ്ടാകുന്ന നമ്മുടെ സകല സമ്പാദ്യങ്ങളും കൂടെ ടി. എപ്പിസ്ക്കോപ്പൽ ഫണ്ടിലേക്ക് ചേർത്തുകൊള്ളേണ്ടതാകുന്നു".

*(ലേഖകന്റെ അടിക്കുറിപ്പ്: വിൽപ്പത്രങ്ങൾ എഴുതി കടന്നുപോയ പിതാക്കന്മാരുടെ നിയമാനുസൃത നടപടിക്കാർ, ആയതിൻ പ്രകാരം പ്രവർത്തിച്ചോ, പ്രസ്തുത ഇടപാടുകളിൽ എന്തെല്ലാം ബാക്കിയുണ്ട് എന്ന് വിവരിക്കുന്ന ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതും, ആയത് സഭാകേന്ദ്രത്തിൽ എക്കാലത്തെയും പരിശോധനയ്ക്കുമായി സൂക്ഷിക്കുന്നതും അഭികാമ്യമായിരിക്കും.)* ■


**14TH DEATH ANNIVERSARY**
**22.02.2011**



**MR. K.I. THOMAS**
***Bhopal***

*"നിന്റെ മഹത്വമുദിക്കുന്നാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

*എന്ന് ദുഃഖാർത്തരായ*

**Mrs. THOMAS & CHILDREN**
**Mahabali Nagar, Kolar Road,**
**Bhopal (M.P.)**



**വിശുദ്ധനാട് തീർത്ഥാടനം**

അഭിവന്ദ്യ തിരുമേനിമാരുടെ ആശീർവ്വാദത്തോടെ വന്ദ്യ വൈദികരുടെ നേതൃത്വത്തിൽ യോർദ്ദാൻ, ഇസ്രയേൽ, പാലസ്തീൻ, ഈജിപ്ത് എന്നീ സ്ഥലങ്ങളിലേക്ക് എല്ലാ മാസവും യാത്ര പുറപ്പെടുന്നു.

**എല്ലാ ചിലവുകളും ഉൾപ്പെടെ 59,900/–**
**2011 ഏപ്രിൽ – 19 & 26, മെയ് – 16 & 27**

**പ്രത്യേകതകൾ:**

* കുറഞ്ഞ യാത്രാ ചിലവ്
* വൈദികരുടെ നേതൃത്വം
* അംഗീകാരമുള്ള ഗൈഡുകൾ
* പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, അത്താഴം
* എയർ കണ്ടീഷൻ ബസുകളിൽ യാത്ര
* 3/4 സ്റ്റാർ ഹോട്ടലുകളിൽ താമസം


**Contact:**

**Fr. K. G. Mathew Thekkedathu**
9496326726, 9526788928

**Mr. Saji Sam**
9496326768, 9447593801

**JORDAN VALLY TOURS & TRAVELS**
**Munjavilayil Building, Mallassery P.O.**
**Pathanamthitta, Kerala**
**Email: jordanvallytours@hotmail.com**

വനിതാസഭ



സ്ത്രീകൾ
സഭയിൽ

പ്രൊഫ. മേരി കുര്യൻ, കോട്ടയം

# മാതൃസ്മൃതിയിലെ വിസ്മയം

**സൂര്യനസ്തമിച്ചു കഴിഞ്ഞാൽ പ്രപഞ്ചത്തിന് പ്രകാശം പകരാൻ വെമ്പുന്ന മിന്നാമിനുങ്ങിനെപ്പോലെ ഒരു നുറുങ്ങുവെട്ടം അനന്തര തലമുറക്ക് പകർന്നു നൽകാൻ നമുക്കും പരിശ്രമിക്കാം.**

"അംബ ദേഹി മേ വിവരം". "അമ്മേ ഭൂമി ദേവീ എനിക്ക് പ്രവേശനം നൽകിയാലും". രണ്ടാമതും അഗ്നി ശുദ്ധി തെളിയിക്കാൻ നിർബ്ബന്ധിതയായ സീതാദേവീ ജനനിയായ ഭൂമിദേവിയോടപേക്ഷിച്ചു. സർവ്വംസഹയായ ആ ഭൂമാതാവ് സ്വയം പിളർന്ന് അവളെ തന്നിലേക്കുൾക്കൊണ്ടു. എല്ലാ അശരണർക്കും ശരണമായിട്ടുള്ള ആ പ്രപഞ്ച മാതാവ്– പ്രകൃത്യംബ–ഇക്കുറി നാമിവിടെ പങ്കുവയ്ക്കുന്നത് ചില മാതൃസ്മൃതികളാണ്.

"ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ" എന്നു പറഞ്ഞ് സ്വയം ദൈവഹിതത്തിന് വിധേയപ്പെട്ടവൾ മറിയമെന്ന കന്യക, വാർത്തയൊക്കെയും ഹൃദയത്തിൽ ഗ്രഹിച്ചവൾ–സ്വന്തപ്രാണനിൽക്കൂടി വാൾ കടഞ്ഞവൾ–കാൽവറിക്കുരിശോളം പിൻപറ്റിയ വി. കന്യക മറിയാമിന്റെ സഹനം–"എല്ലാ തലമുറയും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും". എന്തൊരു പ്രത്യാശ!

അമ്മമാരായ നമുക്ക് എന്തുണ്ട് പ്രത്യാശിക്കാൻ? മകളായും ഭാര്യയായും അമ്മയായും മരുമകളായും എത്ര എത്ര റോളുകളാണ് സ്ത്രീകളായ നമുക്കുള്ളത്? ഇവയിൽ ഏറ്റം പൂജ്യതമം "അമ്മ" തന്നെ. ശൈശവത്തിൽ ഹൃദയഭിത്തികളിൽ അമ്മമാർ കോറിയിടുന്ന ദൈവവിശ്വാസവും മൂല്യബോധവുമാണ് പല മഹത്തുക്കൾക്കും ദിശാബോധം നല്കിയിട്ടുള്ളത്. കൂട്ടുദോഷം കൊണ്ട് അരുതാത്തിടത്ത് അകപ്പെട്ടുപോയ ഗാന്ധിജിയെ പിൻതിരിപ്പിച്ചയച്ചത് മാതാവിന്റെ സദുപദേശത്തിന്റെ സ്മൃതികളാണെന്ന് അദ്ദേഹത്തിന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയിലെ ഉത്തമനായ കാര്യവിചാരകൻ അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി പങ്കുവയ്ക്കലിന്റെ പ്രഥമ പാഠം, തന്നെ പഠിപ്പിച്ചത് തന്റെ അമ്മയാണെന്ന് പലപ്പോഴും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അടുപ്പത്തിടാൻ കൊണ്ടു പോകുന്ന അരിവാരി അയലത്ത് പട്ടിണി കിടക്കുന്നവർക്ക് ആ അമ്മ അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തയക്കുമായിരുന്നു. വേദപുസ്തകം പഠിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിതും അമ്മയായിരുന്നു. "വേദപുസ്തകം വായിച്ചെങ്കിലേ അമ്മ അത്താഴം വിളമ്പുമായിരുന്നുള്ളു". (മലങ്കരസഭ ഡിസംബർ ലക്കം) അദ്ദേഹം കൂട്ടിച്ചേർക്കുന്നു. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമം".

ലോകം കണ്ട ദൈവശാസ്ത്രജ്ഞരിൽ അഗ്രഗണ്യനായ അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം. "ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട് എന്നിൽ വിശ്വാസത്തിന്റെ അടിത്തറ പാകിത്തന്നത് ആരാണെന്ന്. അത് എന്റെ പള്ളിയിലെ അച്ചനായിരുന്നില്ല. ഏതെങ്കിലും മെത്രാപ്പോലീത്താമാരും ആയിരുന്നില്ല. എന്റെ അമ്മയാണ് എന്നെ വിശ്വാസത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചത്....... എന്റെ അപ്പോസ്തോലിക പിൻതുടർച്ച വരുന്നതും എന്റെ അമ്മയിൽ നിന്നാണ്".

പോയകാലങ്ങളിൽ പത്തു കുടുംബാംഗങ്ങളുമായി അർധപട്ടിണിയിൽ കഴിഞ്ഞുകൂടിയിരുന്ന ഒരു ഗ്രാമീണ വീട്ടമ്മ. അതു വഴിയുള്ള അവസാനത്തെ ബസും കടന്നു പോയതിനു ശേഷമേ അത്താഴമുണ്ണാറുള്ളൂ. കാരണം ബസിൽ അതിഥിയായി ആരാനും വന്നു ചേർന്നാൽ ഭക്ഷണം കൊടുക്കേണ്ടേ? അതിഥി സൽക്കാരവും അവർക്കൊരു പ്രാർത്ഥനയായിരുന്നു. "അതിഥിർ ദേവോ ഭവ" ആ അമ്മയുടെ മകളാകാൻ എനിക്കിന്ന് കഴിയുന്നുണ്ടോ?

അമ്മമാരായ എനിക്കും നിങ്ങൾക്കും എന്തവകാശപ്പെടാനുണ്ട്? ടാഗോറിന്റെ ഗീതാഞ്ജലിയിൽ പറയുന്നതുപോലെ സൂര്യനസ്തമിച്ചു കഴിഞ്ഞാൽ പ്രപഞ്ചത്തിന് പ്രകാശം പകരാൻ വെമ്പുന്ന മിന്നാമിനുങ്ങിനെപ്പോലെ ഒരു നുറുങ്ങുവെട്ടം അനന്തര തലമുറക്ക് പകർന്നു നൽകാൻ നമുക്കും പരിശ്രമിക്കാം. പ്രതിസന്ധികളിൽ തകർന്നു പോകാതെ, നിരാശയിലുഴന്ന് ആത്മഹത്യയിലേക്ക് അടിവച്ചടുക്കാതെ ദൈവസാന്നിധ്യബോധം അനുഭവിക്കുന്നവരായി "ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ടെന്നുള്ള" ഉൾവിളി കേൾക്കുന്നവരായി, നമ്മുടെ ഇളം തലമുറയെ വളർത്തിയെടുക്കാനുള്ള ബാധ്യത നമുക്കുണ്ട്. അകന്നുപോയ വ്യക്തിബന്ധങ്ങളുടേയും കുടുംബബന്ധങ്ങളുടെയും ഇഴകളെ ഒന്നടുപ്പിക്കാൻ നിർബന്ധപൂർവ്വം നമുക്കൊരു ശ്രമം നടത്താം.

വാരിക്കൂട്ടാൻ വെമ്പൽ കൊള്ളുന്നവരാകാതെ "ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി" എന്നു വയ്ക്കാൻ

ആയില്ലേലും, ഒരു ലളിത ജീവിതത്തി നുടമകളാകാൻ നമ്മുടെ കുഞ്ഞുകളെ പരിശീലിപ്പിക്കാം. ലഭിച്ചിരിക്കുന്ന താലന്തുകൾ തനിക്കെന്നപോലെ ചുറ്റു മുള്ളവർക്കും ഉതകുവാനാഗ്രഹിക്കുന്ന നല്ല കാര്യവിചാരകന്മാരായിത്തീരട്ടെ നമ്മുടെ കുഞ്ഞുങ്ങൾ. നിസ്സാര സൗന്ദര്യപ്പിണക്കത്തിന്റെ പേരിൽ "വേർപിരിയാൻ" വെമ്പൽ കൊള്ളുന്ന യുവമിഥുനങ്ങളെ ചേർത്തുവയ്ക്കാൻ നമ്മൾ അമ്മമാർ ഒരു നിമിത്തമായെ ങ്കിൽ... അനാഥമാക്കപ്പെടുന്ന ശൈശവ ബാല്യങ്ങൾക്ക് മുതൽക്കൂട്ടാകാൻ നമുക്ക് കഴിഞ്ഞെങ്കിൽ..... അകന്നു പോയ പുത്രപാദസ്പർശത്തിന് കാതോർത്ത്, വഴിക്കണ്ണുമായി കാത്തി രിക്കുന്ന വാർദ്ധക്യങ്ങൾക്ക് ഒരിറ്റു സാന്ത്വനമണയ്ക്കാൻ നമുക്ക് സാധി ച്ചെങ്കിൽ... "ലഭിച്ചതല്ലാതെ നമുക്ക് എന്തുള്ളു". തമ്പുരാൻ ദാനമായി തന്ന മാതൃത്വത്തെ സഫലമാക്കാൻ കൃപ നൽകണേ ദൈവമേ. മാതാപിതാക്കളി ലൂടെ ജീവിക്കുന്ന നല്ലൊരിളം തലമു റയെ വളർത്തി എടുക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. മാതൃത്വം തല മുറകളിലൂടെ അനശ്വരമാകട്ടെ! ■

**ജനകീയം**

# ഈശ്വരൻ

ഒരു വിദേശപത്രപ്രവർത്തകൻ ഭാരത പര്യടനത്തിനെത്തി. അയാൾ ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്താൻ ഇറങ്ങിത്തിരിച്ച ഒരു യുക്തിവാദി.

മൊറാർജി ദേശായി ഭാരതം ഭരിക്കുന്ന കാലമാണ് വിദേശ പത്രപ്ര വർത്തകന്റെ ഊരു ചുറ്റൽ കഴിഞ്ഞ് തിരികെപ്പോകുന്നതിനു മുമ്പ് അയാൾ പ്രധാനമന്ത്രിയെ സന്ദർശിച്ചു.

എങ്ങനെയുണ്ടായിരുന്നു ഭാരത പര്യടനം

വളരെ മനോഹരമായിരുന്നു; ഞാനൊരു യുക്തിവാദിയായിരുന്നു പക്ഷേ ഇപ്പോൾ ഒരു തികഞ്ഞ ഈശ്വര വിശ്വാസി ആയിരിക്കുന്നു... നമോ വാകം.

ഹ...ഹ...ഹ... ഇതാണ് ഭാരതത്തിന്റെ പുണ്യം എത്ര അജ്ഞാനിക ളെയും ജ്ഞാനികളാക്കുന്ന ഭാരതത്തിന്റെ വൈഭവം സെക്യുലർ, ഡെമോ ക്രാറ്റിക്,....

അല്ല സാർ.... പത്രപ്രവർത്തകൻ തിരുത്തി. അതുകൊണ്ടല്ല.... ഈ നാട്ടിൽ അടി മുതൽ മുടി വരെ അഴിമതിയാണ് വിദ്യാഭ്യാസവും, മതവും സർക്കാരുമെല്ലാം താഴേക്കിട മുതൽ മേലാപ്പു വരെ

ഇത്രയേറെ അഴിമതിയുണ്ടായിട്ടും ഈ രാജ്യം

നിലനിൽക്കുന്നത്... അയാൾ ശ്വാസം വിട്ടു....

കൈകൾ കൂപ്പി വണങ്ങിപ്പറഞ്ഞു....

"ഈശ്വരാനുഗ്രഹം കൊണ്ടു മാത്രമാണ്..."

അങ്ങനെയാണ് ഞാനൊരു ഭക്തനായത്...

-കടപ്പാട്-


## ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C Medical Mission Eye Hospital, Kariambadi P.O., Pin-673591,Wayanad, Kerala, India**

മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986 - ൽ ആരംഭിച്ചു. പരിശുദ്ധ ദിദിമോസ് കാതോലിക്കാബാവാതിരുമേനി പ്രസിഡന്റും രക്ഷാധികാരിയുമാണ്. അഭിവന്ദ്യ അബ്രഹാം മാർ എപ്പിഫാനിയോസ് തിരുമേനിയാണ് ഇപ്പോഴത്തെ വൈസ് പ്രസിഡന്റ്.

തിമിരം ബാധിച്ച് കാഴ്ച്ച നഷ്ടപെട്ട് ചികിത്സിക്കാൻ മാർഗ്ഗമില്ലാത്തവരെ സഹായിക്കുവാനാണ് ഗിവ്സൈറ്റ് പ്രോജക്ട് ആരംഭിച്ചത്. ഇതിനകം ആയിരങ്ങൾക്ക് ആശ്വാസം പകർന്ന് കാഴ്ച നല്കാൻ സാധിച്ചതിൽ ഏറെ ചാരിതാർത്ഥമുണ്ട്. ഈ മഹത്തായ യത്നത്തിൽ ഞങ്ങളോട് സഹകരിച്ച എല്ലാവരോടും ഏറെ നന്ദിയുണ്ട്. ഈ പ്രോജക്ട് വഴി ഇതിനകം 4986 താക്കോൽ ദ്വാര തിമിര ശസ്ത്രക്രിയ ഇൻട്രാഒക്കുലർ ലെൻസിട്ട് സൗജന്യമായി നടത്തിയിട്ടുണ്ട്. കൂടാതെ മറ്റുവിവിധ തരത്തിലുള്ള 4245 ശസ്ത്രക്രിയകൾ വേറെയും അർഹതപെട്ടവർക്ക് സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 14,56,546 രൂപയുടെ സൗജന്യ ചികിത്സ നടത്തുകയുണ്ടായി. 1990 മുതൽ ഇതുവരെയുള്ള കാലത്ത് ഒന്നര കോടിയിൽ ഏറെ രൂപയുടെ സൗജന്യ ചികിത്സയാണ് ഈ ആശുപത്രി വഴി നടന്നത്.

ഗിവ് സൈറ്റ് പ്രോജക്ടിൽ സന്മനസുള്ള ആർക്ക് വേണമെങ്കിലും പങ്കാളികളാകാം, എത്ര ശസ്ത്രക്രിയകൾ വേണമെങ്കിലും സ്പോൺസർ ചെയ്യുവുന്നതുമാണ്. ഇതുവരെ ഓരോ ശസ്ത്രക്രിയക്കും 1000 രൂപ വീതം വച്ചായിരുന്നു സ്പോൺസർ നിരക്ക്. എന്നാൽ ഇപ്പോൾ ആശുപത്രിയുടെ പ്രവർത്തന ചെലവുകൾ വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ഇപ്പോഴുള്ള നിരക്ക് 2000 രൂപയായി വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. അതുകൊണ്ട് ദയവായി മാന്യ സഹോദരങ്ങൾ തുടർന്നും ഈ കാര്യത്തതിൽ ഞങ്ങളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിക്കുന്നവരുടെ വിവരങ്ങൾ യഥാ സമയം അറിയിക്കുന്നതുമാണ്

ജന്മ ദിനം വിവാഹദിനം, ഓർമ്മദിനം, ആദ്യശമ്പള ദിനം, പ്രൊമോഷൻ ലഭിച്ച ദിനം ഓർമ്മിക്കുക ഒരന്ധനു കാഴ്ച നല്കുന്നതിലൂടെ കർത്താവിനു പ്രസാദകരമായ ഒരു ജീവകാരുണ്യ പ്രവർത്തി ചെയ്യാം. **F.C.R.A** അംഗീകാരവും **80 G** ഇൻകംടാക്സ് ഇളവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ ചെക്ക്/ഡിഡി/എംഒ/ആയി അയക്കേണ്ട വിലാസം
**TREASURER, GIVESIGHT PROJECT, M.O.S.C. MM. EYE HOSPITAL, P O KARIAMBADI, WAYANAD, KERALA, INDIA, PIN 673591**

വെരി.റവ. അബ്രഹാം മാത്യു എടയകാട്ട് കോർഎപ്പിസ്ക്കോപ്പാ (സെക്രട്ടറി ഗവേണിംഗ് ബോർഡ്)

# ഹോറേബ് ശാന്തിതീരം : പ. കാതോലിക്കാ ബാവ

**ശാസ്താംകോട്ട:** സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരുടെ വളർച്ചയ്ക്കായി ജീവിതം സമർപ്പിച്ച വ്യക്തിത്വമായിരുന്നു പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവ എന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലൊസ് ദ്വിതീയൻ കാതോലിക്കാ ബാവ അനുസ്മരിച്ചു. ഹോറേബ് ഒരു ശാന്തി തീരമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. മാത്യൂസ് ദ്വിതീയൻ ബാവായുടെ അഞ്ചാം ഓർമപ്പെരുനാളിനോടനുബന്ധിച്ച് നടത്തിയ അനുസ്മരണ സമ്മേളനം മാർ ഏലിയാ ചാപ്പലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാവാ. അഭി. യാക്കോബ് മാർ ഏലിയാസ് അധ്യക്ഷത വഹിച്ചു. പി.ജെ.കുര്യൻ എം.പി, വൈദിക ട്രസ്റ്റി ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട്, സഭാ അത്മായ ട്രസ്റ്റി എം.ജി. ജോർജ്ജ് മുത്തൂറ്റ്, അസോസിയേഷന് സെക്രട്ടറി ഡോ.ജോർജ്ജ് ജോസഫ്, പ്രസംഗിച്ചു.

രാവിലെ വിശുദ്ധ കുർബ്ബാനയ്ക്ക് പ. ബാവാ മുഖ്യ കാർമ്മികനായി. പ്രസംഗം, ഉപന്യാസ മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങളും, വിദ്യാഭ്യാസ അവാർഡുകളും ബാവാ വിതരണം ചെയ്തു.

വിവിധ ഭദ്രാസനങ്ങളിൽ നിന്നും ഇടവകകളിൽ നിന്നും പദയാത്രാ സംഘങ്ങൾ കബറിങ്കൽ എത്തിക്കൊണ്ടിരുന്നു.

മലങ്കരയുടെ സൂര്യതേജസ്സായിരുന്ന പരിശുദ്ധ ബാവായുടെ ഓർമ്മപ്പെരുന്നാൾ ഭരണിക്കാവിനെയും ശാസ്താംകോട്ടയേയും ഉൽസവ പ്രതീതി അണിയിച്ചു.

## എം.ജി.എഫ്. വിദ്യാഭ്യാസ/ ചികിത്സാ സഹായം

വൈദിക സെമിനാരി പ്രിൻസിപ്പാൾ ആയിരുന്ന കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ പാവന സ്മരണയ്ക്കായി സെമിനാരിയിൽ രൂപീകൃതമായിരിക്കുന്ന മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ നിർദ്ധനരും, സമർത്ഥരുമായ വിദ്യാർത്ഥികളിൽ നിന്നും ചികിത്സയ്ക്കു വകയില്ലാത്ത രോഗികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രൊഫഷണൽ, ടെക്നിക്കൽ, പാരാമെഡിക്കൽ, എന്നീ വിഭാഗങ്ങളിൽ പെട്ടവർ മാത്രം അപേക്ഷിക്കുക.

അപേക്ഷാ ഫോമിന് സെക്രട്ടറി, മാർ ഗ്രിഗോറിയോസ് ഫൗണ്ടേഷൻ, പി.ഓ. ബോക്സ് 98, ഓർത്തഡോക്സ് സെമിനാരി, കോട്ടയം–1


മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്



Koshy Panikar & Fly.
**Kuzhikkalazhikathu**
**Maranadu, Kollam**

## ST. MARY'S COLLEGE, SULTHAN BATHERY

**Wayanad Dist. Kerala, Pin-673592**
(Affiliated to the Univeristy of Calicut)
(NAAC accredited with B+ Grade)
Phone: 04936-220246
www.stmaryssby.org

### WANTED ASSISTANT PROFESSOR

Applications are invited for the post of Assistant Professor in English. in open merit in the existing vacancy under open merit.

Qulifications, age and scale of pay as per University/UGC regulations. Apply in the prescribed form available in the college office against payment of Rs.100/- (Rs. 125/- by M.O only) to the Principal, within 30 days of the date of this advertisemt.

Manager

*For Favours Received*









C.P. Mathew & Family, Chirathalackal House, Kallooppara

ഫാ. ഡോ. റെജി മാത്യു

# തിരുവചനധ്യാനം

2011 ഫെബ്രുവരി 13

## സ്നാനം പ്രസംഗിച്ച മുൻഗാമി

(ലൂക്കോസ് 3:1–19)



യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയും യേശുവിന്റെ ശുശ്രൂഷയും തമ്മിലുള്ള പരസ്പരബന്ധം. നാലു സുവിശേഷങ്ങളുടെയും തുടക്കത്തിൽ ഈ വിഷയം പ്രതിപാദിക്കുന്നുവെങ്കിലും വി. ലൂക്കോസിന്റെയത്ര സൂക്ഷ്മതയോടും, അടുക്കോടും കൂടി മറ്റാരും ഇതുപറയുന്നില്ല. ഇന്നത്തെ സുവിശേഷഭാഗത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം.

യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷയുടെ ചരിത്ര പശ്ചാത്തലവും പ്രവചന പശ്ചാത്തലവുമാണ് (ലൂക്കോ. 3:1–6) ഒന്നാം ഭാഗത്തിൽ ചർച്ചചെയ്യപ്പെടുന്നത്. യേശുവിന്റെ ജനനം അഗസ്റ്റസ് സീസറിന്റെ കാലത്തായിരുന്നുവെങ്കിൽ (ലൂക്കോ. 2:1) പരസ്യശുശ്രൂഷ തിബര്യോസ് സീസറിന്റെ ഭരണകാലത്തായിരുന്നു. റോമിന്റെ പ്രതിനിധിയായ പൊന്തിയോസ് പിലാത്തോസ് യഹൂദ്യയിൽ ഗവർണറായിരിക്കുന്ന കാലത്താണ് യോഹന്നാന്റെയും യേശുവിന്റെയും ശുശ്രൂഷകൾ നടക്കുന്നതും ഇരുവരും കൊല്ലപ്പെടുന്നതും. റോമാസാമ്രാജ്യത്തിന്റെ രാഷ്ട്രീയ നിലപാടുകളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു നാട്ടുരാജാക്കന്മാരുടെ ഭരണവും അവർക്ക് നൽകപ്പെട്ട സ്വാതന്ത്ര്യവും. മഹാനായ ഹെരോദാവ് (Herod the Great) തന്റെ രാജ്യം തന്റെ മൂന്നുമക്കൾക്കായിട്ടും (അർക്കലാവോസ്, അന്തിപ്പാസ്, ഫിലിപ്പസ്) വിഭജിച്ചു നൽകിയിരുന്നെങ്കിലും ക്രിസ്തുവർഷം ആറാമാണ്ടിൽ യഹൂദന്മാരും ശമര്യരും റോമിലേക്കയച്ച പരാതികളുടെ അടിസ്ഥാനത്തിൽ അർക്കലാവോസിനെ നീക്കി പകരം റോമിന്റെ പ്രതിനിധിയെ നിയമിച്ചു. അങ്ങനെ വന്നപ്പോൾ അർക്കലാവോസിനു പകരം പൊന്തിയോസ് പീലാത്തോസിനായി യഹൂദ്യയുടെ ഭരണ ചുമതല. ഹെരോദ് അന്തിപ്പാസ് ഗലീലയിലും, ഫിലിപ്പ് ഇതൂര്യ പ്രദേശങ്ങളെയും നിയന്ത്രിച്ചു. ലൂസന്യാസ് ഭരിച്ച അബിലേന യഹൂദന്മാർ ഇല്ലാത്ത പ്രദേശമായിരു ന്നുവെങ്കിലും യോഹന്നാന്റെയും യേശുവിന്റെയും പ്രവർത്തന മണ്ഡലമായിരുന്നതിനാലാവാം ഇക്കൂട്ട ത്തിൽ എടുത്തുപറയുന്നത്. മഹാപുരോഹിതന്മാരായ ഹന്നാ ക്രിസ്തുവർഷം 6 മുതൽ 15 വരെയും അദ്ദേഹ ത്തിന്റെ മരുമകൻ കയ്യാഫാവ് 18 മുതൽ 36 വരെയും മഹാപുരോഹിതന്മാരായിരുന്നവരാണ്. സുവിശേഷം മുമ്പോട്ട് വായിക്കുമ്പോൾ പല സംഭവങ്ങളും ചരിത്രപരമായി മനസ്സിലാക്കുവാൻ ഇത്രയും വിവരണങ്ങൾ നമ്മെ സഹായിക്കും. യോഹന്നാൻ സ്നാപകൻ ഒരു ചരിത്ര പുരുഷനായിരുന്നു എന്നു ഗ്രഹിക്കുന്നതിനോടൊപ്പം തന്നെ പ്രാധാന്യ മർഹിക്കുന്നതാണ് അദ്ദേഹം തന്റെ ദൗത്യ നിർവ്വഹണത്തിലൂടെ പ്രവചനങ്ങളെ സാക്ഷാൽ ക്കരിച്ചു എന്നത്. യെശയ്യാ പ്രവാചകന്റെ പുസ്തകം 40–ാം അദ്ധ്യായം 3–ാം വാക്യം ഉദ്ധരിച്ചു കൊണ്ടാണല്ലോ യോഹന്നാൻ പ്രസംഗി ക്കുന്നത്. യഹൂദ ന്മാർ നോക്കിപ്പാർ ത്തിരിക്കുന്ന മശിഹാ യുടെ മുൻഗാമിയായി, അദ്ദേഹത്തിന് വഴിയൊരുക്കുന്ന വനായി ട്ടാണ് യോഹന്നാനെ ദൈവം നിയോഗിച്ചി രുന്നത്.

ഇന്നത്തെ വായനയുടെ രണ്ടാംഭാഗ ത്തിൽ യോഹന്നാന്റെ പ്രസംഗത്തിന്റെ ഉള്ളടക്കവും അതുകേട്ട ജനത്തിന്റെ പ്രതികരണവുമാണ് നൽകപ്പെട്ടിരിക്കു ന്നത്. മൂർച്ചയേറിയ വാക്കുകൾ സംസാരിക്കുന്ന യോഹന്നാൻ ജനനം മുതൽ തന്റെ വസ്ത്രധാരണ രീതികൊണ്ടും ഭക്ഷണ രീതികൊണ്ടും മറ്റുള്ള വരിൽ നിന്നും വ്യത്യസ്തനായ പ്രവാചകനാ യിരുന്നു. അദ്ദേഹം ജനങ്ങളോട് ആവശ്യ പ്പെടുന്നത് മാനസാന്തരം അഥവാ ഹൃദയത്തിന്റെ

പരിവർത്തനമാണ്. പരിച്ഛേദനയേറ്റ എല്ലാവരും അബ്രഹാമിന്റെ സന്തതികളാണെന്നും ആ ഒരു ഒറ്റ അനുഷ്ഠാനത്താൽ അവർ രക്ഷയ്ക്കവകാശികളുമാണെന്ന് വിശ്വസിച്ചിരുന്നവരെയാണ് യോഹന്നാൻ വെല്ലുവിളിക്കുന്നത്. "കല്ലുകളിൽ നിന്ന് അബ്രഹാമിന് മക്കളെ ഉൽപ്പാദിപ്പിക്കുവാൻ" കഴിയുന്ന ദൈവത്തെപ്പറ്റിയാണ് അദ്ദേഹം പ്രസംഗിക്കുന്നത്. "നല്ല ഫലം കായ്ക്കുക" എന്നതാണ് പ്രധാനം എന്നും അദ്ദേഹം സമർത്ഥിക്കുന്നു. അല്ലാത്തവരുടെ ശിക്ഷയും താൻ പ്രഖ്യാപിക്കുന്നു. യേശു തമ്പുരാനും ഈ വിഷയത്തിൽ യഹൂദന്മാരോട് ശക്തമായ ഭാഷയിൽ ഏറ്റുമുട്ടിയിരുന്നു എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു (യോഹ. 8:31–44). യാഥാസ്ഥിതികരായ യഹൂദരെ യോഹന്നാൻ "സർപ്പസന്തതികളെ" എന്നു സംബോധന ചെയ്യുന്നുവെങ്കിൽ യേശു അവരെ വിളിയ്ക്കുന്നത് ''പിശാചിന്റെ മക്കൾ' എന്നാണ്. തീഷ്ണമായ ഈ സന്ദേശം കേട്ടജനങ്ങളുടെ പ്രതികരണമാണ് ഏറ്റവും ശ്രദ്ധേയം. മൂന്നുകൂട്ടം ആളുകൾ യോഹന്നാന്റെ അടുക്കൽ വന്ന് മാനസാന്തരപ്പെട്ട് ജീവിതത്തിൽ ഒരു മാറ്റം വരുവാൻ എന്തുചെയ്യണം എന്നു ചോദിക്കുന്നു. ഓരോരുത്തരുടെയും ജീവിതമേഖലയാണ് അവരെ തെറ്റിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കിയ യോഹന്നാൻ പുരുഷാരത്തോട് തങ്ങൾക്കുള്ളതൊക്കെയും ഇല്ലാത്തവരോട് പങ്കുവയ്ക്കുവാനും, ചുങ്കക്കാരോട് കൈക്കൂലി വാങ്ങരുതെന്നും, പട്ടാളക്കാരോട് ആരെയും ബലാല്ക്കാരം ചെയ്യരുതെന്നും , ചതിക്കരുത് എന്നും പറയുന്നു. ഇന്നത്തെ സമൂഹത്തിലും ഇക്കൂട്ടർക്ക് മാനസാന്തരം തത്തിനായി ഇതിലുപരി ഒന്നും ചെയ്യാനില്ല. ഇന്നത്തെ ശ്ലീഹാവായനയും (റോമാ. 6:12–23) നമ്മുടെ പാപങ്ങളെ ഉപേക്ഷിച്ച് പുതുതായി ജീവിക്കുന്നതിനെപറ്റിയാ ണല്ലോ പറയുന്നത്.

ഇന്നത്തെ വായനയുടെ മൂന്നാമത്തെ ചിന്തയോഹന്നാന്റെ ശുശ്രൂഷയും യേശുവിന്റെ ശുശ്രൂഷയും തമ്മിൽ എങ്ങനെ പൊരുത്തപ്പെട്ടിരിക്കുന്നു എന്നതിനെ സംബന്ധിച്ചാണ്. പ്രവചനങ്ങളിൽ പറയുന്ന ക്രിസ്തു (മശിഹാ എന്നുള്ളതിന്റെ ഗ്രീക്കു പദം) യോഹന്നാനായിരിക്കും എന്നു തെറ്റിദ്ധരിച്ചവർക്ക് അദ്ദേഹം മറുപടി നൽകുന്നത് ഇരുവരുടെയും സ്നാനത്തിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചാണ്. യോഹന്നാന്റെ സ്നാനത്തിൽ പശ്ചാത്താപവും, മാനസാന്തരവും, പാപമോചനവും ഒക്കെ ഉണ്ടായിരുന്നുവെങ്കിലും അതിനെ ക്രിസ്തീയ മാമോദീസായുമായി വേർതിരിക്കുന്നത് പരിശുദ്ധാത്മദാനം എന്ന മഹനീയ കർമ്മത്തിലൂടെയാണ്. ഒന്നാം ശ്ലീഹാവായനയിൽ (അപ്പോ. പ്ര. 19:1–7) പറയുന്നതുപോലെ യോഹന്നാന്റെ ശിഷ്യന്മാർ ''പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും കേട്ടിട്ടില്ലായിരുന്നു". ഈ പശ്ചാത്തലത്തിൽവേണം വെള്ളത്താലുള്ള സ്നാനവും പരിശുദ്ധാത്മാവിലുള്ള സ്നാനവും തമ്മിലുള്ള അന്തരം തിരിച്ചറിയേണ്ടത്. ''പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും'' എന്ന ഭാഷാ പ്രയോഗം ലൂക്കോസ് ഏവൻഗേലിസ്ഥൻ മാത്രമേ ഉപയോഗിക്കുന്നുള്ളു. പഴയനിയമത്തിലെമ്പാടും ന്യായവിധിയെപ്പറ്റി പറയുന്നിടത്ത് ഉപയോഗിക്കുന്ന രൂപകമാണ് അഗ്നി. എന്നാൽ സുവിശേഷകനായ ലൂക്കോസ് ഇന്നത്തെ വായനയിലും പെന്തിക്കോസ്തി നാളിലെ അതിശയം വിവരിക്കുമ്പോഴും (അപ്പോ. പ്ര. 2:3) അഗ്നിയെ പരിശുദ്ധാത്നാവിനോടൊപ്പം ചേർത്തു പറയുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുടെ തീഷ്ണത കൂട്ടാനായിട്ടാണ് ഇത്തരത്തിൽ അദ്ദേഹം പറയുന്നത്. സകലത്തേയും ശുദ്ധീകരിക്കുവാൻ ശേഷിയുള്ള ഒന്നാണല്ലോ അഗ്നി. ചുരുക്കത്തിൽ യേശുവിനെ പ്രതീക്ഷിച്ചിരിക്കുന്നവർ ജീവിതത്തിൽ മാറ്റങ്ങൾക്ക് വിധേയരാവുകയും അടിസ്ഥാനപരമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യണം. യഹൂദന്മാർ ചെയ്തു വന്നിരുന്നതുപോലെ പരിഛേദനയ്ക്ക് സമാനമായ പാരമ്പര്യങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും മാത്രം ബലത്തിൽ ആരും ദൈവരാജ്യാനുഭവം കൈവരിക്കയില്ല. ഹൃദയത്തിന്റെ രൂപാന്തരമാണ് അനുഷ്ഠാനങ്ങൾക്ക് അർത്ഥം. പൗലോസ് റോമാക്കാരോട് പറയുന്ന പ്രബോധനം (റോമ. 12:1–2) ഇവിടെ പ്രസക്തമാണ് "ശരീരങ്ങളുടെ" യാഗവും "മനസ്സിന്റെ പുതുക്കവും" ദൈവത്തിന് പ്രസാദകരമായിത്തീരട്ടെ.

### 2011 ഫെബ്രുവരി 20

## മഹിമയെ ധരിച്ച പിതാക്കന്മാർ

### (മത്തായി 24:42–51)

സഭാജീവിതത്തിലെ സുപ്രധാനകാലഘട്ടമായ വലിയനോമ്പിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് വാങ്ങിപ്പോയ സകലരെയും ഓർമ്മിക്കുന്നതിൽ ഒരു സത്യം ഒളിഞ്ഞിരിക്കുന്നു. നോമ്പ് എന്നുപറയുന്നത് ജീവിച്ചിരിക്കുന്നവരും വാങ്ങിപ്പോയവരും ഒരുമിച്ചു സമ്മേളിക്കുന്ന വിശുദ്ധസഭയുടെ ഒരുക്കത്തിന്റെ കാലമാണ്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി നോക്കിപ്പാർത്തിരിക്കുന്ന സഭ അന്ത്യനായവിധിയെയും, മരിച്ചവരുടെ പുനരുത്ഥാനത്തെയും, പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കപ്പെടുന്ന യഹോവയുടെ ദിവസത്തെയുമാണ് കാത്തിരിക്കുന്നത്. ഇക്കാര്യങ്ങളെയും വ്യക്തമാക്കുന്ന വായനകൾ കോർത്തിണക്കിയേ ഇന്നത്തെ ചിന്തകൾ രൂപപ്പെടുത്താനാവൂ.

വാങ്ങിപ്പോയ സകല വൈദികരെയും മേല്പട്ടക്കാരെയും ഓർമ്മിക്കുന്ന ഈ ദിവസം ശ്രദ്ധയോടുകൂടി വായിക്കേണ്ട രണ്ടു ഭാഗങ്ങളാണ് പഴയനിയമത്തിലെ സംഖ്യാപുസ്തകത്തിൽ നിന്നും ആവർത്തനപുസ്തകത്തിൽ നിന്നും ക്രമീകരിച്ചിരിക്കുന്നത്. യിസ്രായേൽ ജനത്തിന്റെ മുൻപിൽ നടുനായകത്വം വഹിച്ച രണ്ടു പുണ്യാത്മാക്കളുടെ – മോശയുടെയും അഹറോന്റെയും– അന്ത്യത്തെപ്പറ്റിയാണ് അവിടെ പ്രസ്താവിക്കുന്നത്. പൈതൽ പ്രായം മുതൽ മിസ്രയാമിലെ ഫറവോന്റെ കൊട്ടാരത്തിൽ വളർത്തപ്പെട്ടവനായിരുന്ന മോശയുടെ ജീവിതം യിസ്രായേൽ ജനത്തിന് സമർപ്പിച്ചുകൊണ്ടാണദ്ദേഹം കൊട്ടാരത്തിലെ സൗഭാഗ്യങ്ങളുപേക്ഷിച്ച് ജനത്തിന്റെ ഇടയിലേക്ക് ഇറങ്ങിത്തിരിച്ചത്. അവരുടെ കഷ്ടതയിലും സന്തോഷത്തിലും അവരിലൊരുവനെപ്പോലെ ജീവിച്ച മോശ ആധുനിക വൈദിക സമൂഹത്തിന് മൊത്തം അജപാലന ശുശ്രൂഷയിലെ ആദ്യത്തെ മാതൃകയാണ്. പ്രബോധനവും, ശിക്ഷണവും മൂലം ഒരുക്കിക്കൊണ്ടുവന്ന ദൈവജനത്തിന് മോശ വലിയൊരു മദ്ധ്യസ്ഥനായിരുന്നു. ജനത്തിന്റെ പാപങ്ങൾക്കുവേണ്ടി യഹോവയോട് സംവാദം ചെയ്യുകയും, ജനത്തിനുവേണ്ടി പശ്ചാത്തപിക്കുകയും, ചിലപ്പോഴൊക്കെ അവർക്കായി ജാമ്യം നിൽക്കുകയും ചെയ്ത മോശയെ തന്റെ അവസാനനാളിൽ ദൈവം നെബോ പർവ്വതത്തിൽ പിസ്ഗാ മുകളിൽ നിർത്തി "പാലും തേനും ഒഴുകുന്ന ദേശം" കാട്ടിക്കൊടുത്തു. അബ്രഹാമിനോട് വാഗ്ദത്തം ചെയ്ത ദൈവത്തെപ്പറ്റിയും, ദൈവജനത്തിനായി ഒരുക്കപ്പെട്ടിരിക്കുന്ന കനാൻ ദേശത്തെപ്പറ്റിയും പ്രത്യാശ നൽകിക്കൊണ്ടാണ് മോശ മിസ്രയിമിലെ അടിമത്തത്തിൽ നിന്നിരുന്ന വലിയൊരു ജനസഞ്ചയത്തെ കനാനിലേക്ക് നയിച്ചത്. 390 സംവത്സരത്തെ അടിമത്തമവസാനിപ്പിച്ചവരെ 40 സംവത്സരം ദീർഘിച്ച യാത്രയിൽ മുൻ നിരയിൽ നിന്ന് നയിച്ചത് മോശയായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ കനാനിൽ പ്രവേശിക്കുന്നതിന് മുമ്പ് അദ്ദേഹം വിടവാങ്ങുന്നു (ആവ. 34:1–8).

മോശയുടെ ദ്വിഭാഷിയും, സഹയാത്രക്കാരനുമായിരുന്ന അഹറോന്റെ നിര്യാണം മോശജീവിച്ചിരിക്കുമ്പോൾ തന്നെയായിരുന്നു. മോശ പ്രബോധന ശുശ്രൂഷയിൽ ഉറ്റിരുന്നപ്പോൾ അഹറോൻ അനുഷ്ഠാനങ്ങളിൽ ജനത്തിന്റെ നായകനായിരുന്നു. യഹോവയുടെ കല്പനയനുസരിച്ച് ഏദോം ദേശത്തിന്റെ അതിരിലുള്ള ഹോർ പർവ്വതത്തിൽ കയറിയ അഹറോന്റെ വസ്ത്രം മോശതന്നെ ഊരി അവന്റെ മകനായ ഏലയാസറിനെ ധരിപ്പിച്ചു കഴിഞ്ഞാണ് അഹറോൻ ഇഹലോകവാസം വെടിയുന്നത്. ദൈവം തന്റെ ശുശ്രൂഷയ്ക്കായി വിളിച്ചു വേർതിരിക്കുന്നവരിൽ നിന്നും ധാരാളം പ്രതീക്ഷിക്കുന്നുണ്ട്. ജീവിതം മുഴുവനും ശ്രദ്ധയോടു

കൂടി ജീവിക്കുന്നവർക്കും ഇടയ്ക്ക് സംഭവിയ്ക്കുന്ന ഇടർച്ചകൾ ദൈവം കണക്കിടുന്നു എന്നതാണ് പഴയനിയമസന്ദേശം. ഇക്കാരണത്താലാണ് യേശു തന്റെ ശിഷ്യന്മാരോട് “നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്നറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ” എന്നുപറയുന്നത് (മത്തായി 24:42). കള്ളനെ നോക്കിപ്പാർത്തിരിക്കുന്ന വീട്ടുടയവനും, ”വീട്ടുകാർക്ക് തക്കസമയത്ത് ഭക്ഷണം കൊടുക്കേണ്ടതിന് ‘നിയമിക്കപ്പെട്ട വിശ്വസ്തനും ബുദ്ധിമാനുമായ ദാസനുമാണ് പുരോഹിത വർഗ്ഗത്തിന്റെ സാദൃശ്യങ്ങൾ. ഒന്നാമൻ തന്നെ ഭരമേല്പിച്ച ഭവനത്തെ അതിന്റെ ശത്രുക്കളിൽ നിന്നും സംരക്ഷിക്കുന്നവനും രണ്ടാമൻ തന്നെ ഏൽപ്പിച്ച ജനത്തെ അർത്ഥവത്തായി പരിപാലിക്കുവാൻ കടപ്പെട്ടവനുമാണ്. യജമാനൻ ശ്രദ്ധിക്കുന്നില്ലായെന്നു കരുതയോ, അവന്റെ മടങ്ങിവരവ് താമസിക്കും എന്നുള്ള ലാഘവബുദ്ധിയുടെ നിയന്ത്രണത്തിലോ ജീവിക്കുന്നവർ തള്ളപ്പെടുന്നു. അവൻ ദണ്ഡിപ്പിക്കപ്പെടുകയും കപടഭക്തന്മാരോടുകൂടി എണ്ണപ്പെടുകയും ചെയ്യും. തങ്ങളുടെ അന്ത്യത്തെയോർത്ത് കരയുകയും, തങ്ങൾക്ക് ശ്രേഷ്ഠമായ ഒരു പദവി ലഭിച്ചിട്ടും അതിനെ കർത്തവ്യബോധത്തോടെ സൂക്ഷിക്കുവാൻ സാധിച്ചില്ലല്ലോ എന്നോർത്ത് പല്ലുകടിക്കുകയും ചെയ്യുന്നതായിരിക്കും അവരുടെ ഭാവി. അധികം ലഭിച്ചവനിൽനിന്ന് അധികം പ്രതീക്ഷിക്കുന്നു എന്നാണല്ലോ യേശു പഠിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ മിലെത്തോസിൽ വച്ചു ചെയ്ത തന്റെ അന്ത്യപ്രഭാഷണത്തിൽ ഇപ്രകാരം പറയുന്നത്: “നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊള്ളുവിൻ'' (അപ്പോ. പ്ര. 20:28). ഇതും ഇന്നത്തെ വായനയിൽ നാം കേൾക്കുന്നു. കർത്താവിൽ നിദ്രപ്രാപിച്ചവരായ നമ്മുടെ സകല പിതാക്കന്മാരെയും ദൈവസന്നിധിയിൽ നമുക്ക് സമർപ്പിക്കാം. ദൈവം അവരോട് കരുണ കാണിക്കട്ടെ. നമുക്ക് മുൻപിൽ നിന്ന് ദൈവസന്നിധിയിൽ നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും നമ്മുടെ പാപങ്ങളെപ്പറ്റി ദൈവത്തോട് സംവാദം ചെയ്യുകയും ചെയ്ത പിതാക്കന്മാർ അബ്രഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും മടിയിൽ വസിക്കട്ടെ.

## 2011 ഫെബ്രുവരി 27

# പ്രത്യക്ഷതയെ എതിരേല്ക്കുന്നവർ

## (ലൂക്കോസ് 12 : 32–48)

ലൂക്കോസിന്റെ സുവിശേഷം പന്ത്രണ്ടാം അദ്ധ്യായം. ജീവിതത്തിലെ ഉൽക്കണ്ഠകൾ പേറിയും ലൗകിക നേട്ടങ്ങൾക്ക് വേണ്ടി പരക്കം പായുകയും ചെയ്യുന്നവരിൽനിന്ന് വിഭിന്നരാണ് ക്രിസ്തു ശിഷ്യന്മാർ എന്ന സന്ദേശം ഉൾക്കൊള്ളുന്നതാണ്. (ലൂക്കോസ് 12:22–34) ഇന്നത്തെ വേദവായനയുടെ തുടക്കം. ചെറിയ ആട്ടിൻകൂട്ടമായി വേർതിരിക്കപ്പെട്ടതാണ് സഭ എന്നുള്ളതുകൊണ്ട് അതിലെ അംഗങ്ങൾ അവരുടെ നിക്ഷേപം സ്വർഗ്ഗത്തിലാവണം സൂക്ഷിക്കേണ്ടത് എന്നുള്ളതാണ് ആപ്തവാക്യം. തുടർന്നുപറയുന്നത് അന്ത്യനാളുകളെയോർത്ത് ഉണർന്നും ജാഗരിച്ചും ജീവിയ്ക്കുന്ന സഭാംഗങ്ങളെ സംബന്ധിച്ചാണ് (ലൂക്കോസ് 12:35–48). ഈ ഭാഗത്തെ സംബന്ധിച്ച് അലക്സാന്ത്രിയായിലെ വി. കൂറീലോസ് നൽകുന്ന വ്യാഖ്യാനം വളരെ ആകർഷകമാണ്. ആദ്യത്തെ ആറുവാക്യങ്ങളിൽ സാധാരണക്കാരുടെ ജാഗരണത്തെപ്പറ്റിയാണ് പരാമർശമെങ്കിൽ പിന്നീടുള്ള എട്ടുവാക്യങ്ങൾ പന്തിരുവരെ മാത്രം ലക്ഷ്യമാക്കിയുള്ളതാണ്.

സകല വാങ്ങിപ്പോയ വരെയും ഓർമ്മിച്ച് പ്രാർത്ഥിക്കുന്ന ദിനം എന്ന നിലയിൽ ഇന്നത്തെ മറ്റുവായനകളും പഠനവിഷയമാക്കേണ്ടതായിട്ടുണ്ട്. യഹൂദ–ക്രൈസ്തവ പാരമ്പര്യങ്ങളിൽ മരിച്ചവരുടെ സംസ്കാരവും, അവരുടെ പുനരുത്ഥാനം, രക്ഷ എന്നിവയെ സംബന്ധിച്ചുള്ള വിശ്വാസവും എന്തായിരുന്നു എന്നു മാത്രമല്ല, അവരുടെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും പ്രതികരണം എന്തായിരുന്നു എന്നുകൂടി വ്യക്തമാക്കുന്നവയാണ് ഇന്നത്തെ വായനകൾ. മരണശയ്യയിലായിരുന്ന യാക്കോബ് തന്റെ പന്ത്രണ്ടു മക്കളെയും അരികിൽ വിളിച്ച് ജീവിതത്തിൽ അവർ ആരൊക്കെ ആയിത്തീരണമെന്നും, ഓരോരുത്തരുടെയും ശക്തിയും പരിമിതിയും എന്തൊക്കെയാണെന്നും വ്യക്തമാക്കിയശേഷം “പ്രാണനെ വിട്ട് തന്റെ ജനത്തോടു ചേർന്നു” എന്നുപറഞ്ഞാണ് ഉല്പത്തി 49:33 മുതൽ 50:13 വരെയുള്ള പഴയനിയമഭാഗം ആരംഭിയ്ക്കുന്നത്. മിസ്രയിമിലെ പുരാതന സംസ്കാരമനുസരിച്ച് മൃതദേഹത്തിൽ നാല്പതു ദിവസം സുഗന്ധവർഗ്ഗമിടുകയും എഴുപതു ദിവസം വിലാപം കഴിയ്ക്കുകയും ചെയ്തു. ഈജിപ്റ്റിലെ രാജാക്കന്മാരുടെ മൃതദേഹങ്ങൾ സൂക്ഷിക്കുന്ന യത്ര സൂക്ഷ്മതയോടെ (Egyptian Mummies) മന്ത്രിയായ യൗസേഫിന്റെ പിതാവിന്റെ മൃതദേഹത്തെയും ആദരിച്ചു എന്നുവേണം കരുതുവാൻ. കനാൻ ദേശത്തുനിന്ന് തന്റെ മകൻ മിസ്രയിമിലെ മന്ത്രിയായതിന്റെ പേരിൽ ഈജിപ്റ്റിലേക്ക് കുടിയേറിയ യാക്കോബ് ഇച്ഛിച്ചതുപോലെ അവന്റെ മൃതദേഹം പിതാക്കന്മാരുടെ കല്ലറകളുള്ള കനാൻ ദേശത്ത് “തനിയ്ക്കുവേണ്ടി വെട്ടിയിരിക്കുന്ന കല്ലറ”യിൽ തന്നെ സംസ്കരിക്കുവാൻ കൊണ്ടുപോകുന്ന കാഴ്ച അനിർവചനീയമാണ്. മക്ഫേല ഗുഹയിൽ യാക്കോബിനെ അടക്കിയശേഷം യൗസേഫും കൂട്ടരും ഈജിപ്റ്റിലേക്ക് മടങ്ങിപ്പോയി എന്നുവരെയുള്ള വിവരണത്തിൽ മരിച്ചവർക്ക് നമ്മുടെ പൂർവ്വപിതാക്കന്മാർ ഏതുതരത്തിലുള്ള സംസ്കാരമാണ് നല്കിയതെന്ന് വളരെ ഭംഗിയായി വിവരിച്ചിരിക്കുന്നു.

ഇടക്കാല ഗ്രന്ഥങ്ങളിലൊന്നായ മക്കാബിയരുടെ രണ്ടാം പുസ്തകത്തിൽ നിന്നുള്ള വായന (2 മക്കാബിയർ 12:38–45) ഇതോട് ചേർന്ന് വായിക്കേണ്ടതാണ്. യാക്കോബിന്റെ സംസ്കാരം കഴിഞ്ഞ് രണ്ട് സഹസ്രാബ്ദങ്ങളോളം പിന്നിട്ട യഹൂദജനം ഒരുവൻ മരിച്ചാൽ എങ്ങനെയാണ് പ്രതികരിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. ബി. സി. രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നടന്ന വലിയൊരു സംഭവമാണ് മക്കാബിയരുടെ നേതൃത്വത്തിൽ നടന്ന യുദ്ധങ്ങൾ. യറുശലേമിൽ ഗ്രീക്കു സംസ്കാരം അടിച്ചേല്പിക്കുവാനും, ദേവാലയത്തിന്റെ അതി വിശുദ്ധസ്ഥലത്ത് കയറി അതിനെ മ്ലേച്ഛമാക്കുവാനും ശ്രമിച്ച അന്ത്യോഖസ് എപ്പിഫാനേസ് എന്ന ഗ്രീക്കുരാജാവിന്റെ അതിക്രമങ്ങൾക്ക് ചുട്ട മറുപടികൊടുത്തവരാണ് മോഡേൻ എന്നസ്ഥലത്തെ പുരോഹിതനായിരുന്ന മറ്റത്തിയാസിന്റെ മക്കൾ. യൂദാസ് മക്കാബിയസാണ് അവർക്ക് നേതൃത്വം നൽകിയത്. സമീപവാസികളോടുള്ള യുദ്ധങ്ങളിലൊക്കെ വിജയിച്ച യൂദാസ് മക്കാബിയസിന്റെ ചരിത്രത്തിലെ ഒരദ്ധ്യായമാണ് ഇന്നത്തെ വായനയ്ക്കായി ക്രമീകരിച്ചിരിക്കുന്നത്. ഒരു യുദ്ധത്തിൽ മരിച്ചു വീണ പട്ടാളക്കാരുടെ അങ്കികൾക്കുള്ളിൽ ജാമ്നിയ (Jamnia) എന്ന സ്ഥലത്തെ വിഗ്രഹങ്ങൾക്കർപ്പിച്ചിരുന്ന സ്വർണ്ണം ഒളിപ്പിച്ചുവച്ചിരിക്കുന്നതു കണ്ട മക്കാബിയസ് ജനത്തിനോട് അവരുടെ പാപത്തെപ്പറ്റി ബോധ്യപ്പെടുത്തിയ ശേഷം ഒരു പണപ്പിരിവു നടത്തി. ലഭിച്ച തുക മരണമടഞ്ഞവരുടെ പാപപരിഹാരയാഗത്തിനായി യറുശലേം ദേവാലയത്തിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. അതോടു ചേർന്ന് ഇന്നത്തെ വായനയിൽ പറയുന്ന വാക്യങ്ങൾ ശ്രദ്ധേയമാണ്. “മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രത്യാശ മൂലം യുക്തമായും നീതിയായും അദ്ദേഹം ഇങ്ങനെ പ്രവർത്തിച്ചു. മരിച്ചവർ ഉയർക്കും എന്ന് അദ്ദേഹത്തിന് പ്രതീക്ഷയും പ്രത്യാശയുമില്ലായിരുന്നുവെങ്കിൽ–മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ബലിയർപ്പിക്കുന്നതും വ്യർത്ഥവും ഭോഷത്വവുമാകുമായിരുന്നു. പുണ്യത്തോടെ നിദ്ര പ്രാപിക്കുന്നവർക്ക് ഉണ്ടാകാനിരിക്കുന്ന പ്രതിഫലത്തേയും പ്രത്യാശയേയും ആശ്വാസത്തേയും അദ്ദേഹം നോക്കിക്കണ്ടു. അതുമൂലമാണ് മരിച്ചവർക്ക് പാപമോചനം ലഭിപ്പാൻ അവർക്കുവേണ്ടി പാപപരിഹാരകർമ്മം നടത്തുവാൻ അദ്ദേഹം പണമയച്ചുകൊടുത്തത്” (2 മക്കാബിയർ 12:44–45).

യേശുക്രിസ്തുവിന് ഒന്നരനൂറ്റാണ്ടു മുൻപ് നടന്ന ഈ സംഭവം യേശുവിന്റെയും ക്രൈസ്തവ സഭയുടെയും വിശ്വാസത്തെ സാരമായി സ്വാധീനിച്ച വിശ്വാസങ്ങളെയാണ് ഉയർത്തിക്കാട്ടുന്നത്. അസ്ഥിക്കൂമ്പാരത്തെക്കുറിച്ചുള്ള പ്രവചനവും ഉണങ്ങിയ അസ്ഥികളിൽ നിന്ന് ജീവൻ ഉൽപ്പാദിതമായ ദർശനവും പറയുന്ന ഹസ്കീയേൽ പ്രവാചകനും (യെഹ. 37:1–14), യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ മാതൃകയിൽ ക്രൈസ്തവ വിശ്വാസികളും ഉയർത്തെഴുന്നേൽക്കുമെന്ന് പറയുന്ന പൗലോസും (1 കൊരി. 15:20–28) മരണാന്തരാവസ്ഥയെ സംബന്ധിച്ച് പറയുന്ന വിശ്വാസം ഒന്നുതന്നെയാണ്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിലാണ് ഇന്നത്തെ ഏവൻഗേലിയോൻ ശ്രദ്ധിക്കേണ്ടത്. പ്രധാനമായും മൂന്ന് സാദൃശ്യങ്ങളാണ് യേശു പഠിപ്പിക്കുന്നത്. ഇതിൽ ആദ്യത്തെ രണ്ടെണ്ണം വിശ്വാസികൾക്ക് പൊതുവായും മൂന്നാമത്തേത് പത്രോസിന്റെ ചോദ്യത്തിനു മറുപടിയായി പന്തിരുവർക്ക് പ്രത്യേകമായും നൽകുന്ന ഉപദേശങ്ങളാണ്. വിവാഹ വിരുന്നിനായി പോയ യജമാനനെ കാത്തിരിക്കുന്ന ശുശ്രൂഷകരോടും വീടുതുറക്കാൻ വരുന്ന കള്ളനെ നോക്കിയിരിക്കുന്ന വീട്ടുടയവനോടും തുല്യമായി ഉണർന്നും ജാഗരിച്ചും വേണം വിശ്വാസികൾ ജീവിക്കേണ്ടത്. വിരുന്നു കഴിഞ്ഞുവരുന്ന യജമാനൻ വിളക്കണെയാതെ സൂക്ഷിച്ച കന്യകമാരോടൊപ്പം ഭക്ഷണത്തിനിരിക്കുന്ന മണവാളനെപ്പോലെ (മത്തായി 25:1–13) യാണ്. അവൻ തന്റെ ശുശ്രൂഷകരോടൊപ്പം ഭക്ഷണത്തിനിരിക്കുക മാത്രമല്ല, അവർക്ക് വിളമ്പിക്കൊടുക്കയും ചെയ്യുന്നു (ലൂക്കോ 12:37). കള്ളനെ നോക്കിപാർത്തിരിക്കുന്ന വീട്ടുടയവൻ വീടിനെ സംരക്ഷിക്കുന്നു.

മുകളിൽ പറഞ്ഞത് സാധാരണക്കാരോടാണെങ്കിൽ പന്തിരുവർക്ക് ഇതിലുപരിയായ ഉത്തരവാദിത്തമാണ് യേശു നൽകുന്നത്. അവർ "വിശ്വസ്ഥനും ബുദ്ധിമാനുമായ" ദാസനുതുല്യമായി യജമാനൻ ഏല്പിച്ച ചുമതകൾ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. യജമാനൻ താമസിച്ചേ വരികയുള്ളൂ എന്നു തെറ്റിദ്ധരിച്ച് കീഴ്ജീവനക്കാരെ ഉപദ്രവിക്കുവാനും, തിന്നുകുടിച്ച് മദിപ്പാനും തുടങ്ങിയാൽ ശിക്ഷിക്കപ്പെടും എന്നതിൽ സംശയമില്ല. ആദ്യം പറഞ്ഞ രണ്ടു സാദൃശ്യങ്ങളിലും ശിക്ഷയെപ്പറ്റി പറയുന്നില്ല. എന്നാൽ പന്തിരുവരോട് അവരുടെ അനാസ്ഥമൂലം അവർ ഭാഗ്യങ്ങൾ കൈവിടുമെന്നു തന്നയല്ല ശിക്ഷയ്ക്ക് യോഗ്യരായും തീരും എന്നുപറയുന്നത് കർതൃവേലയിൽ ഉറ്റിരിക്കുന്നവർക്കുള്ള മുന്നറിയിപ്പാണ്. "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ട് ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസന് വളരെ അടികൊള്ളുമെന്നാ"ണ് യേശു പറയുന്നത് (ലൂക്കോ 12:47). വളരെ ലഭിച്ചവനോട് കൂടുതൽ ആവശ്യപ്പെടും എന്ന തത്വമാണതിൽ അധിഷ്ഠിതമായിരിക്കുന്നത്. സകല വാങ്ങിപ്പോയവരെയും ഓർമ്മിക്കുന്ന ഈ ദിവസം നമ്മെയൊക്കെ–സഭാശുശ്രൂഷകരെയും സാധാരണക്കാരെയും–കാത്തിരിക്കുന്ന സൗഭാഗ്യങ്ങളും, ശിക്ഷകളുമോർത്ത് ജീവിതം ക്രമീകരിക്കുവാനാണ് കർത്താവ് കല്പിക്കുന്നത്.

### 2011 മാർച്ച് 6

## ദൈവപുത്രൻ രൂപാന്തരപ്പെടുത്തുന്നു

(യോഹ. 2:1–11)

പൗരസ്ത്യസഭാ വിശ്വാസികളെ സംബന്ധിച്ചിടത്തോളം വലിയ നോമ്പുകാലം അവരുടെ സഭാജീവിതത്തിലെ സുപ്രധാനങ്ങളായ ദിനങ്ങളാണ്. അമ്പതു ദിനങ്ങളിലെ നിഷ്ഠയോടെ നടത്തപ്പെടുന്ന യാമപ്രാർത്ഥനകളും, ഭക്ഷണത്തിൽ പാലിക്കപ്പെടുന്ന അച്ചടക്കവുമൊക്കെ ഒന്നു ചേരുമ്പോൾ അവ ആത്മശുദ്ധീകരണത്തിന്റെ ദിവസങ്ങളായിത്തീരുന്നു.

സൃഷ്ടിയുടെ ആരംഭത്തിങ്കൽ ദൈവം മൂന്നാം ദിവസമാണ് കരയെ വെള്ളത്തിൽ നിന്നും വേർപെടുത്തിയതും സമുദ്രത്തെ സൃഷ്ടിച്ചതും. യേശുതമ്പുരാൻ തന്റെ സൃഷ്ടിശക്തികൊണ്ട് വെള്ളത്തെ ഗുണമേന്മയുള്ള വീഞ്ഞായി മാറ്റിയത് മൂന്നാം ദിവസം തന്നെയായത് അതിശയകരമായിരിക്കുന്നു. ഇന്നത്തെ വായനയിൽ നിന്നും ഉരുത്തിരിഞ്ഞ് വരുന്ന ആശയങ്ങൾ താഴെപ്പറയുന്നവയാണ്.

ഒന്നാമത്, യേശുക്രിസ്തുവും സംഘവും സാധാരണ മനുഷ്യരുടെ ജീവിതാനുഭവങ്ങളിലെ സജീവ സാന്നിദ്ധ്യമായിരുന്നു എന്നുവേണം മനസ്സിലാക്കുവാൻ. ജഡാവതാരം ചെയ്ത വചനമായ ദൈവം മനുഷ്യരുടെ ലോകത്തുനിന്ന് മാറിനിന്നുകൊണ്ട് ഈ ലോകത്തെ നിയന്ത്രിക്കുവാനല്ല, മറിച്ച് സാധാരണക്കാരുടെ അനുദിന ജീവിതത്തിലെ സുഹൃത്തായിത്തീരുകയാണ്. ഈ സംഭവം നടക്കുമ്പോൾ യേശു ദൈവപുത്രനെന്ന തന്റെ അസ്ഥിത്വം വെളിപ്പെടുത്തുകയോ, അതിശയങ്ങൾ ചെയ്യുവാനുള്ള പ്രാഗത്ഭ്യം പുറത്തറിയിക്കുകയോ ചെയ്തിരുന്നില്ല. അതുകൊണ്ട് അവൻ മറ്റുള്ളവർക്ക് ഒരു സാധാരണക്കാരൻ തന്നെയായിരുന്നു. യേശുവിന്റെ മാതാവാകട്ടെ, ആ വീട്ടുകാരുടെ കലവറയിൽ കയറി കാര്യങ്ങൾ നിരീക്ഷിക്കയായിരുന്നു. അവർക്ക് വീഞ്ഞു തികയില്ല എന്നു വന്നപ്പോൾ മാതാവ് അവരുടെ ഇല്ലായ്മയിൽ പങ്കുചേരുകയും, അതിൽ നിന്ന് അവരെ കരകയറ്റുവാനുള്ള മാർഗ്ഗങ്ങൾ തിരയുകയും ചെയ്യുന്നു. ഇവിടെ യേശുമറിയാമിനോടു പറയുന്ന മറുപടി വളരെയധികം ചർച്ച ചെയ്യപ്പെട്ട ഒന്നാണ്. മാതാവും മകനും തമ്മിലുള്ള ബന്ധത്തെ അവഗണിക്കുന്നവരാണ് "സ്ത്രീയെ, എനിയ്ക്കും നിനക്കും തമ്മിൽ എന്ത്?" എന്ന് ഈ ഭാഗം തർജ്ജിമചെയ്തിരിക്കുന്നത്. എന്നാൽ ഗ്രീക്കു ഭാഷയറിയാവുന്നവർ ഇതിനെ നിഷേധിയ്ക്കുകയും ഗ്രീക്കിൽ *ti emoi kai soi* എന്ന ചോദ്യത്തെ തിരിച്ചറിഞ്ഞ് മുകളിൽ പറഞ്ഞ തർജ്ജമ തെറ്റാണെന്ന് സമർത്ഥിക്കുകയും ചെയ്യുന്നു. അക്ഷരാത്രത്തിൽ പറഞ്ഞാൽ *ti* എന്നാൽ എന്ത് എന്നും *emoi* എന്നാൽ എനിയ്ക്ക് എന്നും, *soi* എന്നാൽ നിനക്കും എന്നാണർത്ഥം. *kai* എന്നത് രണ്ടുവാക്കുകളെ ബന്ധിപ്പിക്കുന്നതാണ്. ആയതിനാൽ ശരിയായ പരിഭാഷ "സ്ത്രീയെ എനിക്കും നിനക്കും എന്ത്?" എന്നുമാത്രമാണ്. സാധാരണയായി മക്കളുമായി സദസ്സിൽ എത്തുന്ന എല്ലാ അമ്മമാരുടെയും പൊതുസ്വഭാവമാണ് മക്കളുടെ കഴിവുകൾ മറ്റുള്ളവർകാൺകെ അവതരിപ്പിക്കുകയെന്നത്. കാനാവിലെ സംഭവവും അത്തരത്തിലെടുത്താൽ യേശുവിന്റെ മറുപടി സാധാരണ കുട്ടികൾ അമ്മമാരോടു പറയുന്നതിന് തുല്യമാണ്. "നാം ഇവിടെ വിരുന്നുവന്നിരിക്കുന്നവരാണ്, പിന്നെ നാം എന്തിന് ആവശ്യമില്ലാത്തകാര്യങ്ങളിൽ/ നമ്മളിടപെടേണ്ടാത്ത മേഖലകളിൽ വ്യാപൃതരാകുന്നു?" എന്നുമാത്രമേ കർത്താവിന്റെ മറുപടിയ്ക്കു അർത്ഥമുള്ളു. ഗ്രീക്കിലുള്ള ഈ ചോദ്യം പഴയനിയമത്തിൽ പലയിടത്തും ഇതുപോലെയുള്ള സാഹചര്യങ്ങളിൽ കാണാവുന്ന ഒന്നാണ്.

രണ്ടാമത്, നാം ഇന്നത്തെ വായനയിൽ നിന്നു മനസ്സിലാക്കേണ്ടത് യേശു ആരാണെന്ന് വ്യക്തമാക്കുന്നതായിരുന്നു ഇന്നത്തെ വേദവായയെന്നുള്ളതാണ്. ഈ അതിശയത്താൽ യേശു തന്റെ "മഹത്വം" വെളിപ്പെടുത്തിയെന്നാണ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്. ആറു ദിവസങ്ങൾകൊണ്ട് സൃഷ്ടിയുടെ രചന പൂർത്തിയാക്കിയ ദൈവത്തെയാണ് ആറുകൽപാത്രങ്ങളിലുള്ള വെള്ളം വീഞ്ഞാക്കിയ യേശു നമ്മെ ഓർമ്മിപ്പിക്കുന്നത്. വെള്ളം മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമായ ഒരു വസ്തുവാണെങ്കിൽക്കൂടി അത് രുചിയിലും, നിറത്തിലുമൊക്കെ വീഞ്ഞിൽ നിന്നും വളരെ വ്യത്യസ്തമാണ്. തന്റെ കല്പനയിൽ യേശു വെള്ളത്തെ വീഞ്ഞാക്കിയതിയൽക്കൂടി തന്റെ സൃഷ്ടിപരമായ ശക്തി വെളിവാക്കുകയാണ് ചെയ്തത്. "നീ തന്നെയാണോ വരുവാനുള്ള മശിഹാ?" എന്ന ചോദ്യം ആവർത്തിച്ചുയർന്ന ഘട്ടത്തിൽ (യോഹ. 1:41, 7:26–27, 10:24–25, 11:27, 12:34) തന്റെ ദൈവികമായ ഉത്ഭവം ഈ അതിശയപ്രവർത്തനത്തിലൂടെ യേശു വെളിവാക്കുകയാണ് ചെയ്യുന്നത്. പ്രവചനഗ്രന്ഥങ്ങളിലൊക്കെ വീഞ്ഞിനെപ്പറ്റി പറയുന്നത് അന്ത്യകാലത്ത് മശിഹാ നൽകുന്ന ഒരു ദാനമായിട്ടാണ് (ആമോസ് 9:13, ഹോശ. 2:24, യോവേൽ 4:18, യെശ. 29:17). ചുരുക്കത്തിൽ, യേശുവിന്റെ ശുശ്രൂഷയിലൂടെ അന്ത്യകാലം ആരംഭിച്ചുകഴിഞ്ഞു എന്നു തന്നെ പറയാം. അതിന്റെയൊരു വെളിപ്പെടൽ കൂടിയാണ് കാനാവിൽ നടക്കുന്നത്. ■




*F o r   F a v o u r s   R e c e i v e d*




Ramani



ഒരു വിശ്വാസി






Mrs. Mariamma George & Family, Aluva

## ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

☎ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

## പള്ളികൾ മനോഹരമാക്കൂ

കയർ, വിനയൽ, സിന്തറ്റിക്, കാർപ്പറ്റ് എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ട് എത്തി വർക്കുകൾ ഏറ്റെടുത്തു ചെയ്യുന്നു.

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കുമല്ലോ? അന്വേഷണങ്ങൾക്ക് സദയം വിളിക്കുക.

ഫോൺ: 0481–2571126, 2574183
0484–3292390 മൊബൈൽ: 9447259003

## എം.എ. കയർ ഹൗസ്

**ജീ– മാർട്ടിനു സമീപം**

**കഞ്ഞിക്കുഴി, കോട്ടയം**

SUNDAY SCHOOL NEWS



# നവ അദ്ധ്യയന വർഷം


**ഫാ. ഡോ. ഒ. തോമസ്**
(ഡയറക്ടർ ജനറൽ)


**പുതിയ അദ്ധ്യയന വർഷം**
ജനുവരി 2, 9 തീയതികളിലായി എല്ലാ സൺഡേസ്ക്കൂളുകളും പ്രവർത്തനങ്ങൾ ആരംഭിച്ചതായി മനസ്സിലാക്കുന്നു. ചില സൺഡേസ്ക്കൂളുകൽ സെക്കുലർ സ്ക്കൂളുകളിലെപോലെ പ്രാരംഭ ദിവസം പ്രവേശനോത്സവമെന്ന നിലയിൽ പ്രത്യേകമായ ചില പരിപാടികൾ ആവിഷ്ക്കരിച്ചു എന്നും കേൾക്കുകയുണ്ടായി. ഏതായാലും നമ്മുടെ ഭവനങ്ങളിലെ ഒരു കുട്ടിക്കുപോലും സൺഡേസ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കാതെ പോകരുതെന്ന നിലയിൽ അന്വേഷിച്ചു കണ്ടെത്തുവാൻ നാം ബദ്ധപ്പെടേണ്ടിയിരിക്കുന്നു.

**മത്സരങ്ങൾ**
ഈ വർഷത്തെ സൺഡേസ്ക്കൂൾ പ്രതിഭയായി കങ്ങഴ സെന്റ് തോമസ് സൺഡേസ്ക്കൂളിലെ ബിനി റേച്ചൽ മാത്യുവിനേയും, പ്രവീൺ ആയി പുത്തൻകാവ് സെന്റ് ആൻഡ്രൂസിലെ അജിത് കെ. ചെറിയാനെയും, വിജ്ഞാനിയായി ഇളംകുളം സെ. ഗ്രിഗോറിയോസിലെ ജസ്റ്റിൻ ആൻ ജയിംസിനെയും, ഗാനസുഗന്ധിയായി ആട്ടിൻകുന്ന് സെ. മേരീസിലെ ഫെമി ഷാജിയേയും തെരഞ്ഞെടുക്കുകയുണ്ടായി. അവർക്കും, സോണൽ തല വിജയികളായി കേന്ദ്രതലത്തിൽ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും അനുമോദനങ്ങൾ.

**ജീവകാരുണ്യ ദിനം**
ജനുവരി മാസം 16-ന് ജീവകാരുണ്യദിനമായി കൊണ്ടാടി. ചുരുക്കംചില സ്ക്കൂളുകൾ അത് കാര്യമായി എടുത്തില്ലാ എന്നറിയുന്നതിൽ ഖേദിക്കുന്നു. സഹജീവികളോടു കാരുണ്യം പ്രകടിപ്പിക്കാൻ ചെറുപ്പത്തിലേ കുഞ്ഞുങ്ങൾക്കു പരിശീലനം നൽകേണ്ടതാണ്. ഈ വർഷം സഹായം നൽകാൻ ഉദ്ദേശിക്കുന്നത് ബിഷപ്പ് പെക്കൻ ഹാം വാൽഷ് സ്ഥാപിച്ച തടാകം ആശ്രമം നടത്തിവരുന്ന സെന്റ് ഗ്രീഗോറിയോസ് ബാലഭവനാണ്. എല്ലാ സൺഡേസ്ക്കൂളുകളും ഈ നല്ല പ്രവൃത്തിയിൽ ഭാഗഭാക്കാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

**പുതിയ തെരഞ്ഞെടുപ്പുകൾ**
ഭദ്രാസനങ്ങൾ പുതുതായി നിലവിൽ വന്നതിനാൽ വീണ്ടും ചില കേന്ദ്രങ്ങളിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടക്കേണ്ടി വരുന്നു. തെരഞ്ഞെടുപ്പുകൾ ആത്മീയതയുടെ അതിർവരമ്പുകൾ ലംഘിക്കാതെയിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതുപോലെ വാർഷിക പരീക്ഷകൾ ചുരുക്കം ചില ഇടവകകൾ സമയം മാറ്റി നടത്തിയതും അക്ഷന്തവ്യമായ അപരാധം തന്നെ.

പുതിയ ഹെഡ്മാസ്റ്റർമാർ/ഹെഡ്മിസ്ട്രസ്സ്മാർ, ഇവരെ തെരഞ്ഞെടുക്കുമ്പോൾ സൺഡേസ്ക്കൂൾ 10,12 ക്ലാസ്സുകൾ വിജയിച്ച് സർട്ടിഫിക്കറ്റ് നേടിയവർക്ക് ഒരു മുൻതൂക്കം നൽകുന്നത് നന്നായിരിക്കും. എല്ലാ കാര്യങ്ങളിലും വളരുന്ന തലമുറയ്ക്ക് ഒരു മാതൃകയായി വർത്തിക്കുവാൻ ഏവരും ശ്രമിക്കണമേ എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് പുതിയ വർഷത്തിലെ എല്ലാ പ്രവർത്തനങ്ങൾക്കും മംഗളങ്ങൾ നേരുന്നു. ■


## അപേക്ഷകൾ ക്ഷണിക്കുന്നു

മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിലെ ത്രിവത്സര ഡിപ്ലോമാ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.


പ്രീഡിഗ്രി/+2 പാസ്സായ ഓർത്തഡോക്സ് യുവാക്കൾക്ക് അപേക്ഷിക്കാം. 18-ാമത് ബാച്ച് 2011 ജൂൺ മാസത്തിൽ ആരംഭിക്കുന്നു. പഠന കാലത്തെ ചിലവുകളും സ്റ്റൈഫന്റും നൽകുന്നു. പഠനശേഷം സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ ആകർഷകമായ വേതനത്തോടെ നിയമിക്കുന്നതാണ്. അപേക്ഷകർ അപേക്ഷാ ഫോറത്തിനും പ്രോസ്പക്ടസിനും 10 രൂപാ മണിഓർഡർ ആയി **പ്രിൻസിപ്പാൾ, മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര-690103** എന്ന വിലാസത്തിൽ **ഏപ്രിൽ 15-നകം** അയയ്ക്കേണ്ടതാണ്.

വിശ്വാസപാഠം

We Belive

മാർ ദിയസ്ക്കോറോസ്





# യേശുക്രിസ്തുവിന്റെ പൗരോഹിത്യം?

**വി. കുർബ്ബാനയിലെ കോലോകളിൽ ഒരു ഗാനത്തിൽ പറയുന്ന പ്രകാരം ആദ്യമായി അഹറോനും മോശയ്ക്കും പിന്നീട് സഖറിയായ്ക്കും യോഹന്നാനും അതുവഴി കർത്താവിനും ശ്ലീഹന്മാർക്കും പൗരോഹിത്യം ലഭിച്ചതായിട്ടാണ് മനസ്സിലാക്കുന്നത്. എന്നാൽ കർത്താവിന്റെ പൗരോഹിത്യം നിത്യ പൗരോഹിത്യമാണെന്ന് എബ്രായ ലേഖന കർത്താവ് പറയുന്നുണ്ട്. അതുകൊണ്ട് ദൈവവചനത്തിന് നിരക്കാത്ത പാട്ടുകൾ ഒഴിവാക്കുന്നതല്ലേ നല്ലത്?**

**റ്റി. വി. ഡാനിയേൽ, അങ്കമാലി**

ഡാനിയേലിന്റെ സംശയം പലർക്കും ഉള്ളതാണ്. യേശുക്രിസ്തു നിത്യമഹാപുരോഹിതനാണെന്നുള്ളത് നമ്മുടെ അടിസ്ഥാന ചിന്തയാണ്. യഹൂദ പൗരോഹിത്യവുമായി ക്രിസ്തുവിന്റെ പൗരോഹിത്യത്തിനുള്ള സാമ്യ വ്യത്യാസങ്ങൾ എബ്രായ ലേഖനത്തിൽ വിശദമാക്കുന്നുണ്ട്. ഒരർത്ഥത്തിൽ പഴയനിയമ പൗരോഹിത്യത്തിന്റെ തുടർച്ചയും പൂർത്തീകരണവും ക്രിസ്തുവിൽ ദൃശ്യമാകുന്നു. മറ്റൊരർത്ഥത്തിൽ ക്രിസ്തുവിന്റെ പൗരോഹിത്യവും പഴയനിയമ പൗരോഹിത്യവും തമ്മിൽ മൗലികമായ വ്യത്യാസമുണ്ട്. ഈ വ്യത്യാസത്തിലാണ് ക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ അതുല്യത നിലകൊള്ളുന്നത്.

പഴയനിയമ പൗരോഹിത്യമായ ലേവ്യ പൗരോഹിത്യത്തിന് വളരെയധികം കുറവുണ്ടായിരുന്നു. അഹറോന്റെ ക്രമപ്രകാരം പൗരോഹിത്യത്തിനായി തെരഞ്ഞെടുക്കുന്ന മനുഷ്യൻ സ്വന്തപാപങ്ങൾക്കു വേണ്ടിയും യാഗം അർപ്പിക്കുന്നുണ്ട് (എബ്രായ 7:27;10:1–4). ക്രിസ്തുവിന്റെ പൗരോഹിത്യം ഇതിൽ നിന്ന് വളരെ വ്യത്യസ്തമാണ്. മൽക്കീസദേക്ക് എന്ന് (സങ്കീ. 110:4) അറിയപ്പെടുന്നത്. അവന് മാതാവില്ല, പിതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനുവുമില്ല. അവൻ ദൈവപുത്രനു തുല്യമായി എന്നേക്കും പുരോഹിതനായിരിക്കുന്നു (എബ്രായ 7:3). മൽക്കീസദേക്കിന് ദശാംശം കൊടുത്ത ലേവ്യ പൗരോഹിത്യം മുഴുവനും മൽക്കീസദേക്കിന്റെ ക്രമപ്രകാരം യേശുക്രിസ്തുവിനു വിധേയപ്പെട്ടിരിക്കുന്നു. നിത്യപുരോഹിതനായ ക്രിസ്തുവിന് യഹൂദ പുരോഹിതനെപ്പോലെ സ്വന്ത പാപങ്ങൾക്കു വേണ്ടി യാഗം അർപ്പിക്കേണ്ട ആവശ്യമില്ല. പൗരോഹിത്യം നിത്യമായി ക്രിസ്തുവിൽ ഒന്നായിത്തീർന്നിരിക്കുകയാണ്.

ക്രിസ്തുവിന്റെ പൗരോഹിത്യത്തെയും അഹറോന്യ പൗരോഹിത്യത്തെയും കുറിച്ചുള്ള സഭയുടെ അടിസ്ഥാന ചിന്തകളാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഡാനിയേൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഗാനശകലങ്ങൾ ഈ അടിസ്ഥാന ചിന്തകളെ വികലപ്പെടുത്തുവാനല്ല. പ്രത്യുത, അതിനെ മറ്റൊരു വീക്ഷണത്തിലൂടെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന് മാനവജാതിയുടെ ചരിത്രത്തിൽ അവൻ ദൈവമായിരിക്കെ തന്നെ ചരിത്ര പുരുഷൻ എന്ന ഒരു സ്ഥാനമുണ്ട്. ചരിത്ര പുരുഷൻ എന്ന നിലയിൽ തന്റെ പൗരോഹിത്യത്തിന്റെ പിൻതുടർച്ചയുടെ വഴികളാണ് ഗാനത്തിലൂടെ വിശദീകരിക്കപ്പെട്ടിരിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ വിശദമാക്കിയിരിക്കുന്നത് വി. മത്തായിയുടെ സുവിശേഷത്തിൽ കൊടുത്തിരിക്കുന്ന വിവരണത്തിൽ നിന്ന് വ്യത്യസ്തമായിട്ടാണല്ലോ? യോഹന്നാൻ നിത്യനായ ദൈവം കാലത്തികവിൽ മനുഷ്യനായി അന്തരിച്ചു എന്ന അടിസ്ഥാന ദൈവശാസ്ത്ര ചിന്ത നൽകുമ്പോൾ മത്തായിയും ലൂക്കോസുമൊക്കെ ക്രിസ്തുവിനെ മാനവജാതിയുടെ ചരിത്രത്തിലെ ഒരു ശൃംഖലയായിട്ടാണ് ചിത്രീകരിക്കുന്നത്. ഈ "വിരോധാഭാസം" മനസ്സിലാക്കുവാൻ ശ്രമിച്ചാൽ ഡാനിയേൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പാട്ടിന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കാവുന്നതേയുള്ളൂ! ●

# സുന്ത്രോണീസോയും, ഭദ്രാസന ഉദ്ഘാടനവും



കൊട്ടാരക്കര–പുനലൂർ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ് തിരുമേനിയുടെ സുന്ത്രോണീസോ 22–ാം തീയതി പുനലൂർ ചെമ്മന്തൂർ സെന്റ് ജോൺസ് പള്ളിയിൽ വച്ചും, ഭദ്രാസന ഉദ്ഘാടനം 23–ന് കൊട്ടാരക്കര ക്രിസ്ത്യൻ സെന്ററിൽ വച്ചും നടത്തി. പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കുറിയാക്കോസ് മാർ ക്ലീമീസ്, പൗലോസ് മാർ പക്കോമിയോസ് എന്നീ പിതാക്കന്മാർ പങ്കെടുത്തു.

ഭദ്രാസനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം പ. ബാവാ തിരുമേനി നിർവ്വഹിച്ചു.

പൊതുസമ്മേളനം കേന്ദ്രമന്ത്രി വയലാർ രവി ഉദ്ഘാടനം ചെയ്തു. സഖറിയ മാർ അന്തോണിയോസ്, മാർത്തോമ്മാ സഭ കൊല്ലം–ഭദ്രാസനാധിപൻ തോമസ് മാർ തീമോത്തിയോസ്, ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. ജോർജ് ജോസഫ്, കൊടിക്കുന്നിൽ സുരേഷ് എം.പി., ഐഷാ പോറ്റി എം.എൽ.എ., ആർ ബാലകൃഷ്ണ പിള്ള എന്നിവർ പ്രസംഗിച്ചു.

ഭദ്രാസന സെക്രട്ടറി ഫാ. അലക്സ് പി.സഖറിയ, പി. എം. ജോൺ കോർ എപ്പിസ്ക്കോപ്പാ, ഫാ. സാജൻ തോമസ്, ഫാ. സ്പെൻസർ കോശി, ഫാ. ഫിലിപ്പ് മാത്യു, ഫാ. കോശി ജോൺ, ഫാ. ജി. കോശി, സാബു ഡാനിയേൽ, മാത്യു വർഗീസ്, എം. ഒ. മാത്യു, ഒ. അച്ചൻകുഞ്ഞ്, അനിൽ, ബിജു എന്നിവർ നേതൃത്വം നൽകി.

ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നായി ആയിരിക്കണക്കിന് വിശ്വാസികൾ ഘോഷയാത്രയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു.

## നിയമിതനായി



മലങ്കരസഭ മാസിക മാനേജിംഗ് എഡിറ്ററായി തോമസ് പി. മുകളിൽ കത്തനാരെ എഡിറ്റോറിയൽ ബോർഡ് പ്രസിഡന്റ് അഭി. സഖറിയാസ് മാർ അന്തോണിയോസ് തിരുമേനി നിയമിച്ചു. സബ് എഡിറ്ററായി പ്രവർത്തിച്ചു വരികയായിരുന്നു.


## വേർപാടിന്റെ 4-ാം വാർഷികം, 05-02-2011



**സി. എം. ഫിലിപ്പോസ് (ബേബി)**

(മുൻ സഭാ മാനേജിംഗ് കമ്മറ്റി അംഗം)

"ഞാൻ നല്ല പോർ പൊരുതി.
ഓട്ടം തികച്ചു, വിശ്വാസം കാത്തു"

ചിറത്തലയ്ക്കൽ ഹൗസ്, കല്ലൂപ്പാറ
എന്ന്,
സന്തപ്ത കുടുംബാംഗങ്ങൾ


## പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ജീവിത രേഖകൾ ക്ഷണിക്കുന്നു

ഭാഗ്യസ്മരണാർഹനായ പ. ഗീവർഗീസ് ദ്വിതീയൻ ബാവായെപ്പറ്റി ഒരു സമഗ്ര ഗ്രന്ഥം പ്രസിദ്ധീകരിക്കുകയാണ്. അദ്ദേഹത്തെപ്പറ്റി ലഭ്യമായ എല്ലാ വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തണമെന്നാണ് ആഗ്രഹം.

പ. ബാവായുടെ കല്പനകൾ, സ്വകാര്യ കത്തുകൾ, ഫോട്ടോകൾ, ഫലിതോക്തികൾ ഇവ കൈവശമുള്ളവർ സദയം അറിയിക്കുക.

**Box No. : 701**

മലങ്കരസഭ മാസിക, ദേവലോകം അരമന
കോട്ടയം–38


**4th Death Anniversary**
**(17-1-2011)**



**ALEYAMMA JOHN**
**(KUNJAMMA)**

**MOLETHU, ADOOR**

**(Retd. Teacher, Govt. High School for Girls-Adoor)**

- ALWAYS IN OUR HEARTS -

Inserted by:-

Husband : John Varghese Molethu
(Pappachan)
Children £ Grand Children

## പ്രഥമ ഹോറേബ് പദയാത്ര

അടൂർ–കടമ്പനാട് ഭദ്രാസനാധിപൻ അഭി. സഖറിയാസ് മാർ അപ്രേം തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെ പ്രഥമ ഹോറേബ് പദയാത്ര നടത്തി.

ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നും കടമ്പനാട് സെന്റ് തോമസ് കത്തീഡ്രലിൽ എത്തിച്ചേർന്ന പദയാത്രികർ പരിശുദ്ധ മൂന്നാം മാർത്തോമ്മായുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തിയ ശേഷം അഭി. തിരുമേനിയുടെ നേതൃത്വത്തിൽ ശാസ്താംകോട്ട ലക്ഷ്യമാക്കി പ്രാർത്ഥനകളുമായി നടന്നു നീങ്ങി. ഭദ്രാസനാധിപൻ നേതൃത്വം നൽകി മുമ്പേ നടക്കുന്ന പദയാത്ര മെത്രാസനത്തിന് ഒരു നവ്യാനുഭവമായി.

വിവിധ ഇടവകകളിൽ നിന്നായി നൂറ് കണക്കിന് വിശ്വാസികളും, ഭദ്രാസനത്തിലെ വൈദിക ശ്രേഷ്ഠരും ഈ തീർത്ഥാടന പദയാത്രയിൽ പ്രാർത്ഥനകളോടെ സംബന്ധിച്ചു.

## തെരഞ്ഞെടുക്കപ്പെട്ടു

**കോട്ടയം:** മഹാത്മാഗാന്ധി സർവകാശാല സെനറ്റിലേക്ക് സ്വകാര്യ എയ്ഡഡ് കോളേജ് അധ്യാപക പ്രതിനിധിയായി പ്രൊഫ. സജു മാത്യു തെരഞ്ഞെടുക്കപ്പെട്ടു. ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജ് മലയാള വിഭാഗം അദ്ധ്യാപകനും മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഇടവകാംഗവുമാണ്.


**4–ാം ചരമ വാർഷികം**
**(05–01–2011)**



**കെ.പി. മാത്യു**
**(മാത്തുക്കുട്ടി)**
**വടക്കേവീട്ടിൽ, തഴക്കര**

നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമവൻ വലഭാഗത്തായ്

**സന്തപ്ത കുടുംബാംഗങ്ങൾ**
**9446458053**







ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം


# സമൃഗ് ദർശനം

"മൃതം" മരിച്ചത്, ഇരന്നുവാങ്ങി ഉപജീവിക്കുന്നത് എന്ന് അർത്ഥം. വ്യക്തിത്വം നഷ്ടപ്പെടുത്തി ജീവിക്കാനുള്ള എല്ലാ ശ്രമവും മൃതമെന്ന പരിധിയിൽപ്പെടുന്നു. ജീവിതത്തിൽ മരണത്തിന് കീഴടങ്ങിയവർ നിത്യ ജീവന്റെ സ്പർശത്തിൽ നിന്ന് വിട്ടുപോകുന്നുവെന്ന് പ്രമാണം. മൃതം ശോഭ നഷ്ടപ്പെടലാണ്, വിശുദ്ധ വസ്ത്രം നഷ്ടപ്പെടലാണെന്ന് ഏദൻ. ജീവനുള്ളവന്റെ ഓർമ്മയിൽ നിന്ന് മരണം നഷ്ടപ്പെടരുതെന്ന് കൂദാശകൾ. ചാകുന്നത് ജീവൻ ആകാൻ വേണ്ടിയാണെന്ന് തമ്പുരാൻ. ദൈവരാജ്യം വരെ മരണം കാണാത്തവർ കർത്താവിന്റെ സുന്ദര വാഗ്ദാനമാണ്. ദൈവരാജ്യം വരെ മരണപ്പെട്ടു ജീവിക്കുന്നത് ഭയാനകവുമാണ്.

യെനസ്ക്കോയുടെ നാടകത്തിൽ ഭവനത്തിനുള്ളിൽ കഴിഞ്ഞുകൂടുന്ന ദമ്പതികൾ, ആ ഭവനത്തിൽ ഒരു മൃതദേഹവും കിടക്കുന്നുണ്ട്. ഒരു നാൾ അതിനു വളർച്ച പ്രാപിക്കുന്നു. അത് വീടിന്റെ വാതിൽ പൊളിച്ചു വളരുന്നു. തന്റെ ഭവനത്തെ പ്രതിസന്ധിയിലാക്കുന്ന മൃതദേഹത്തെ അയാൾ വലിച്ചിഴച്ച് സെൻ നദീതീരത്ത് കൊണ്ടുപോകുന്നു. ബലൂൺപോലെ വീർത്ത ആ മൃതദേഹം അയാളെയുംകൊണ്ട് അപ്രത്യക്ഷമാകുന്നു. ചില മൃതദേഹങ്ങൾ നമ്മുടെ ഭവനങ്ങൾക്ക്, പരിസരങ്ങൾക്ക്, സംസ്ക്കാരത്തിന് ആത്മീയതയ്ക്ക് അപകടങ്ങൾ ഉണ്ടാക്കാറുണ്ട്. മൃതം സംസ്ക്കരിക്കേണ്ടത് വേഗത്തിലാണ്. എന്ന് വചനം, മൃതമായ അവയവം വേഗത്തിൽ മുറിക്കേണ്ടതാണ് എന്നുകൂടെ. മരണം മുറിപ്പെടുത്തുന്നു. അത് മുറിവേൽക്കുന്നില്ല. മുറിപ്പാടുകൾ ജീവനുകൾക്കാണെന്നു കർത്താവ്.

ജീവൻ കൊടുക്കേണ്ടവർ മരണം കൊടുക്കരുതെന്ന് ദൈവം ആവർത്തിക്കുന്നു. എല്ലാ മന്ദിരങ്ങളും ജീവൻ പ്രധാനം ചെയ്യണമെന്നും. പിതാവ് ജീവൻ ആകേണ്ടവൻ. ഗുരു ജീവൻ ഉണർത്തുന്നവൻ. നല്ലദാനങ്ങൾ കൊടുക്കുന്നവൻ ജീവൻ ആണ് കൊടുക്കുക. ദാന സ്വീകരണം ഒരു മരണപ്പെടലാണ്. ഉപജീവനം ജീവൻ നഷ്ടപ്പെടുത്തലുമാണ്. ജീവൻ കൊടുത്ത് മരണപ്പെടുന്നവൻ ജീവനായകൻ എന്നു വരുന്നു.

തുറക്കുന്ന വാതായനങ്ങൾ ജീവനുവേണ്ടിയാകണം. നമ്മുടെയുള്ളിലെ മൃതദേഹങ്ങളുടെ വളർച്ചയ്ക്കുവേണ്ടിയാകരുത്. അവ ജീവന് ആപത്താകരുത്. ജീവിതത്തിന് തടസവുമാകരുത്. സംസ്ക്കരിക്കപ്പെടാത്ത മൃതദേഹങ്ങളുടെ രൂപഭേദങ്ങളാണ് വർഗ്ഗീയത, ഭീകരവാദം. സംസ്ക്കരിക്കപ്പെടാത്തതെല്ലാം സംഘർഷങ്ങൾക്ക് കാരണവുമാകും. സംസ്ക്കരിക്കപ്പെടുന്നതുവരെ അന്യർക്ക് കീറാമുട്ടിയാകുന്ന നമ്മുടെ വീക്ഷണങ്ങൾ, ശൈലികൾ നമ്മെ മൃതമാക്കരുതെന്നുണ്ട്.

"മൃത്യോാമാ അമൃതം ഗമയാ"





# EXPECT LESS THAN OTHERS

'എല്ലാവർക്കും കൂടി കാണാവുന്ന ഒരു സ്വപ്നം നമ്മളെന്നാണ് കാണുക? എല്ലാവർക്കും ചൊല്ലാവുന്ന ഒരു പ്രാർത്ഥന എന്ന് രൂപപ്പെടും? മഴയുടെ സംഗീതം കേൾക്കാൻ നമ്മളെന്നാണ് ഒരു മരച്ചുവട്ടിൽ ഒന്നിച്ചു ചേരുന്നത്?"

വേനൽ',
പെരുമ്പടവം ശ്രീധരൻ

മറ്റുള്ളവരെക്കാൾ കൂടുതൽ അറിവുള്ളവരാകുക, എല്ലാവരെക്കാൾ കൂടുതൽ പ്രവർത്തിയ്ക്കുക, പ്രതീക്ഷയുടെ കാര്യത്തിൽ, ആഗ്രഹത്തിന്റെ കാര്യത്തിൽ സ്വയനിയന്ത്രണം പാലിയ്ക്കുക
എന്ന ആപ്തവാക്യം ജീവിതപ്രമാണമായി നാം സ്വീകരിയ്ക്കേണ്ടതാണ്. നിസ്സാരമായ അറിവും, പ്രവൃത്തിയുമേ ഉള്ളുവെങ്കിലും അമിതമായ ആഗ്രഹപൂർത്തീകരണത്തിനുള്ള വിഫലശ്രമം നമ്മിലെ 'ക്രിയാത്മക ഊർജ്ജത്തെ' നഷ്ടപ്പെടുത്തുന്നു. പലരുടെയും ആഗ്രഹങ്ങൾ അമിതാഗ്രഹങ്ങളായി പരിണമിക്കുമ്പോൾ അതിനനുസൃതമായി നാമും വേവലാതിപ്പെടുന്നതാണ് ജീവിതത്തിന്റെ മാധുര്യത്തെ നഷ്ടപ്പെടുത്തുന്നത്. വളരുവാനും, പടർന്നുപന്തലിയ്ക്കുവാനും നാം ആഗ്രഹിയ്ക്കുമ്പോൾ, അതിനനുസൃതമായ സാഹചര്യത്തിനായും നാമാഗ്രഹിയ്ക്കും. എന്നാൽ, വളരുവാനുള്ള സാഹചര്യം ഇല്ലാതിരുന്നിട്ടും ശിഖരങ്ങൾ നീട്ടി വളരുകയും, ഫലം പുറപ്പെടുവിയ്ക്കുകയും ചെയ്യുന്ന ഒരു ചെടിയ്ക്ക് സമാനരായി നാം ആയ്ത്തീരണം. മുൾപ്പടർപ്പിനും, പാറക്കൂട്ടങ്ങൾക്കും ഇടയിലകപ്പെട്ടിട്ടും പുഷ്ടിച്ചു നില്ക്കുന്ന ചെടി, പ്രതീക്ഷയുടെ ലാളിത്യവും, പ്രവർത്തനത്തിന്റെ ആധിക്യവും നമ്മെ വെളിപ്പെടുത്തുന്നു.
ലാറ്റിൻ സംഗീതത്തിൽ **'Allegro Conbrio'** എന്നൊരു സംഗതിയുണ്ട്. ['Allegro' (ആഹ്ലാദിപ്പിയ്ക്കുന്ന) 'Conbrio' (നല്ല ചൊടിയോടെ ചെയ്യേണ്ടത്)] ദുരിതങ്ങളുടെ മദ്ധ്യേയുള്ള പ്രതീക്ഷാ നിർഭരയാചനയെ സംഗീതാത്മകമായി അവതരിപ്പിയ്ക്കുന്ന രീതിയാണിത്. 'എന്റെ ദു:ഖം നിന്റെ സന്തോഷത്തെ ഹനിയ്ക്കുമെന്നതിനാൽ സംഗീതാത്മകതയോടെ, എന്റെ ദു:ഖത്തിലെ ആർദ്രഭാവം ആകർഷകമായി ഞാനവതരിപ്പിയ്ക്കുന്നു' എന്നാണിതിനർത്ഥം. നമ്മുടെ ദു:ഖത്തിന് ആരിൽ നിന്നും പ്രതിവിധിതേടണ്ട, സമയവും നഷ്ടപ്പെടുത്തണ്ട, മറ്റുള്ളവർക്കതൊരു പാഠമായാൽ മതി.സാധാരണ കുടിലിൽ നിന്നും വരുന്നവൻ രാജകൊട്ടാരത്തിലെ തീൻമേശയിലിരിയ്ക്കുമ്പോൾ കേൾക്കേണ്ടിവരുന്ന കുത്തുവാക്കുകൾ മനസ്സിനെ വേദനിപ്പിയ്ക്കും. എന്നാൽ, ഉന്നതരോടൊപ്പമിരിയ്ക്കുമ്പോൾ, സൗഭാഗ്യങ്ങൾ അനുഭവിയ്ക്കുമ്പോൾ തന്നെ മറക്കാതെ, ഉന്നതാവസ്ഥയിൽതന്നെ വിരാജിയ്ക്കാതെ ഇരിയ്ക്കുവാൻ ചിലപ്പോൾ ഈ അനുഭവം സഹായിച്ചേക്കാം. ഉന്നതരുടെ ഉന്നതമായ വിചാരധാരകൾ നമ്മിൽ അമിതാസക്തിയും, നിരാശയും സൃഷ്ടിക്കാതെ ഇരിയ്ക്കണം. ഇസ്രായേലിൽ **'നെവ്ഷാലോം'** (സമാധാനമരുപ്പച്ച) എന്നൊരു ഗ്രാമമുണ്ട്. പരസ്പരം പോരടിയ്ക്കുന്ന മുസ്ലീം–ജൂതസമുദായങ്ങളിൽപ്പെട്ട മനുഷ്യസ്നേഹികൾ രൂപം കൊടുത്തതാണിത്. അംഗീകാരത്തിനും, നിലനില്പിനും പലരും പോരടിയ്ക്കുമ്പോൾ, ലഭ്യമായ സംതൃപ്തിയിൽ 'സമാധാനം' ആസ്വദിയ്ക്കുന്ന ഒരു ന്യൂനപക്ഷം, നമ്മിൽ വെൺമയുടെ പനിമഞ്ഞ് തളിയ്ക്കേണ്ടതല്ലേ? **ഏകാന്തതയിലെ നമ്മുടെ ചിന്തകളെയും, ജനബാഹുല്യത്തിലെ നമ്മുടെ വാക്കുകളെയും സൂക്ഷിയ്ക്കണം.** ഇവ രണ്ടും നമ്മിൽ അമിതാസക്തികളും, ആഗ്രഹങ്ങളും ജനിപ്പിയ്ക്കും. **അതിവേഗതയിൽ യാത്രചെയ്യുവാൻ ചിലപ്പോൾ ഏകാന്തയാത്രകൾ നമ്മെ സഹായിച്ചേക്കാം, എന്നാൽ, ദൂരെയാത്രകൾക്ക് ഒരുമിച്ചുള്ള, കൂട്ടായ സഞ്ചാരം ഉപകരിയ്ക്കും.** ബാഹുല്യത്തിലും ചുരുങ്ങിയ ആഗ്രഹങ്ങളും, ലളിതമായ ചിന്തകളും നമ്മെ പ്രകാശിതരാക്കും. സംഘടിതബലത്തിലൂടെ പലതും നേടിയെടുത്ത് വിജയക്കൊടിപാറിയ്ക്കുന്ന ലോകത്തിൽ, ദൈവാധിഷ്ഠിത ജീവിതം നയിക്കുന്ന സുമനസ്സുകളുടെ സമൂഹമാകുവാനും, മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കാളിത്വം വഹിയ്ക്കുവാനും നാം തയ്യാറാകണം. **'പൂക്കാതിരിയ്ക്കുവാനെനിയ്ക്കാവതില്ലെ'** എന്ന കവിവാക്യം, സ്വീകർത്താവിൽ നിന്നും ദാതാവിലേക്കുള്ള വളർച്ചയെ സൂചിപ്പിയ്ക്കുന്നു. എല്ലാവരും നേട്ടങ്ങളുടെ പിന്നാലെ പായുമ്പോൾ, യോഗി മനസ്സോടെ മറ്റുള്ളവർ തേടുന്ന 'നേട്ടമായി' നമ്മെ സമർപ്പിയ്ക്കുന്നത് അർത്ഥവത്താണ്. എല്ലാവരെക്കാളും ആരോഗ്യവും, ശക്തിയും നമുക്കുണ്ടെങ്കിലും, നമ്മുടെ അദ്ധ്വാനം ശേഷികുറഞ്ഞവർക്കുള്ള നിലനില്പും, വഴിത്താരയുമായ്ത്തീരട്ടെ.

**ഫാ. വിൽസൺ മാത്യു**
**(ബേസിൽദയറ)**

BUDHIMAN

# ബുദ്ധിമാൻ

ഫാ. മുകളിൽ






# അഖില മലങ്കര മർത്തമറിയം സമാജം

## ഒരുക്കുന്ന

# ജറുശലേം യാത്ര



### 80 സമാജാംഗങ്ങൾക്ക് കൂപ്പൺ പിരിവിലൂടെ സബ്സിഡി നൽകുന്നു

അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ "അഷ്ടദശതി" (80–ാം വാർഷികം) വർഷാചരണത്തിന്റെ ഭാഗമായി പ്രസിഡന്റ് അഭി. ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ യേശുക്രിസ്തുവിന്റെ ജനന–മരണ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വിശുദ്ധനാട് സന്ദർശിക്കുവാൻ വിശ്വാസികൾക്ക് അവസരം ഒരുക്കുന്നു.

- അഭി. തിരുമേനിമാർ, വൈദികർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്‌ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.



നവാഭിഷിക്ത തിരുമേനിമാർ ബേദ്‌ലഹേം പള്ളിയിൽ വി. കുർബാന അർപ്പിച്ചപ്പോൾ

***2011–ൽ ഫെബ്രു. 24, ഏപ്രിൽ 25, മെയ് 10, ജൂൺ 15***

*Contact:-*

**H.G. Dr. Zacharia Mar Theophilos (President)**
**Fr. John Sankarathil, (Samajam Vice President)**
**Accamma Paul (General Secretary)**
**Ph: 9847478894, 0481-2582518, 2571840, 9447123321**
**e-mail: sankarathilachen@gmail.com**
**web: www.biblicaldiscoverytours.com**



# കൺവൻഷനുകൾ

**മുളന്തുരുത്തി:** കൊച്ചി ഭദ്രാസനത്തിലെ തെക്കൻ മേഖലാ പള്ളികളുടെ ആഭിമുഖ്യത്തിലുള്ള മുളന്തുരുത്തി കൺവൻഷൻ മൂന്നു നോമ്പു ദിവസങ്ങളായ ഫെബ്രുവരി 13 മുതൽ 16 വരെ നടക്കുന്നു. ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഫാ. ഡോ. റ്റി.ജെ. ജോഷ്വാ, ഫാ. ഡോ. ഒ. തോമസ്, ഫാ. സജി അമയിൽ, ഫാ. മോഹൻ ജോസഫ് പ്രസംഗിക്കുന്നു. ഫാ. മേരീദാസ് സ്റ്റീഫൻ, ഫാ. ജിയോ മട്ടുമ്മേൽ, ഫാ. എബ്രഹാം ഇടമ്പാടം എന്നിവർ നേതൃത്വം നൽകുന്നു.

**കല്ലൂപ്പാറ:** 2011 ഫെബ്രുവരി 6 മുതൽ 13 വരെ 68–ാമത് കല്ലൂപ്പാറ കൺവൻഷൻ നടക്കുന്നു. പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ, അഭി. ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്, അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നീ തിരുമേനിമാരും, ഫാ. അലക്സാണ്ടർ ഏബ്രഹാം, ഫാ. ഡോ. ഒ. തോമസ്, ഫാ. ഡോ. റെജി മാത്യൂസ്, ഫാ. വർഗീസ് വർഗീസ്, ഫാ. ജേക്കബ് കോശി, ഫാ. വർഗീസ് റ്റി. വർഗീസ്, സിപ്പി പള്ളിപ്പുറം, ഫാ. ബോബി ജോസ് കപ്പൂച്ചിയൻ, പ്രൊഫ. നെൽസൺ ഏബ്രഹാം, അഡ്വ. ജെയ്സി കരിങ്ങാട്ടിൽ, ശ്രീ. ടി.എസ്. ജോൺ, ശ്രീ. ജോസഫ് എം.പുതുശ്ശേരി എം.എൽ.എ., എന്നിവർ പ്രസംഗിക്കുന്നു.

ഫാ. ജിജി വർഗീസ്, ഫാ. സ്റ്റാൻലി ജോൺസ്, ഫാ. ജോൺ മാത്യു, ഫാ. ജോൺസൺ സി.ജോൺ, ശ്രീ. ഏലിയാസ് ചിറത്തലയ്ക്കൽ, എന്നിവർ നേതൃത്വം നൽകുന്നു.

**പട്ടിക്കാട്:** കൊച്ചി ഭദ്രാസനത്തിലെ വടക്കൻ മേഖലയിലെ പള്ളികളുടെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള എം.ജി.എം. കൺവൻഷൻ മാർച്ച് 6 മുതൽ 12 വരെ പട്ടിക്കാട് നടക്കും. ഭദ്രാസനാധിപൻ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

**പുത്തൂർ:** കൊല്ലം ഭദ്രാസനത്തിലെ പുത്തൂരും പരിസര പ്രദേശത്തുള്ള ഇടവകകൾ സംയുക്തമായി നടത്തുന്ന കൺവൻഷൻ ഫെബ്രുവരി 9 മുതൽ 13 വരെ പുത്തൂർ സെന്റ് ജോർജ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ അങ്കണത്തിൽ നടത്തുന്നു. ഒരുക്കധ്യാനം 4–ന് മാധവശ്ശേരി മാർ തേവോദോറോസ് പള്ളിയിൽ ഫാ. തോമസ് പി. ജോൺ മങ്കുഴിയുടെ നേതൃത്വത്തിൽ നടന്നു. സൗത്ത്വെസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ അലക്സിയോസ് മാർ യൗസേബിയോസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. വിവിധ ദിവസങ്ങളിൽ അഭി. സഖറിയ മാർ അന്തോണിയോസ്, ഫാ. ജോജി കെ. ജോയി, ഫാ. സജി അമയിൽ, ഫാ. സഖറിയ നൈനാൻ ചിറത്തലാട്ട്, ഫാ. ജോസഫ് ശാമുവേൽ കറുകയിൽ കോർ എപ്പിസ്ക്കോപ്പ, ഫാ. വർഗ്ഗീസ് വർഗ്ഗീസ്, ഫാ. ഏബ്രഹാം തോമസ്, ശ്രീമതി ഗ്രേസ് ലാൽ എന്നിവർ പ്രസംഗിക്കുന്നു.

**പുനലൂർ:** പുനലൂരും പരിസര പ്രദേശങ്ങളിലുമുള്ള ഇടവകകളുടെ ആഭിമുഖ്യത്തിലുള്ള പുനലൂർ കൺവൻഷൻ പുനലൂർ സെന്റ് തോമസ് സ്ക്കൂൾ ഗ്രൗണ്ടിൽ ഫെബ്രു. 10 മുതൽ 13 വരെ തീയതികളിൽ നടക്കുന്നു. ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ തേവോദോറോസ്, ഉദ്ഘാടനം നിർവ്വഹിക്കുന്നു. അഭി. സഖറിയാസ് മാർ അപ്രേം, ഫാ. ഡോ. റ്റി. ജെ. ജോഷ്വ, ഫാ. ഗീവർഗീസ് വള്ളിക്കാട്ട്, ഫാ. വർഗീസ് റ്റി. വർഗീസ്, പ്രൊഫ. ഇട്ടി വർഗീസ്, നന്ദു ജോൺ എന്നിവർ പ്രസംഗിക്കും.

ഫാ. കോശി ജോൺ, ഫാ. ജേക്കബ് ജോൺ, ഫാ. ജോൺകുട്ടി, ഫാ. ജേക്കബ് റോയി, ശ്രീ. സാബു ഡാനിയേൽ, ശ്രീ. കെ. ജെ. തോമസ്, ഏബ്രഹാം ഡാനിയേൽ എന്നിർ നേതൃത്വം നൽകുന്നു.

## ധൂപപ്രാർത്ഥന നടത്തി




ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസന ആസ്ഥാനമായ ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങിയിട്ടുള്ള നാല് സഭാ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപെരുന്നാളിൽ വി. കുർബ്ബാനയ്ക്കു ശേഷം പ. കാതോലിക്കാ ബാവാ തിരുമേനി പിതാക്കന്മാരുടെ കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തി., ഡോ. മാത്യൂസ് മാർ സേവേറിയോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഭദ്രാസന സെക്രട്ടറി ഫാ. മത്തായി ഇടയനാൽ, സെമിനാരി മാനേജർ ഫാ. യാക്കോബ് തോമസ് തുടങ്ങിയവർ സംബന്ധിച്ചു.

## ഒന്നാം റാങ്ക്



പുതുപ്പള്ളി നിലയ്ക്കൽ ഇടവകാംഗമായ കാവനാടിയിൽ ശ്രീ. കെ. സി. രാജുവിന്റെയും അമ്മിണി രാജുവിന്റെയും മകൾ കെ. സി. രാജിമോൾ MSc. ഫുഡ് സർവീസ് മാനേജ്മെന്റ് ആൻഡ് ഡയറ്ററ്റിക്സിൽ എം. ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ഒന്നാം റാങ്ക് നേടി. ബി.എസ്.സി. ഫുഡ് സയൻസ് ആൻഡ് ക്വാളിറ്റി കൺട്രോളിൽ ഒന്നാം റാങ്കും സൺഡേസ്ക്കൂൾ 12–ാം ക്ലാസ്സിൽ ഒന്നാം റാങ്കും ലഭിച്ചിട്ടുണ്ട്.

## സൺഡേസ്ക്കൂൾ വിജയികൾ



സെൻട്രൽ സോൺ സബ് ജൂണിയർ പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കുമാരി അജുല അച്ചാമ്മ ജോർജ് നിരണം സെന്റ് മേരീസ് ഇടവകാംഗം.



സീനിയർ സംഗീത മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ റീബാ സുനിൽ, കുണ്ടറ സെന്റ് തോമസ് വലിയ പള്ളി.



സീനിയർ വിഭാഗം പൊതുവിജ്ഞാനത്തിൽ ഒന്നാം സ്ഥാനം നേടിയ കുമാരി ഷോളി കുരുവിള. കണ്ണാറ സെന്റ്. ജോർജ് സണ്ടേസ്ക്കൂൾ വിദ്യാർത്ഥിനി.

## ദിവ്യബോധനം

ദിവ്യബോധനം പഠന പദ്ധതിയുടെ 2009–2011–ാം ബാച്ചിന്റെ കോൺവൊക്കേഷൻ, 2011 ഫെബ്രുവരി മാസം 26–ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ പ. ബാവാ തിരുമേനിയുടെയും, പ്രസ്ഥാനം പ്രസിഡന്റ് അഭി. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തിരുമേനിയുടെയും, അഭിവന്ദ്യരായ മെത്രാപ്പോലീത്താമാരുടെയും സാന്നിധ്യത്തിൽ കോട്ടയം പഴയ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ 2009–2011–ാം ബാച്ചിൽ ദിവ്യബോധനം പഠനം പൂർത്തിയാക്കിയ ഏവർക്കും പ. ബാവാ തിരുമനസ്സ്കൊണ്ട് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

## നിയമിതരായി



ഫാ. അലക്സ് പി. സഖറിയ

പുനലൂർ കൊട്ടാരക്കര ഭദ്രാസന സെക്രട്ടറിയായി പറങ്കിമാമ്മൂട്ടിൽ അലക്സ് പി. സഖറിയ കത്തനാരെയും കൗൺസിൽ അംഗങ്ങളായി ഫാ. ഫിലിപ്പ് മാത്യു അമ്പലത്തുംകാലാ, ഫാ. സാജൻ തോമസ്, നെല്ലിക്കുന്നം, മാത്യു വർഗീസ്, കരിക്കം; സാബു ഡാനിയേൽ ഇടമൺ; എം. ഒ. മാത്യു, പുനലൂർ, ഒ. അച്ചൻകുഞ്ഞ്, പട്ടമല എന്നിവരെയും തെരഞ്ഞെടുത്തു.

## കോർ–എപ്പിസ്ക്കോപ്പാ സ്ഥാനം



ഫാ. ജോസഫ് സാമുവൽ കറുകയിൽ കോർ–എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. ഡിസംബർ 18–ന് തിരുവനന്തപുരം സെന്റ് ജോർജ് കത്തീഡ്രലിൽ നടന്ന ശുശ്രൂഷകൾക്ക് ഭദ്രാസനാധിപൻ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മികത്വം വഹിച്ചു. ഡോ. സഖറിയാ മാർ അപ്രേം മെത്രാപ്പോലീത്താ സഹ കാർമ്മികനായിരുന്നു.

## നിയമിതയായി



കേരളാ സ്റ്റേറ്റ് പൊലൂഷ്യൻ കൺട്രോൾ ബോർഡ് സെക്രട്ടറിയായി കൊല്ലം സെന്റ് തോമസ് കത്തീഡ്രൽ ഇടവകാംഗമായ ശ്രീമതി പി. മോളിക്കുട്ടി നിയമിതയായി. ചാർട്ടേർഡ് എൻജിനീയർ എ. തോമസാണ് ഭർത്താവ്.

## ഇടയാടി അച്ചന് യാത്രയയപ്പ് നൽകി



മലങ്കരസഭാ മാസികയെ ഒരു വ്യാഴവട്ടത്തിലേറെക്കാലം തന്റെ ഹൃദയത്തോട് ചേർത്ത് പിടിച്ച് അതിന്റെ വളർച്ചയുടെ വഴികൾക്ക് പാഥേയമായ ഇടയാടി അച്ചന് ദേവലോകം അരമനയിൽ പ്രസിഡന്റ് അഭി. സഖറിയാ മാർ അന്തോണിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം യാത്രയയപ്പ് നൽകി. അഭി. സഖറിയാ മാർ അപ്രേം (ചീഫ് എഡിറ്റർ), റവ. ഫാ. ഡോ. ടി. ജെ. ജോഷ്വാ, റവ. ഫാ. ഡോ. ജേക്കബ് കുര്യൻ എന്നിവർ ബഹു. അച്ചന്റെ പ്രവർത്തന വഴികളെ ആദരിക്കുകയും കർമ്മനിപുണതയെ ശ്ലാഘിക്കുകയും ചെയ്തു. മാനേജിംഗ് എഡിറ്റർ ഫാ. തോമസ് പി. മുകളിൽ, ഫാ. കെ. വി. തോമസ്, ഫാ. ഐസക് അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ, ശ്രീമതി മേരി കുര്യൻ, എന്നിവർ ആശംസകൾ അർപ്പിച്ചു. സഭാ മാസികയുടെ ഉപഹാരം പ്രസിഡന്റും ചീഫ് എഡിറ്ററും ചേർന്ന് അദ്ദേഹത്തിന് നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ സംഭാവനകൾ സുവർണ്ണശോഭയുടെ അനുസ്മരണങ്ങളും പ്രഥമഗണനീയവുമെന്ന് ഏവരും സ്മരിച്ചു.

## യുവജന പ്രസ്ഥാനം അഖില മലങ്കര പ്രസംഗമത്സരം

പ. വട്ടശ്ശേരിൽ തിരുമേനിയുടെ സഭാ ദർശനം എന്നതാണ് വിഷയം ആധാരമാക്കി ഫെബ്രു. 19 ശനിയാഴ്ച രാവിലെ 10.00 മുതൽ യുവജനപ്രസ്ഥാനം കേന്ദ്ര ഓഫീസിൽ വച്ച് പ്രസംഗമത്സരം 15നും 40 നും ഇടയ്ക്ക് പ്രായമുള്ള യുവതീയുവാക്കൾക്ക്, സമയം 10 മിനിറ്റായിരിക്കും. ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 5000, 2000 രൂപ ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകും. പങ്കെടുക്കുന്നവർ പേര്, ജനനത്തീയതി, മേൽവിലാസം, ഇടവക ഭദ്രാസനം, ഫോൺ, വികാരിയുടെ സാക്ഷ്യപത്രം എന്നിവ സഹിതം ഫെബ്രു. 16–നു മുമ്പ് ഫാ. സ്റ്റീഫൻ വർഗീസ്, ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് യൂത്ത് സെന്റർ, പഴയ സെമിനാരി, ചുങ്കം, കോട്ടയം–1 എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. indianocym@rediffmail.com, indianocym@gmail.com



കോട്ടയം:– മാർത്തോമ്മ സെമിനാരിയിൽ വച്ചു നടന്ന ഇന്റർ സെമിനാരി വോളിബോൾ മൽസരത്തിൽ ജേതാക്കളായ ഓർത്തഡോക്സ് വൈദീക സെമിനാരി വോളിബോൾ ടീം.

## ഓർമ്മപ്പെരുന്നാൾ

മലബാർ ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തായും സ്ലീബാ ദാസ സമൂഹ സ്ഥാപകനുമായ പുണ്യശ്ലോകനായ അഭി. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ 43–ാം ഓർമ്മപ്പെരുന്നാൾ അദ്ദേഹം കബറടങ്ങിയിരിക്കുന്ന കർമ്മേൽ ദയറായിൽ ജനുവരി 29 മുതൽ ഫെബ്രുവരി 2 വരെ നടത്തി.

അഭി. ഡോ. തോമസ് മാർ അത്താനാസിയോസ്, സഖറിയ മാർ അന്തോണിയോസ്, അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ്, അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്, ഡോ. സഖറിയാസ് മാർ അപ്രേം ഫാ. സജി അമയിൽ, ഫാ. റെജി തോമസ് പ്രസംഗിച്ചു. വെരി. റവ. ശെമവൂർ റമ്പാൻ, ബാബു പോൾ, ജോൺസൺ സഖറിയ എന്നിവർ നേതൃത്വം നൽകി.

V[th] Death Anniversary

(15-02-2011)



# SOSAMMA ZACHARIAH

**ASHA VIHAR,**

**PATTATHANAM, KOLLAM**

*Inserted By:-*

**P. A. ZACHARIAH** (Husband)

**BOKARO STEEL CITY,**

*Daughters* : Dr. Asha Ajith (KIMS Hosp. Tvm.)
Dr. Shyni Rony Alex (UK)

*Son in Laws* : Dr. Ajith Thomas (KIMS Hosp. Tvm.)
Dr. Roney Alex Cheriyan (UK)